# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 12, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--420]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | : 802 മുതൽ 929 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 930 മുതൽ 998 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 999 മുതൽ 1141 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 1142 മുതൽ 1221 വരെ |

**ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി**

802 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകും എന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭൂമി നൽകുന്നതിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

**കാസർഗോഡ് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ**

803 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ ഭൂരഹിതരായിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ഭവനരഹിതരായിട്ടുള്ള കുടുംബങ്ങളുടെയും എണ്ണം ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 2016 ജൂൺ മുതൽ നാളിതുവരെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്, ഭൂമി എന്നിവ അനുവദിച്ചത് സംബന്ധിച്ചുള്ള

വിവരങ്ങൾ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് ഭവന പദ്ധതി

804 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി തുടങ്ങിയതിനു ശേഷം നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വീടില്ലാത്ത എത്ര പേർക്ക് വീടും ഭൂമി ഇല്ലാത്ത എത്ര പേർക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ലൈഫ് ഭവന പദ്ധതി മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി വരുന്ന ധനസഹായം അപര്യാപ്തമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഭവന ധനസഹായം വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ സേഫ് പദ്ധതി

805 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഭൂരഹിതരും ഭവന രഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; ഇവർക്ക് ഭൂമിയും ഭവനവും ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സേഫ് പദ്ധതിയുടെ ഭാഗമായി മാവേലിക്കര മണ്ഡലത്തിൽ നിന്നും 2021 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ; നിലവിൽ പ്രസ്തുത ആനുകൂല്യത്തിന് അർഹത ലഭിച്ചവർക്ക് എത്ര ഗഡു ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും പദ്ധതിക്കായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം

806 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം പാറശ്ശാല മണ്ഡലത്തിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്ര പേർക്ക് ഭൂമി നൽകാൻ കഴിഞ്ഞു; പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങളിൽ നിർമ്മാണം ഭാഗികമായവയുടെ പൂർത്തീകരണം, ദുർബലമായവയുടെ നവീകരണം,

പഠന മുറികളുടെ നിർമ്മാണം എന്നിവക്കായി എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്രയെണ്ണം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**<u>കായംകുളം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കുള്ള ഭവന നിർമ്മാണം</u>**

807 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

**<u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണം</u>**

808 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് സ്ഥലം ലഭ്യമാക്കി വീട് നിർമ്മിച്ച് നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം നൽകാമോ;

(സി) 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതികളിലൂടെ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

**<u>ആദിവാസികൾ അടക്കമുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം</u>**

809 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ആദിവാസികൾ അടക്കമുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയെന്നും പ്രസ്തുത വിഭാഗങ്ങളിലെ ജനസംഖ്യ എത്രയെന്നും പുരുഷൻ/ സ്ത്രീ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ സ്വന്തമായി പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങളിലെ എത്ര കുടുംബങ്ങൾക്ക് മുൻ സർക്കാർ പാർപ്പിടം നിർമ്മിച്ചു നൽകിയെന്നും ഈ സർക്കാർ നാളിതുവരെ എത്ര കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിച്ചു നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗങ്ങളിലെ അവശേഷിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും പാർപ്പിടം നിർമ്മിച്ചു നൽകുന്നതിന് ആവശ്യമായ എന്തൊക്കെ നടപടികളാണ്

സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട്**

810 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി മുഖേന നാളിതുവരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി വഴി 2016-17 സാമ്പത്തിക വർഷം മുതൽ എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

**സേഫ് പദ്ധതി**

811 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നാളിതുവരെ എത്ര വീടുകൾ നവീകരിച്ച് നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും മുഴുവൻ അപേക്ഷകളിലും തീരുമാനമെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) സേഫ് പദ്ധതിയുടെ ധനസഹായ വിഹിതം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**മലപ്പുറം ജില്ലയിൽ പട്ടിക വിഭാഗക്കാർക്കുള്ള ഭൂമി വിതരണം**

812 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടിക വിഭാഗക്കാർക്കുള്ള രണ്ടാം ഘട്ട ഭൂമി വിതരണത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകരുടെ പേര്, വിലാസം, പഞ്ചായത്ത്, ഊര് എന്നിവ തിരിച്ചു വിശദമാക്കാമോ;

(ബി) നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസിന് മുമ്പിൽ ശ്രീമതി ബിന്ദു വൈലാശ്ശേരിയുടെ നേതൃത്വത്തിൽ നടത്തി വന്നിരുന്ന ഭൂസമരം ഒത്തുതീർപ്പാക്കുന്നതിന് രേഖാമൂലം വ്യവസ്ഥകൾ ഒപ്പുവെച്ചിട്ടുണ്ടോ; ഒത്തു തീർപ്പ് വ്യവസ്ഥ പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റ് ബിന്ദു വൈലാശേരി മലപ്പുറം ജില്ല കളക്ടർക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് നൽകാൻ മലപ്പുറം ജില്ലയിൽ സർക്കാരിന്റെ

കൈവശം ഇനി എത്ര ഭൂമി ഉണ്ടെന്ന് വില്ലേജ്, ഭൂമിയുടെ അളവ്, പ്ലോട്ടുകൾ എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾ

813 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹതിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വന്ന ശേഷം ഇവർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ 1997-ൽ കളക്ടറുടെ ഉത്തരവ് പ്രകാരം ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കായി വാങ്ങിയതും വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്നതുമായ 1.87 ഏക്കർ ഭൂമി ഉപയോഗയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആറളം ആദിവാസി പുനരധിവാസ മേഖലയിൽ പട്ടയം

814 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ആദിവാസി പുനരധിവാസ മേഖലയിൽ പട്ടയം നൽകിയിട്ടുള്ള സ്ഥലം ഉടമകളുടെ രേഖകൾ അസാധുവാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉടമകൾക്ക് അനുവദിച്ച സ്ഥലവും പട്ടയവും റദ്ദ് ചെയ്യുന്നതിന് എതിരെ എത്രപേർ പരാതികൾ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന് ഏതുതരത്തിലുള്ള പരിഹാരം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത മേഖലയിൽ പുതുതായി ഭൂമി നൽകുന്നതിന് അർഹതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം

815 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര കോളനികളെയാണ് അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്; ഓരോ കോളനിക്കും എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) ഈ കോളനികളുടെ നവീകരണം സംബന്ധിച്ച പുരോഗതി അവലോകനം

ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

**<u>കുന്ദമംഗലം മണ്ഡലത്തിലെ ഗോശാലിക്കുന്ന് കോളനി നവീകരണം</u>**

816 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്ദമംഗലം മണ്ഡലത്തിലെ ഗോശാലിക്കുന്ന് കോളനി നവീകരണത്തിന് ഭരണാനുമതി ലഭ്യമാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചത് ആരെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നത് വൈകുന്നതിന് ഇടയാക്കിയ കാരണമെന്താണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അനുമതിയ്ക്കായി ഡയറക്ടർക്ക് സമർപ്പിച്ചത് എന്നാണെന്നറിയിക്കാമോ;

(ഇ) അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതിൽ നിരന്തര കാലതാമസം വരുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

**<u>കുറ്റ്യാടി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനം</u>**

817 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം മുതൽ കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി കോളനികളുടെ വികസനത്തിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വേളം ഗ്രാമപഞ്ചായത്തിലെ ചോയി മഠം, കുളിക്കുന്ന് പട്ടികജാതി കോളനികൾ, ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാളാഞ്ഞി കുളങ്ങരത്ത് കോളനി എന്നിവയുടെ വികസനത്തിനായി അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

**<u>ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം</u>**

818 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറനാട് മണ്ഡലത്തിലെ

ആദിവാസി കോളനിയിലെ റോഡ്, വൈദ്യുതി എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചാലിയാർ പഞ്ചായത്തിലെ പാലക്കയം ആദിവാസി കോളനിയിലേക്കുള്ള റോഡ് നിർമ്മാണം മുടങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് ഫണ്ട് അനുവദിക്കാത്തത് മൂലം പ്രദേശവാസികൾ പുറം ലോകവുമായി ബന്ധപ്പെടാൻ വളരെയധികം പ്രയാസപ്പെടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ വർക്കിങ് കമ്മിറ്റി ശുപാർശ ചെയ്ത് എത്ര തവണ പട്ടികവർഗ്ഗ ഡയറക്ടറേറ്റിൽ എത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## <u>ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>

819 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയാണ്; പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവൃത്തികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>

820 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2022-23, 2023-24 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ പ്രവൃത്തികൾ അനുവദിച്ച പട്ടികജാതി കോളനികൾ ഏതൊക്കെ ആണെന്ന് വിശദമാക്കുമോ;

(ബി) ഓരോ കോളനിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ?

## <u>അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ നിർമ്മാണ പുരോഗതി</u>

821 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ,

പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ടനുവദിച്ച ആലപ്പുഴ ജില്ലയിലെ കോളനികളുടെ പട്ടിക മണ്ഡലം അടിസ്ഥാനത്തിൽ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ ഓരോന്നിന്റെയും നിർവ്വഹണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്; ഓരോ കോളനിയുടെയും നിർമ്മാണ പുരാഗതി അറിയിക്കാമോ; ശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ?

<u>**അരുവിക്കര മണ്ഡലത്തിലെ സെറ്റിൽമെന്റുകളുടെ നവീകരണ പ്രവർത്തനം**</u>

822 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച പൊടിയം, മൊട്ടമൂട് എന്നീ സെറ്റിൽമെന്റുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) കാലതാമസം കൂടാതെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>**കോന്നി മണ്ഡലത്തിലെ വിവിധ കോളനികളുടെ നിർമ്മാണ പുരോഗതി**</u>

823 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് പ്രവൃത്തി ആരംഭിച്ച കോന്നി മണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിലെ പാടം-ഇരുട്ടുതറ ലക്ഷംവീട് കോളനി, പ്രമാടം പഞ്ചായത്തിലെ കൈതക്കര പട്ടികവർഗ്ഗ കോളനി, അരുപാപുലം പഞ്ചായത്തിലെ കാട്ടാത്തി കോട്ടാംപാറ പട്ടിക വർഗ്ഗ കോളനി എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

<u>**അംബേദ്കർ ഗ്രാമ സമഗ്രവികസന പദ്ധതി**</u>

824 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ സമഗ്രവികസന പദ്ധതി പ്രകാരം ആറ്റിങ്ങൽ മണ്ഡലത്തിലെ ചാക്കുടി-കടമ്പ്രവാരം കോളനിയിൽ ആരംഭിച്ച പ്രവൃത്തി ഏത് ഘട്ടത്തിലാണ്; എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്; പൂർത്തീകരണത്തിന് എത്ര സമയം വേണ്ടിവരും; വിശദമാക്കാമോ?

<u>**വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ കൊളക്കോട് പട്ടികജാതി കോളനി**</u>

825 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ കൊളക്കോട് പട്ടികജാതി കോളനിയുടെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി</u>**

826 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയശേഷം ആലത്തൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി കോളനികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>പാർപ്പിട സൗകര്യമില്ലാത്ത ആദിവാസി കോളനികൾ</u>**

827 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ആദിവാസി കോളനികളിലാണ് മതിയായ പാർപ്പിട സൗകര്യമി ല്ലാത്തതെന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഈ കോളനികളിൽ മതിയായ പാർപ്പിട സൗകര്യം ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>കോളനികളുടെ നവീകരണ പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിന് നടപടി</u>**

828 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് അടിസ്ഥാനസൗകര്യം ലക്ഷ്യമിട്ടുള്ള കോളനി നവീകരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള നിർവഹണ ഏജൻസികൾ കാര്യക്ഷമമായും സമയബന്ധിതമായും പ്രവൃത്തികൾ

പൂർത്തീകരിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൂത്തുപറമ്പ് മണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിലെ അമ്മാറമ്പ് കോളനിയിലെ പ്രസ്തുത പദ്ധതിയെക്കുറിച്ച് ജില്ലാ വികസന സമിതിയിൽ പരാതികൾ ഉന്നയിക്കപ്പെട്ടിട്ടും കാര്യക്ഷമമായ നിലയിൽ പ്രവൃത്തികൾ പൂർത്തിയാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

**<u>അംബേദ്കർ ഗ്രാമം പദ്ധതി</u>**

829 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി മുഖേന കോളനികൾ നവീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ; ഈ കാലതാമസം ഒഴിവാക്കാനും പ്രവൃത്തികൾ അതാത് സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തികൾ എം.എൽ.എ. മാർ ആവശ്യപ്പെടുന്നത് പ്രകാരം ഗ്രാമ, ബ്ലോക്ക്, പഞ്ചായത്തുകളെ ഇംപ്ലിമെന്റിംഗ് ഏജൻസികളായി ചുമതലപ്പെടുത്താമോ?

**<u>പീച്ചിങ്ങച്ചിറ കോളനിയിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>**

830 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2022-23-ലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ സി.ആർ.എൽ.-പീച്ചിങ്ങച്ചിറ കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനിയിൽ എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>കൊണ്ടോട്ടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ</u>**

831 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മുതുവല്ലൂർ, വാഴക്കാട്, ചീക്കോട് പഞ്ചായത്തുകളിൽ ഏതെല്ലാം കോളനികളുടെ

നവീകരണത്തിനാണ് അനുമതി ലഭിച്ചതെന്നും ഇതിന്റെ ഭരണാനുമതി അടക്കമുള്ള ഇപ്പോഴത്തെ പ്രവർത്തന പുരോഗതി സംബന്ധിച്ചും വിശദാംശം ലഭ്യമാക്കുമോ?

**അംബേദ്കർ ഗ്രാമ പദ്ധതിയുടെ നിർവഹണം**

832 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ പദ്ധതിയുടെ നിർവഹണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ് വിഭാഗത്തെയും ചുമതലപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ തീരുമാനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര അംബേദ്കർ ഗ്രാമം പദ്ധതികളുടെ നിർവഹണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുത്തിട്ടുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറിംഗ് വിഭാഗം അംബേദ്കർ ഗ്രാമം പദ്ധതി ഏറ്റെടുക്കാൻ വിമുഖത അറിയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ?

**മൂലേക്കുഴി കോളനിയിലെ റോഡ് നിർമ്മാണം**

833 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2020-21-ലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മൂലേക്കുഴി കോളനിയിലെ റോഡ് നിർമ്മാണത്തിനായി ഗ്രാമവാസികളിൽ നിന്ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനിയിൽ എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**അംബേദ്കർ ഗ്രാമം പദ്ധതി വേഗത്തിലാക്കാൻ നടപടി**

834 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ കഴിഞ്ഞ 5 വർഷമായി എത്ര പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പങ്കിമല, കുമാരപുരം എസ്.സി. കോളനികളിലെ അംബേദ്കർ ഗ്രാമം പദ്ധതി

വേഗത്തിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

**ഗുരുവായൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

835 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗുരുവായൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം എത്ര കോളനികളുടെ നവീകരണത്തിന് തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ?

**അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി കോളനികളിലെ പ്രവൃത്തികൾ**

836 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി കോളനികളിൽ നിലവിൽ പ്രവൃത്തി പൂർത്തിയായവ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ പേരാമ്പ്ര മണ്ഡലത്തിൽ പ്രസ്തുത പദ്ധതിക്കായി ചിലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൻകീഴിൽ പേരാമ്പ്ര മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

**ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

837 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയാണ്; പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) പൂർത്തിയാകാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**നവോത്ഥാ കോളനി നവീകരണം**

838 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം

മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കായക്കൊടി ഗ്രാമ പഞ്ചായത്തിലെ നവോത്ഥാ എസ്.സി. കോളനി നവീകരണത്തിന് വകുപ്പ് അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തി ആരംഭിക്കാൻ സാങ്കേതിക തടസ്സമുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## അടുപ്പിൽ കോളനി നവീകരണം

839 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ അടുപ്പിൽ കോളനി (എസ് .റ്റി.) നവീകരണത്തിന് വകുപ്പ് അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ ?

## ചിറ്റാരി കണ്ടി വാതുക്കൽ റോഡ് നിർമ്മാണം

840 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മലയോര മേഖലയായ വാണിമേൽ -ചെക്ക്യാട് ഗ്രാമപഞ്ചായത്തിലെ എസ്.റ്റി.കോളനിയിലേക്കുള്ള ചിറ്റാരി കണ്ടി വാതുക്കൽ റോഡ് പണി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കോളനി നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്ഉത റോഡ് പുന:സ്ഥാപിക്കാൻ എന്ന് ഫണ്ട് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

## കുവ്വപ്പാറ എസ്.സി. കോളനി അംബേദ്കർ ഗ്രാമ പദ്ധതി

841 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയ കാരശ്ശേരി പഞ്ചായത്തിലെ കുവ്വപ്പാറ എസ്.സി. കോളനിയിലെ പ്രവൃത്തികൾ ഇനിയും ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിനും ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മലപ്പുറം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

842 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി വഴിയുള്ള കോളനി നവീകരണ പ്രവർത്തികളുടെ പുരോഗതികൾ വെളിപ്പെടുത്തുമോ; വിശദാംശം നൽകാമോ;

(ബി) ചെറുപറമ്പ്, മലയത്തൊടി കോളനികളുടെ നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ് ;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## വണ്ടൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

843 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിലെ ഏതെല്ലാം കോളനികൾക്കാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത കോളനികൾക്ക് അനുവദിച്ച തുക തരംതിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത കോളനികളുടെ പ്രവർത്തന പുരോഗതി എന്താണെന്ന് വിശദമാക്കാമോ?

## മുണ്ടയോട് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ

844 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിൽ മുണ്ടയോട് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം ഒരു കോടി രൂപ റോഡുകളുടെ കോൺക്രീറ്റ് പ്രവൃത്തിക്ക് അനുവദിച്ചിട്ടുണ്ടോ വിശദമാക്കുമോ;

(ബി) ഊരുകൂട്ടത്തിന്റെയും നാട്ടുകാരുടെയും നിരന്തര ആവശ്യത്തെതുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് നിർമ്മിതി കേന്ദ്രം മുഖേന ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെങ്കിലും നോൺ പി.എം.സി വ്യവസ്ഥ പ്രകാരം നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിർമ്മിതി കേന്ദ്രത്തിന് പ്രത്യേക അനുമതി നൽകിയോ അല്ലെങ്കിൽ മറ്റ് നടപടികളിലൂടെയോ മുണ്ടയോട് - കടവിൽ റോഡ് കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

## അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

845 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ അരൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം അനുവദിച്ച കോളനികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ പ്രവൃത്തികൾ നടത്തുന്ന ഏജൻസികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കോളനികളിലെ പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് വ്യക്തമാക്കാമോ; പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) 2023-ൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ ചുടുകാട്ടുപുരം കോളനിയുടെ നിർമ്മാണ ചുമതല സിൽക്ക് കണ്ണൂർ എന്ന സ്ഥാപനത്തെ ഏല്പിക്കണമെന്ന നിർദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## മാനന്തവാടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

846 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികവർഗ്ഗ സങ്കേതങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) ഓരോ പദ്ധതിയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## കാട്ടുവയൽ, ഗാന്ധി കോളനി എന്നിവ നവീകരണം

847 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ കാട്ടുവയൽ, ഗാന്ധി കോളനി എന്നിവ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഒന്നിച്ച് താമസിക്കുന്ന ഇരുപത്തിയഞ്ച് കുടുംബങ്ങളിൽ കുറവുള്ള പട്ടികജാതി കോളനികളുടെ വികസനത്തിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കണ്ണമ്പ്ര കൊന്നഞ്ചേരി കിഴക്കുമുറി പട്ടികജാതി കോളനിയുടെ പ്രവൃത്തി

848 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ,

പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണമ്പ്ര കൊന്നഞ്ചേരി കിഴക്കുമുറി പട്ടികജാതി കോളനിയുടെ പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**വനാവകാശരേഖ**

849 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശരേഖ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അരുവിക്കര മണ്ഡലത്തിൽ നിന്നുള്ള അപേക്ഷകളിൽ തീർപ്പാകാതെ ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകളിൻമേൽ എടുത്ത തീർപ്പാക്കൽ നടപടികളുടെ വിശദാംശങ്ങളും പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്**

850 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നല്കുന്ന ലംപ്സം ഗ്രാന്റിന്റെ അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മാനദണ്ഡങ്ങൾ നിർണ്ണയിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്ലസ് ടു, കോളേജ് വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളിൽ മെരിറ്റിൽ അഡ്മിഷൻ ലഭിച്ചവർക്ക് മാത്രമായി പ്രസ്തുത ഗ്രാന്റ് നല്കുന്നത് നിജപ്പെടുത്തിയിട്ടുണ്ടോ;

(ഡി) മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിച്ച ഈ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നിലവിൽ ലംപ്സം ഗ്രാൻറ് നല്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അഡ്മിഷന്റെ രീതി മാനദണ്ഡമാക്കാതെ പ്രസ്തുത വിഭാഗങ്ങളിലെ എല്ലാ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാൻറ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**മെഡിക്കൽ കോളേജുകളിലെ പട്ടികവിഭാഗം വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച്**

851 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രത്യേക കേന്ദ്ര സഹായ ഫണ്ട് വിനിയോഗിച്ച് 1987 ൽ ആരംഭിച്ച പ്രിയദർശിനി പാരാമെഡിക്കൽ സയൻസ് സെന്ററിൽ ഇപ്പോൾ വിവിധ കോഴ്സുകളിലായി ആകെ എത്ര വിദ്യാർത്ഥികൾക്കാണ് ഓരോ വർഷവും പ്രവേശനം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്കാണ് പ്രവേശനം അനുവദിച്ചു വരുന്നത്; വ്യക്തമാക്കാമോ;

(സി) ഇതേ രീതിയിൽ മറ്റ് ജില്ലകളിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ,എന്നുമുതൽ പട്ടിക വിഭാഗങ്ങൾക്കായി ഇത്തരം കോഴ്സുകൾ നടത്തി വരുന്നുവെന്നും,അവിടെയെല്ലാം നഴ്സിംഗ് ഉൾപ്പെടെയുള്ള പാരാമെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം നൽകുന്ന വിദ്യാർത്ഥികളുടെ എണ്ണവും വ്യക്തമാക്കാമോ?

## <u>പട്ടികവിഭാഗം വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവന വേതന വ്യവസ്ഥകൾ</u>

852 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗം വിദ്യാർത്ഥികൾക്കായി ആരംഭിച്ച പ്രിയദർശിനി പാരാമെഡിക്കൽ സെന്റർ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിലെ അദ്ധ്യാപകർ, മറ്റു സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സ്വീകരിച്ച തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>എസ്.സി, എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സിവിൽ സർവ്വീസ് പരിശീലനം</u>

853 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി, എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സിവിൽ സർവ്വീസ് പരിശീലനത്തിന് നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്താമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേരളത്തിൽ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

## <u>സാമൂഹ്യ പഠന മുറികൾ</u>

854 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ പഠന മുറി സൗകര്യങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾക്കുള്ള ചെലവിനുള്ള തുക മാറി ലഭിക്കാത്ത എത്ര സാമൂഹ്യ പഠന മുറികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എത്ര പഠന മുറികളിൽ കമ്പ്യൂട്ടർ,

ടെലിവിഷൻ എന്നിവ പ്രവർത്തനരഹിതമാണെന്ന് വ്യക്തമാക്കുമോ;

(സി) പഠന മുറികളുടെ പ്രവർത്തനം എല്ലാ മാസവും സർക്കാർ തലത്തിൽ വിലയിരുത്തുന്ന കാര്യം പരിഗണിക്കുമോ?

**പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

855 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ ട്രെയിനിംഗ് പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ട്രെയിനിംഗ് സെന്ററിന് അനുവദിച്ച കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ്**

856 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് നൽകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നാളിതുവരെ എത്ര വിദ്യാർത്ഥികൾക്ക് എത്ര തുക ഇ-ഗ്രാന്റ്സ് ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇ-ഗ്രാന്റ്സ് അവസാനമായി വിതരണം ചെയ്തത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇ-ഗ്രാന്റ്സ് കാലതാമസം കൂടാതെ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ**

857 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാബു വിജയനാഥ് കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാകാലം പരിഷ്കരിച്ച് നൽകിവരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷന്റെ ശിപാർശ പ്രകാരം ഏത് കാലയളവിലാണ് ഏറ്റവും ഒടുവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ പരിഷ്കരിച്ച് ഉത്തരവിറക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സ്വാശ്രയ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട, സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകളിൽ പ്രവേശനം നേടുന്നവർക്കും ഇതരസംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവർക്കും ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വിഭാഗത്തിൽപ്പെട്ട, വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

## ഇ-ഗ്രാന്റ്സ് കുടിശിക

858 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗ്രാന്റ്സ് വിതരണത്തിൽ നിലവിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ഗ്രാന്റ്സ് വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

859 **ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ പുതുതലമുറയുടെ പുരോഗതി വിദ്യാഭ്യാസ വ്യാപനത്തിലൂടെ സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) മുൻ വർഷങ്ങളിൽ പഠനം പൂർത്തീകരിച്ചിട്ടും പരീക്ഷ എഴുതാൻ കഴിയാതെ സ്കൂൾ വിട്ടുപോയിട്ടുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഓരോ വർഷവും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും സ്കൂളിൽ ചേരേണ്ട കുട്ടികളുടെ വിവരം ഊര്, സെറ്റിൽമെന്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിലും തിരികെ വീട്ടിലും എത്തിക്കാൻ വേണ്ടി ആരംഭിച്ച 'വിദ്യാവാഹിനി പദ്ധതി' കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വകുപ്പ്

സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>**പട്ടികജാതി പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് പ്രവേശന പരീക്ഷാ പരിശീലനം**</u>

860 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ പട്ടികജാതി,പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് നീറ്റ് പോലുള്ള പ്രവേശന പരീക്ഷാ പരിശീലനങ്ങൾ നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ദൂരസ്ഥലങ്ങളിലെ എൻട്രൻസ് പരിശീലന കേന്ദ്രങ്ങളിൽ പഠിക്കുന്ന ഈ വിദ്യാർഥികൾക്ക് കൊടുങ്ങല്ലൂർ പോലുള്ള തൊട്ടടുത്ത പ്രദേശങ്ങളിലെ പ്രവേശന പരീക്ഷാ പരിശീലന കേന്ദ്രങ്ങളിൽ പരിശീലന സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**</u>

861 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഏതൊക്കെയാണെന്നും അവയിൽ ഓരോന്നിലും എത്ര വിദ്യാർത്ഥികൾ വീതം ഉണ്ടെന്നും അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് പുതുതായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിന് പദ്ധതികൾ**</u>

862 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിന് പുതിയ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**</u>

863 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ,

പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗ വിദ്യാർത്ഥികൾ പഠനം പർത്തിയാക്കുന്നതിന് മുമ്പ് സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ് പോകുന്നത് പൂർണ്ണമായും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൊഴിഞ്ഞു പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർപഠനം നടത്തുന്നതിന് പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ആദിവാസി വിഭാഗത്തിലെ വിദ്യാർത്ഥികൾ കൂടുതലുള്ള സ്കൂളുകളിൽ പ്രത്യേക പഠന പരിപോഷണ പരിപാടികൾ സംഘടിപ്പിച്ച് പഠന നിലവാരം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## <u>പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നടപടി</u>

864 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠശാലകളിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പ്രസ്തുത വിദ്യാർത്ഥികളുടെ വീടുകൾ തോറും സന്ദർശനം നടത്തി വിവര ശേഖരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോങ്ങാട് മണ്ഡലത്തിലെ കരിമ്പ, കാഞ്ഞിരപ്പുഴ, തച്ചമ്പാറ തുടങ്ങിയ പഞ്ചായത്തുകളിലെ ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ ഭവന സന്ദർശനം നടത്തി വിവരം ശേഖരിക്കുന്നതിനും അവർക്ക് വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

## <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള ഐ.ടി.ഐ. കളുടെ വികസനം</u>

865 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള ഐ.ടി.ഐ. കളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി കാലാനുസൃതമായി പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ബി) ചിറയിൻകീഴ് മണ്ഡലത്തിലെ കോരാണി ഇടയ്ക്കോട് ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടിയിലെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## <u>മാടായി വെങ്ങര ഐ.ടി.ഐ. യിൽ പുതിയ കോഴ്സുകൾ</u>

866 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മാടായി വെങ്ങര ഐ.ടി.ഐ. യിൽ പൂർത്തിയായ പുതിയ കെട്ടിടത്തിൽ ഫിറ്റർ, ഇലക്ട്രീഷ്യൻ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കോതമംഗലം മണ്ഡലത്തിൽ പ്രീമെട്രിക് ഹോസ്റ്റലുകൾ

867 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്തും പിണവൂർകുടിയിലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) രണ്ട് ഹോസ്റ്റലുകളുടെയും നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## അഴീക്കോട് പ്രീ-മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം

868 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ അനുവദിച്ചിട്ടുള്ള, അഴീക്കോട് പ്രീ-മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പുതിയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് എസ്.സി. ഡെവലപ്മെന്റ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ടോ; ലഭിച്ചതിനുശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പൂച്ചെടിവിളയിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ സീറ്റ് വർദ്ധിപ്പിക്കുന്നതിന് നടപടി

869 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം പൂച്ചെടിവിളയിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഗേൾസ് ഹോസ്റ്റലിൽ അപേക്ഷകരുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോസ്റ്റലിൽ അഡ്മിഷൻ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സമഗ്രവികസനം

870 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും വിദേശത്തുൾപ്പെടെ ഉയർന്ന തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുവെന്ന് വിശദമാക്കാമോ;

(ബി) എയിഡഡ് വിദ്യാഭ്യാസ മേഖലകളിലെ തൊഴിലുകളിൽ പട്ടികജാതി - പട്ടിക ഗോത്ര വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സ്ഥിര വരുമാനമുള്ള തൊഴിൽ ലഭ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി- പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനും ക്ഷേമത്തിനുമായി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പദ്ധതികൾ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച് വ്യക്തമാക്കാമോ?

## ഉന്നതി സ്റ്റാർട്ട് അപ്പ് മിഷൻ

871 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച ഉന്നതി സ്റ്റാർട്ട് അപ്പ് മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും, തൊഴിൽ ദാതാക്കളുമാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള കേരള എംപവർമെന്റ് സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) നൈപുണ്യ വികസനം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ നോളജ് ഇക്കണോമി മിഷനുമായി സഹകരിച്ചുകൊണ്ട് കേരള എംപവർമെന്റ് സൊസൈറ്റിക്ക് എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ വകുപ്പുകളുടെ പിന്തുണയോടുകൂടി , പൊതുകമ്പോളത്തിലെ ഏജൻസികളുമായി മൽസരിക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീയുവാക്കളെ പ്രാപ്തരാക്കുവാൻ സൊസൈറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ സംവരണതത്വം

872 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ ദിവസ വേതന/ കരാർ അടിസ്ഥാനത്തിൽ ഉൾപ്പെടെ നടക്കുന്ന നിയമനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ സംവരണതത്വം പാലിക്കപ്പെടുന്നുവെന്ന് വകുപ്പ് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച ഫണ്ടുകളുടെ വിവരങ്ങൾ</u>**

873 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച എസ്.സി, എസ്.റ്റി., കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**<u>പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

874 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പാറശ്ശാല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016 മുതൽ പാറശ്ശാല മണ്ഡലത്തിലെ വിവിധ കോളനികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ?

**<u>കോട്ടക്കൽ മണ്ഡലത്തിൽ അനുവദിച്ച എസ്.സി.,എസ്.ടി. കോർപ്പസ് ഫണ്ടുകൾ</u>**

875 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കോട്ടക്കൽ മണ്ഡലത്തിൽ അനുവദിച്ച എസ്.സി.,എസ്.ടി. കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങൾ നഗരസഭ, പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഓരോ പ്രവൃത്തിയുടെയും പേരും

അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം

876 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി കോളനികളുടെ വികസനത്തിനായി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

## എറണാകുളം ജില്ലയിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

877 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ എറണാകുളം ജില്ലയിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് നിയോജകമണ്ഡല അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പണി പൂർത്തീകരിച്ചവയും പൂർത്തീകരിക്കാനുള്ളവയും ഏതെല്ലാമെന്നും ഇതിനായി അനുവദിച്ച തുക എത്രയെന്നും വർഷം തിരിച്ച് വിശദമാക്കാമോ;

(സി) വേലിയേറ്റ സമയത്ത് വീടുകളിൽ വെള്ളം കയറുന്ന വൈപ്പിൻകരയിലെ പട്ടികജാതി കുടുംബങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കോർപ്പസ് ഫണ്ട് അനുവദിക്കുമ്പോൾ പ്രത്യേക പരിഗണന നൽകുമോ;

(ഡി) ഈ സാമ്പത്തിക വർഷം ഫണ്ട് അനുവദിക്കുന്നതിനായി വൈപ്പിൻ,ഇടപ്പള്ളി ബ്ലോക്കുകളിൽ നിന്നും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ ?

## പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായ പദ്ധതികൾ.

878 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ 2022-23,2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലും 2024 ഏപ്രിൽ മാസം മുതൽ നാളിതുവരെയും വകുപ്പ് മന്ത്രിയുടെ ചികിത്സാ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർ ധനസഹായത്തിന് അർഹരായിട്ടുണ്ടെന്നും എത്രപേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കാമോ;

(ബി) കുടുംബത്തിന്റെ ഏക വരുമാന ദാതാവ് മരണപ്പെട്ട് നിരാശ്രയമായ പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് ആശ്വാസ ധനസഹായമായി നിലവിൽ എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി ഈ സർക്കാറിന്റെ

കാലത്ത് നാളിതുവരെ ചാത്തന്നൂർ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്രപേർക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്; ഇനി ധനസഹായം ലഭിക്കാനുള്ളവർ എത്ര; അവരുടെ പേര് വിവരങ്ങൾ എന്തെല്ലാം; എന്നിവ വിശദമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ രണ്ട് ധനസഹായ പദ്ധതികളിൽ നിന്നും ധനസഹായം ലഭിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയ പദ്ധതികൾ

879 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യവകുപ്പിന്റെ അനുമതിയില്ലാതിരുന്നിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ,പ്രവർത്തനങ്ങൾ,തീരുമാനങ്ങൾ ഇവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റീമാർക്ക്സ് എന്തായിരുന്നു;ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കുന്നു;വിശദാംശം നൽകാമോ?

## പദ്ധതികളിലെ ക്രമക്കേടുകൾ

880 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ക്രമക്കേടുകൾ കണ്ടെത്തിയ എത്ര സംഭവങ്ങൾ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ക്രമക്കേടുകളുടെ വിശദാംശം കണ്ടെത്തിയ ഏജൻസി ഏതെന്നും ഈ കാര്യത്തിൽ വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ എന്തെന്നും വ്യക്തമാക്കുമോ?

## പെസ നിയമം നടപ്പാക്കുന്നതിന് നടപടി

881 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 ൽ പാർലമെന്റ് പാസാക്കിയ പെസ നിയമം (Provisions of the Pachayats (Extension to the Scheduled Areas) Act) കേരളത്തിൽ നടപ്പാക്കാൻ

തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ കാരണം അറിയിക്കുമോ;

(ബി) 2016-21, 2021-2026 സർക്കാരുകൾ പ്രസ്തുത നിയമം നടപ്പാക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## വിദ്യാവാഹിനി പദ്ധതി

882 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാവാഹിനി പദ്ധതി മുഖേന നാളിതുവരെ എത്ര രൂപ അനുവദിക്കാനുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ തുക അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വാത്സല്യനിധി ഇൻഷുറൻസ് പദ്ധതി

883 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ വാത്സല്യനിധി ഇൻഷുറൻസ് പദ്ധതിയിൽ അപേക്ഷ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) വാത്സല്യനിധി പദ്ധതി മുടങ്ങിക്കിടക്കുന്നതു മൂലം ഈ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് പ്രസ്തുത പദ്ധതിയിൽ നിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങളും രക്ഷിതാവ് മരിച്ചാലുള്ള ഇൻഷുറൻസ് പരിരക്ഷയും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഇൻഷുറൻസ് പദ്ധതിക്ക് പ്രചരണം കുറവായതിനാലാണ് അപേക്ഷകളുടെ എണ്ണം വർദ്ധിക്കാത്തത് എന്നതിനാൽ ഈ ന്യൂനത പരിഹരിച്ച് പദ്ധതി കാര്യക്ഷമതയോടെ നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(എഫ്) എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതിയുടെ പ്രചരണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക

884 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നതിന്റെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) എത്ര അപേക്ഷകളിന്മേൽ ഇനി തീർപ്പുകൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ ഭൂരഹിതരായ പട്ടിക വിഭാഗക്കാർ

885 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിൽ ഭൂരഹിതരായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ ഭൂമിയുള്ളതും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ;

(സി) 2016 മുതൽ നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലയളവിൽ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

886 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഡി.ആർ.എഫ്.) നിന്ന് വാമനപുരം മണ്ഡലത്തിലെ വാമനപുരം, നെടുമങ്ങാട് ബ്ലോക്കുകളിലുൾപ്പെടുന്ന 9 പഞ്ചായത്തുകളിൽ നാളിതുവരെ നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങൾ, എണ്ണം, തുക എന്നിവ പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) എത്ര അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ടെന്ന വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക

887 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ ചെലവഴിച്ചു; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കൊയിലാണ്ടി മണ്ഡലത്തിലെ അപേക്ഷകർക്ക് എത്ര രൂപ അനുവദിച്ചു;

(സി) പഞ്ചായത്തടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

**കണ്ണമ്പ്ര ക്രാഫ്റ്റ് വില്ലേജിനായി സ്ഥലം ഏറ്റെടുക്കൽ നടപടി**

888 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമ്പ്ര ക്രാഫ്റ്റ് വില്ലേജിനായുള്ള സ്ഥലമേറ്റെടുപ്പിന് ആവശ്യമായ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

**ഏക വരുമാന ദായകൻ മരണപ്പെട്ട കുടുംബത്തിനുള്ള സഹായധനം**

889 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപെട്ട ഏക വരുമാന ദായകൻ മരണപ്പെട്ടാൽ കുടുംബത്തിന് സർക്കാർ സഹായധനമായി എത്ര രൂപയാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ ഏത് തീയതി വരെ അനുവദിച്ച തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കുടിശ്ശികയുള്ള തുക എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

**പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായുള്ള പ്രത്യേക കേന്ദ്ര പദ്ധതി**

890 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായുള്ള പ്രത്യേക കേന്ദ്ര പദ്ധതി പുനർനാമകരണം ചെയ്തതിന്റെ ഫലമായി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സഹായം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകാമോ ;

(ബി) ഈ പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**അംബേദ്കർ ഗ്രാമം പദ്ധതി**

891 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം എന്നീ പദ്ധതികളുടെ നിർവഹണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് ഇറങ്ങുന്നതിന് മുമ്പ് ഭരണാനുമതി ലഭിക്കുകയും എന്നാൽ

എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കാത്തതുമായ പദ്ധതികളുടെ നിർവഹണം നേരത്തെയുള്ള ഏജൻസികളിൽ നിന്ന് മാറ്റി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

**<u>പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ</u>**

892 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വികസന വകുപ്പ് എന്തെല്ലാം വ്യക്തിഗത ആനുകൂല്യങ്ങൾക്ക് വേണ്ടി പണം അനുവദിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് നിർത്തിവെച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദിച്ച ചികിത്സാ ധനസഹായത്തിന്റെ ജില്ലാ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കേന്ദ്ര സഹായമുള്ള ആനുകൂല്യങ്ങൾ</u>**

893 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി കൊണ്ടിരിക്കുന്ന ഏതൊക്കെ ആനുകൂല്യങ്ങൾക്കാണ് കേന്ദ്ര സഹായമുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെങ്കിലും ആനുകൂല്യങ്ങൾക്ക് 2016-നു ശേഷം കേന്ദ്രസഹായം നിർത്തലാക്കുകയോ കുടിശ്ശിക വരുത്തുകയോ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികളിൽ കേന്ദ്രസഹായത്തിൽ വന്ന കുറവു കാരണം ഏതെങ്കിലും പദ്ധതി മുടങ്ങി പോവുകയോ നിർത്തലാക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>പദ്ധതി ചെലവുകൾക്കായി ബജറ്റിൽ നീക്കിവച്ച തുക</u>**

894 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിലെ പദ്ധതി ചെലവുകൾക്കായി നീക്കിവച്ചിരുന്ന തുക എത്രയാണെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദാംശം നൽകുമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾക്കുള്ള ബജറ്റ് വിഹിതം</u>**

895 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 -24 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് വേണ്ടി ഉൾക്കൊള്ളിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം സംബന്ധിച്ച വിശദാംശം നൽകുമോ; പ്രസ്തുത ഫണ്ടിന്റെ എത്ര ശതമാനം തുക വിനിയോഗിച്ചിട്ടുണ്ട്; ഇത് ഏതെല്ലാം മേഖലയിലാണ് എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾക്ക് ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ലഭ്യമായിട്ടുള്ളത്; പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം നൽകുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ സേഫ് പദ്ധതി

896 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ സേഫ് പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ പേര് വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഭവന നിർമ്മാണം സംബന്ധിച്ച പുരോഗതി അറിയിക്കാമോ?

## പുനലൂർ മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ ഭൂരഹിതർ

897 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുനലൂർ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ ഭൂരഹിതർ എത്രയുണ്ടെന്ന വിവരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭൂരഹിതരുടെ പേരുവിവരം, മേൽവിലാസം എന്നിവ ലഭ്യമാക്കാമോ;

(സി) മണ്ഡലത്തിൽ പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗങ്ങളിൽ എത്ര ഭവന രഹിതരുണ്ടെന്ന കണക്കുകൾ ലഭ്യമാക്കാമോ; അവരുടെ പട്ടിക പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

## മണിമലയിൽ കരിയർ ഡവലപ്‌മെന്റ് സെന്റർ കം പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

898 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി കരിയർ ഡവലപ്‌മെന്റ് സെന്റർ കം പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും ആധുനിക നിലവാരത്തിൽ ഒരു

ഓഡിറ്റോറിയവും ഒരു കളിസ്ഥലവും നിർമ്മിക്കുന്നത് സംബന്ധിച്ച് എം.എൽ.എ. നല്കിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ധാരാളമായി താമസിക്കുന്നതും നിർദ്ദിഷ്ട ശബരിമല എയർപോർട്ടിന് വളരെ അടുത്തുള്ളതും ആയ വകുപ്പിന്റെ സ്വന്തം സ്ഥലം എന്നത് കണക്കിലെടുത്ത് പ്രത്യേക പരിഗണന നല്കി പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ നടപടികൾ ത്വരിതപ്പെടുത്താമോ?

## <u>കടൽകണ്ടം പാലത്തിന്റെ നിർമ്മാണ പുരോഗതി</u>

899 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന കടൽകണ്ടം പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത പാലം എന്നത്തേക്ക് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>കോങ്ങാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വികസന വകുപ്പ് പദ്ധതികൾ</u>

900 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വികസന വകുപ്പ് നടത്തി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച വിവരവും വ്യക്തമാക്കാമോ?

## <u>വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് നിർമ്മാണം</u>

901 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>കാസർഗോഡ് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ പ്രവൃത്തികൾ</u>

902 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2011 മുതൽ നാളിതുവരെ

നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും അവയുടെ തുക എത്രയാണെന്നും പദ്ധതി, കോളനി എന്നിവ തരംതിരിച്ച് വിശദമാക്കാമോ;

(സി) ഇതിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതും പ്രവൃത്തി ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതികൾ പൂർത്തീകരിക്കാത്തതിന്റെയും പ്രവൃത്തി ആരംഭിക്കാത്തതിന്റെയും കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പൂർത്തീകരിച്ച പദ്ധതികളിൽ എസ്റ്റിമേറ്റിൽ പറഞ്ഞ പ്രവൃത്തികളെല്ലാം ചെയ്തിട്ടുണ്ടോ എന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(എഫ്) പ്രവൃത്തികളുടെ കരാറുകാർ ആരൊക്കെയാണെന്നും അവർക്ക് നൽകാനുള്ള തുക നൽകിയോ എന്നും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

903 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ ട്രൈബൽ സെറ്റിൽമെന്റുകളിലേക്കുള്ള റോഡുകളിൽ പുനരുദ്ധാരണം നടത്തേണ്ട റോഡുകളുടെ പേര് വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

(ബി) ഓരോ റോഡുകളുടെയും പുനരുദ്ധാരണത്തിനായി വേണ്ടിവരുന്ന തുക, റോഡിന്റെ നീളം എന്നിവ സംബന്ധിച്ച വിവരങ്ങളും നൽകാമോ?

## കാവശ്ശേരി കെൽപാം മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം

904 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ കെൽപാം മോഡേൺ റൈസ് മില്ലിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാനാകും; വ്യക്തമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് ബഡ്ജറ്റ് ശീർഷക ത്തിൽ അനുവദിച്ച തുക

905 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

## പാലക്കാട് മെഡിക്കൽ കോളേജിലെ ഫണ്ട് വിനിയോഗം

906 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പാലക്കാട് ആരംഭിച്ച മെഡിക്കൽ കോളേജിൽ 31.03.2024 വരെ ആകെ എത്ര കോടി രൂപ സർക്കാർ ചെലവഴിച്ചെന്നും ഇതിൽ എത്ര കോടി രൂപ പട്ടികജാതിക്കാർക്ക് നീക്കിവെച്ച പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ജീവനക്കാരുടെ ശമ്പളം, അലവൻസ് എന്നീ ഇനങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുക വ്യക്തമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ വികസനം

907 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ കോളനി, തുമരംപാറ പട്ടികവർഗ്ഗ കോളനി എന്നീ കോളനികളിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

908 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ

909 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയെ സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കാമോ;

(ബി) സേഫ് പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന

പുനരുദ്ധാരണത്തിനായി ആലപ്പുഴ മണ്ഡലത്തിൽ എത്ര പേർക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(സി) പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ഫണ്ടുകൾ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമാക്കിയ സാഹചര്യത്തിൽ അർഹരായവർക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സമയബന്ധിതമായി ഫണ്ട് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**അട്ടപ്പാടി മേഖലയിൽ അരിവാൾ രോഗപരിശോധന നടത്തുന്നതിന് നടപടി**

910 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ ആദിവാസി ഊരുകളിൽ ഗതാഗത സംവിധാനങ്ങൾ കുറവായതിനാൽ അരിവാൾ രോഗപരിശോധന നടക്കുന്നില്ലെന്നും തന്മൂലം രോഗികൾ മരണപ്പെടുന്നതും വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ആദിവാസി മേഖലയിൽ എത്രപേർ അരിവാൾ രോഗം മൂലം മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ; രോഗം മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ചികിത്സാ ധനസഹായം**

911 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

**പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി വൈദ്യുതി നൽകാൻ നടപടി**

912 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുന്ന പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

913 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ അട്ടപ്പാടിയിൽ എത്ര ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഓരോന്നിലും മരണകാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ശിശു മരണങ്ങൾ ഒഴിവാക്കുന്നതിന് വകുപ്പ് പ്രസ്തുത കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ

914 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്; പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഓഫീസുകൾ ഏതൊക്കെ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്; എല്ലാ ജില്ലകളിലും ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

## പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവർക്കുള്ള പദ്ധതികൾ

915 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗങ്ങളിൽ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്കായി നിരവധി പദ്ധതികളും ഫണ്ടും വിനിയോഗിക്കുന്നുവെങ്കിലും നിലവിൽ ഇവരുടെ പിന്നാക്കാവസ്ഥ

മാറാതിരിക്കുന്നതിനുള്ള കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; ഇവർക്കായി ചെലവഴിക്കുന്ന തുക കൃത്യമായി ഇവരിലേക്ക് എത്തിച്ചേരുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വനത്തിനുള്ളിൽ താമസിക്കുന്നവരുടെയും പ്രാക്തന ഗോത്ര വിഭാഗങ്ങളുടെയും സമഗ്ര വികസനത്തിനായി പ്രത്യേകം പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ?

## ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി

916 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം എത്ര വീടുകൾക്കാണ് തുക അനുവദിച്ചത്; വിശദമാക്കാമോ?

## ട്രൈബൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

917 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ട്രൈബൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞവർഷം പ്രസ്തുത സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

## എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി

918 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ള എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

## ദേവാങ്കണം ചാരു ഹരിതം പദ്ധതി

919 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ വി കെ പ്രശാന്ത്**

**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി വിവിധ ദേവസ്വം ബോർഡുകൾ കഴിഞ്ഞ എട്ട് വർഷത്തിനിടെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ദേവാങ്കണം ചാരു ഹരിതം പദ്ധതി ആകെ എത്ര ക്ഷേത്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതി മുഖേന എത്ര കാവുകളും കുളങ്ങളും നവീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>**ഗുരുവായൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**</u>

920 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം നിർമ്മിച്ചു നൽകുന്ന ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>**മലബാർ ദേവസ്വം ബോർഡിന് ഗ്രാന്റിനത്തിൽ അനുവദിച്ച തുക**</u>

921 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് 2023-24 വർഷത്തിൽ ഗ്രാന്റിനത്തിൽ ബജറ്റിൽ എത്ര തുകയാണ് നീക്കിവെച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര തുക പ്രസ്തുത ദേവസ്വം ബോർഡിന് നൽകിയെന്ന് വ്യക്തമാക്കാമോ?

<u>**ദേവസ്വം ബോർഡ് നിയമനങ്ങളിലെ സംവരണം**</u>

922 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് സ്കൂളുകളിലെയും കോളേജുകളിലെയും നിയമനങ്ങളിൽ സംവരണം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) 2018-ലെ യു.ജി.സി. റെഗുലേഷൻ പ്രസ്തുത സംവരണം നടപ്പിലാക്കാൻ തടസ്സം

സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമനങ്ങൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

923 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ കീഴിൽ ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഉള്ളത്; പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, കോളേജ് എന്നിങ്ങനെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിലാണ് നിലവിൽ ഒഴിവുകൾ ഉള്ളതെന്ന വിവരം ലഭ്യമാക്കാമോ;

(സി) ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അധ്യാപക തസ്തികകളിൽ ഏതൊക്ക വിഷയങ്ങളിലാണ് ഒഴിവുള്ളതെന്ന് വ്യക്തമാക്കാമോ?

**ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം**

924 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി മാടായി തിരുവർക്കാട്ട് കാവ് ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**പള്ളിയറകാവ് നാഗരാജക്ഷേത്രക്കുളം പുനരുദ്ധാരണം**

925 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുവ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന്റെ കീഴ്കൂട്ട് ക്ഷേത്രമായ പള്ളിയറകാവ് നാഗരാജക്ഷേത്രക്കുളം വളരെ ശോച്യാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ക്ഷേത്ര കുളത്തിന്റെ ആഴം വർദ്ധിപ്പിച്ച് സംരക്ഷണ ഭിത്തിയും, കൽപ്പടവുകളും നിർമ്മിച്ച് പുനരുദ്ധാരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**ഗുരുവായൂർ ദേവസ്വം ആശുപത്രി**

926 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി,

പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട നടപടികൾ വ്യക്തമാക്കാമോ?

## ദേവാങ്കണം ചാരുഹരിതം പദ്ധതി

927 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് മുമ്പായി സംസ്ഥാനത്തെ ക്ഷേത്ര പരിസരങ്ങളും കാവും കുളങ്ങളും വൃത്തിയാക്കി പൂച്ചെടികളും വൃക്ഷങ്ങളും വെച്ച് പിടിപ്പിക്കുന്ന ദേവാങ്കണം ചാരുഹരിതം പദ്ധതിയെ കുറിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ ദേവസ്വത്തിന്റെ കീഴിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ചെലവിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## ദേവസ്വം ബോർഡ് നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾ

928 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കുളത്തൂർ, കാരോട്, ചെങ്കൽ, തിരുപുറം, അതിയന്നൂർ ഗ്രാമ പഞ്ചായത്തുകളിലും നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്തും ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്ന് പേര് സഹിതം വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ നവീകരണ പ്രവൃത്തികൾക്ക് എത്ര തുകയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

## പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പദ്ധതികൾ

929 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതു തലമുറയ്ക്ക് ജനാധിപത്യ മൂല്യങ്ങൾ പകർന്ന് ഭരണഘടനയുടെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നതിനായി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) സ്റ്റുഡന്റ് സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണ നിർവ്വഹണം കൂടുതൽ മെച്ചപ്പെടുത്തുവാൻ സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ?

**<u>മരങ്ങൾ മുറിച്ച് മാറ്റാൻ നടപടി</u>**

930 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പഞ്ചായത്തിലെ കൊടിയമ്മ ഗവണ്മെന്റ് ഹൈസ്കൂളിന് സമീപമുള്ള പ്രൊപ്പോസ്ഡ് റിസർവ്വ് വനത്തിൽ എത്ര കാറ്റാടി, അക്കേഷ്യ മരങ്ങളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പാകമായ പ്രസ്തുത മരങ്ങൾ യഥാസമയം ലേലം ചെയ്ത് മുറിച്ച് മാറ്റാത്തതിനാൽ എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത വനത്തിലെ അടിക്കാടുകൾ വെട്ടി പാകമായ മരങ്ങൾ മുറിച്ച് മാറ്റാനുള്ള നടപടി സ്വീകരിക്കുമോ; ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കുമോ?

**<u>വനത്തിനുള്ളിലെ ജല ദൗർലഭ്യം</u>**

931 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോടു ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിലെ യൂക്കാലി, അക്കേഷ്യ അടക്കമുള്ള മരങ്ങൾ കൂടുതൽ ജലം വലിച്ചെടുക്കുന്നത് വനത്തിനുള്ളിൽ ജല ദൗർലഭ്യം ഉണ്ടാകാൻ ഇടയാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജല ദൗർലഭ്യം വന്യജീവികൾ നാട്ടിലേക്കിറങ്ങാൻ കാരണമാകുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) കാർഷിക വിളകൾക്ക് കടുത്ത പ്രതിസന്ധി ഉണ്ടാക്കുന്നതിന് കാരണമാകുന്ന ഇത്തരം മരങ്ങൾ പിഴുതുമാറ്റാൻ സർക്കാർ പദ്ധതി തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ?

**<u>തിരുവമ്പാടിയിലെ ഇ.എസ്.എ.പ്രദേശങ്ങൾ</u>**

932 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.എ. ആയി വിജ്ഞാപനം ചെയ്ത പ്രദേശങ്ങളുടെ കരട് പട്ടികയിൽ തിരുവമ്പാടി മണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ ഏതൊക്കെ പ്രദേശങ്ങളുണ്ടെന്നും ആയതിന്റെ വിസ്തൃതി എത്രാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പട്ടിക ലഘൂകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**സുഗന്ധഗിരിയിൽ അനധികൃതമായി മരങ്ങൾ കടത്തിയ സംഭവം**

933 **ഡോ. എം. കെ. മുനീർ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് സുഗന്ധഗിരിയിൽ 20 മരങ്ങൾ മുറിക്കാനുള്ള അനുമതിയുടെ മറവിൽ 106-ൽ പരം മരങ്ങൾ അനധികൃതമായി കടത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ; വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഭവത്തിൽ വീഴ്ച വരുത്തിയവർ ആരെല്ലാമാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**സുഗന്ധഗിരിയിലെ അനധികൃത മരംമുറി**

934 **ഡോ. എം. കെ. മുനീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് സുഗന്ധഗിരി ആദിവാസി കോളനിയിലെ വീടുകൾക്ക് ഭീഷണിയായി നിന്ന ഇരുപതു മരങ്ങൾ മുറിക്കാൻ നൽകിയ പെർമിറ്റിന്റെ മറവിൽ 126 മരങ്ങൾ മുറിച്ച് കടത്തിയതിൽ അന്വേഷണ നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാരുടെ പേരിൽ സ്വീകരിച്ച നടപടികൾ മരവിപ്പിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(സി) വന സമ്പത്ത് കൊള്ളയടിക്കാൻ കൂട്ടുനിന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**വനഭൂമിയിൽ യൂക്കാലി ,അക്കേഷ്യ ,തുടങ്ങിയ മരങ്ങൾ നട്ടുവളർത്തുന്നതിന് വിലക്ക്**

935 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിൽ യൂക്കാലി മരങ്ങൾ നടുന്നതിനായി കേരള വനം വികസന കോർപ്പറേഷൻ രൂപരേഖ തയ്യാറാക്കി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതി തേടുകയുണ്ടായോ ; ഇതിന്മേൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഏതു തലത്തിലാണ് രൂപരേഖ തയ്യാറാക്കിയത്; ഇത് നടപ്പാക്കുന്നതിനായി

ആരുടെയൊക്കെ അനുമതിയാണ് ആവശ്യമുള്ളത് ; ഇതിൽ ഏതൊക്കെ അനുമതികളാണ് രൂപരേഖയ്ക്ക് ലഭിച്ചിരുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത രൂപരേഖ പ്രകാരം സർക്കാർ പുറപ്പെടുവിച്ച അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) വനഭൂമിയിൽ യൂക്കാലി,അക്കേഷ്യ തുടങ്ങിയ വൃക്ഷങ്ങൾ നടുന്നത് വിലക്കിക്കൊണ്ട് ഉത്തരവ് നിലവിലുണ്ടോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) യൂക്കാലി,അക്കേഷ്യ തുടങ്ങിയ മരങ്ങൾക്കു പകരം നട്ടുവളർത്താവുന്ന പൾപ്പ് വുഡായി ഉപയോഗിക്കാവുന്ന മരങ്ങൾ വനം വകുപ്പ് കണ്ടെത്തുകയുണ്ടായോ ;

(എഫ്) അധിനിവേശ സസ്യങ്ങൾക്ക് വിലക്കേർപ്പെടുത്തികൊണ്ട് ഉത്തരവിറങ്ങി വർഷങ്ങളായിട്ടും പകരം നട്ടുവളർത്താവുന്ന സസ്യങ്ങളുടെ കാര്യം നിശ്ചയിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**കാവ് സംരക്ഷണ പദ്ധതി**

936 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ കാവ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച കാവുകളുടെ പേര് വിവരം ലഭ്യമാക്കുമോ;

(ബി) ഓരോ കാവിനും അനുവദിച്ച ധനസഹായം എത്രയെന്ന് വ്യക്തമാക്കുമോ?

**സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം പദ്ധതി**

937 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന അപകടങ്ങളിൽ നിന്നും സംരക്ഷണം ഏർപ്പെടുത്താൻ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം എന്ന പദ്ധതി പ്രകാരം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) വനാതിർത്തിക്കകത്ത് വ്യാപകമായി വളരുന്ന അക്കേഷ്യ, മഞ്ഞക്കൊന്ന എന്നീ മരങ്ങളെ വനത്തിൽ നിന്നും ഒഴിവാക്കാൻ നടപടികളായിട്ടുണ്ടോ; വ്യക്തമാക്കാമോ?

**വനഭൂമിയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ**

938 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനവിസ്തൃതി ഓരോ വർഷം കഴിയുംതോറും കുറഞ്ഞു വരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമിയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും അതുവഴി വനവിസ്തൃതിയിൽ വന്ന മാറ്റങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

## കെ.എഫ്.ഡി.സി. യുടെ തോട്ടങ്ങളിൽ യൂക്കാലിപ്റ്റസ് നടാനുള്ള അനുമതി

939 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളിൽ നിന്നും അധിനിവേശ സസ്യങ്ങൾ ഒഴിവാക്കിയാൽ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(ബി) കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭം നേടാൻ യൂക്കാലിപ്റ്റസ് വളർത്തുന്നതിലൂടെ സാധിക്കുമെന്ന് കെ.എഫ്.ഡി.സി. അറിയിച്ചിരുന്നോ;

(സി) കെ.എഫ്.ഡി.സി.യുടെ ഈ ആവശ്യം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) കെ.എഫ്.ഡി.സി. യുടെ തോട്ടങ്ങളിൽ യൂക്കാലിപ്റ്റസ് നടാനുള്ള അനുമതി പുന:പരിശോധിക്കുമോ; വ്യക്തമാക്കുമോ?

## പരിസ്ഥിതിക്ക് ദോഷകരമായ വൃക്ഷങ്ങളും അധിനിവേശ സസ്യങ്ങളും ഒഴിവാക്കൽ

940 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിക്ക് ദോഷകരമായ വൃക്ഷങ്ങളും അധിനിവേശ സസ്യങ്ങളും ഒഴിവാക്കി സ്വാഭാവികമായ വനമേഖല സൃഷ്ടിക്കുന്നതിലേക്കായി പകരം വച്ചു പിടിപ്പിക്കേണ്ട മരങ്ങൾ ഏതൊക്കെയെന്ന വിഷയത്തിൽ വനം വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; ആയതിന് കാലതാമസം നേരിടുന്നതിന്റെ സാഹചര്യം വെളിപ്പെടുത്താമോ;

(ബി) അധിനിവേശ സസ്യങ്ങളുടെയും മരങ്ങളുടെയും വ്യാപനത്താൽ വനമേഖലയിൽ മൃഗങ്ങൾക്ക് ആവശ്യമായ തീറ്റ ലഭിക്കാത്തത് കാരണമാണ് അവ നാട്ടിലേക്കിറങ്ങുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കാടിനുള്ളിൽ തന്നെ വന്യമൃഗങ്ങൾക്കാവശ്യമായ തീറ്റയും വെള്ളവും യഥേഷ്ടം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഹാജിയാർപള്ളിയിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ പദ്ധതികൾ

941 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം കൽപ്പതരു പ്രോജക്റ്റിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സൈറ്റിൽ ബട്ടർ ഫ്ലൈ പാർക്ക്, ബാംബൂ സെറ്റം, ഇക്കോ ഷോപ്പ്, ഇക്കോ പാർക്ക് എന്നിവ ആരംഭിക്കുന്നതിനായി കണക്കാക്കിയ മതിപ്പു ചെലവുകൾ

വിശദീകരിക്കുമോ; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് തടസ്സമാണോയെന്ന് വ്യക്തമാക്കാമോ; എത്രയും വേഗം മേൽ പദ്ധതികൾ യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## പീരുമേട് മണ്ഡലത്തിൽ വനം വകുപ്പുമായി തർക്കത്തിലുള്ള റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമി

942 **ശ്രീ. വാഴൂർ സോമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വനം വകുപ്പിൽ നിന്നും 30- 3 -1980 തീയതിയിൽ ഗവൺമെൻറ് നോട്ടിഫിക്കേഷൻ 82055/FS2/2/76/76/AD dtd 11/01/1977 പ്രകാരം വനവകുപ്പ് ഏറ്റെടുത്ത ഭൂമി റവന്യൂ ഭൂമിയാണോ; പ്രസ്തുത ഭൂമി വിട്ടുകൊടുത്തുകൊണ്ടുള്ള റവന്യൂ വകുപ്പിന്റെ രേഖകൾ വനം വകുപ്പിന്റെ കൈവശം ഉണ്ടോ; വിശദമാക്കാമോ;

(ബി) പീരുമേട് മണ്ഡലത്തിൽ വനം വകുപ്പുമായി തർക്കത്തിലുള്ള റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ വനം വകുപ്പിൽ നിന്നും ജണ്ടകൾ സ്ഥാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആദിവാസി കുടികളിലേക്കുള്ള റോഡുകൾ പുനർനിർമ്മിക്കുവാൻ വനം വകുപ്പിൽ നിന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) സത്രം എൻ.സി.സി. എയർ സ്ട്രിപ്പിലേക്കുള്ള റോഡ് പുതുക്കി പണിയുവാൻ വനം വകുപ്പിൽ നിന്ന് അനുവാദം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ.;

(ഇ) മൂലമറ്റം-പതിപ്പള്ളി റോഡ് പുനർനിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും ടെണ്ടർ നടപടികൾ പൂർത്തിയാക്കിട്ടും വനം വകുപ്പിൽ നിന്നും എൻ .ഒ .സി. നൽകാത്തതിനാൽ റോഡ് നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എൻ .ഒ .സി. ലഭ്യമാക്കി റോഡ് പണി ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ. ?

## പരിവർത്തനം ചെയ്തിട്ടുള്ള വനഭൂമി കണ്ടെത്തുന്നതിന് വിദഗ്ധസമിതി

943 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ രേഖകളിൽ വനഭൂമി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും നിലവിൽ മറ്റ് ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്തിട്ടുള്ളതുമായ വനഭൂമി കണ്ടെത്തുന്നതിന് വിദഗ്ധസമിതിയെ നിയോഗിക്കുകയുണ്ടായോ;

(ബി) സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി എന്നു വരെയാണ്; എന്നു മുതലാണ് സമിതി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ആരൊക്കെയാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ; സമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തൊക്കെയാണ്; ഏത് ചട്ടപ്രകാരമാണ് സമിതി രൂപീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) സമിതിയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>സംസ്ഥാനത്തിന്റെ വനം വിസ്തൃതി</u>

944 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ വന വിസ്തൃതിയുടെ കണക്ക് വനം ഡിവിഷൻ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര ഹെക്ടർ സ്ഥലം പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## <u>കടൽത്തീരങ്ങളിൽ ഫലവൃക്ഷതൈകൾ വച്ചുപിടിപ്പിക്കാൻ നടപടി</u>

945 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ തീരപ്രദേശത്ത് ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താമോ; ഇതിനോടനുബന്ധിച്ച് പെരുന്തോട് തീരങ്ങളിലും ഇത്തരം ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിച്ചുകൊണ്ട് ഇതിന്റെ സംരക്ഷണം ഫലപ്രദമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാമോ?

## <u>വനമേഖലകളിൽ യൂക്കാലി മരങ്ങൾ വച്ച് പിടിപ്പിക്കുന്നത് നടപടി</u>

946 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2032-ഓടുകൂടി വനമേഖലയിൽ നിന്നും അധിനിവേശ സസ്യങ്ങളെ പൂർണ്ണമായി ഒഴിവാക്കി ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്ക് അനുസൃതമായ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുമെന്ന് പ്രഖ്യാപിച്ച 2021-ലെ വന നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വനമേഖലകളിൽ യൂക്കാലി മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) വനഭൂമിയിൽ യൂക്കാലി മരങ്ങൾ വീണ്ടും നടുന്നതിനായി കേരള വനം വികസന കോർപ്പറേഷൻ അനുമതി തേടിയിരുന്നോ; ഇപ്രകാരം ചെയ്യുന്നതിന് കേന്ദ്ര വനം മന്ത്രാലയത്തിന്റെ വിലക്ക് നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>വൈദ്യുതിവേലി സ്ഥാപിക്കുന്നതിനുള്ള നടപടികൾ</u>

947 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷൻ, സൈലൻറ് വാലി ഡിവിഷൻ എന്നിവയുടെ പരിധിയിലുള്ള വന്യമൃഗ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ തടയുന്നതിന് നിലവിൽ എത്ര കിലോമീറ്റർ വൈദ്യുതിവേലി സ്ഥാപിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വൈദ്യുതി വേലികൾ സംരക്ഷിക്കുന്നതിന് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) മണ്ണാർക്കാട്ടെ വനമേഖലയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലും അട്ടപ്പാടിയിലും രൂക്ഷമായ കാട്ടാനശല്യം തടയുന്നതിന് വൈദ്യുതിവേലി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം വനം വകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുണ്ടോ, എങ്കിൽ ഇതിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ അടിയന്തരമായി വൈദ്യുതിവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>അരുവിക്കര മണ്ഡലത്തിലെ വനം വകുപ്പിന്റെ വിവിധ പദ്ധതികൾ</u>**

948 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനേതര പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന വനം വകുപ്പിന്റെ വിവിധ പദ്ധതികളിൽ അരുവിക്കര മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങൾ പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ വനം- വന്യജീവി വകുപ്പ് പദ്ധതികൾ</u>**

949 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് നടപ്പിലാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മുതുകാട് ടൈഗർ സഫാരി പാർക്ക്</u>**

950 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി വനംവകുപ്പ് മന്ത്രി പേരാമ്പ്ര മണ്ഡലത്തിൽ പ്രഖ്യാപിച്ച മുതുകാട് ടൈഗർ സഫാരി പാർക്കിന്റെ നിർമ്മാണ നടപടി ഏത് ഘട്ടത്തിലാണെന്ന വിവരം വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി എന്തൊക്കെ നടപടികൾ പൂർത്തിയായിയെന്ന് വ്യക്തമാക്കാമോ?

**<u>ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി</u>**

951 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം ഏതൊക്കെ നഗരങ്ങളിലാണ് നഗരവനങ്ങൾ സൃഷ്ടിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) തീരത്ത് ജൈവകവചം സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം ഏതൊക്കെ തീരദേശങ്ങളിലാണ് തീരവനം നടപ്പിലാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ?

**<u>സുഗന്ധഗിരിയിലെ മരങ്ങൾ മുറിച്ചു മാറ്റിയതിലെ അന്വേഷണം</u>**

952 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് സുഗന്ധഗിരിയിൽ അനധികൃതമായി മരങ്ങൾ മുറിച്ച് മാറ്റിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

**<u>കാസർകോട് ജില്ലയിലെ വനപ്രദേശങ്ങളിൽ കൂടി കടന്നുപോകുന്ന റോഡുകൾ</u>**

953 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനപ്രദേശങ്ങളിൽ കൂടി കടന്നുപോകുന്ന എത്ര റോഡുകളുണ്ടെന്ന് പേരും നീളവും വിസ്തീർണ്ണവും സഹിതം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ വനം വകുപ്പിന്റേതാണോ പഞ്ചായത്തിന്റേതാണോ എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) എപ്പോഴെങ്കിലും പ്രസ്തുത റോഡുകളിൽ പുനരുദ്ധാരണ/അറ്റകുറ്റപ്രവൃത്തികൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ റോഡുകളുടെ പേരും വർഷവും ചെലവഴിച്ച തുകയും ആരാണ് തുക വകയിരുത്തിയതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പുനരുദ്ധാരണ പ്രവർത്തനങ്ങളൊന്നും നടത്താത്ത റോഡുകൾ കാസർഗോഡ് ജില്ലയിലുണ്ടോ എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത റോഡുകൾ വനം വകുപ്പിന്റേതാണോ പഞ്ചായത്തിന്റേതാണോ എന്ന് വ്യക്തമാക്കാമോ?

**<u>മനുഷ്യജീവന് ഭീഷണിയായി നിൽക്കുന്ന പാഴ്മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നടപടി</u>**

954 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ മനുഷ്യജീവന് ഭീഷണിയായി നിൽക്കുന്ന പാഴ്മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുമതി നൽകാത്തതിനെ തുടർന്ന് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഉദ്യോഗസ്ഥരെ ഉത്തരവാദികളാക്കുന്ന വിഷയത്തിൽ നിലപാട് എന്താണ്; ഇത്തരത്തിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകേണ്ടത് ഏതു വകുപ്പാണ്; നീരൊഴുക്ക് തടസ്സപ്പെടുത്തി ഓടകളിലും, കാനകളിലും, പാർശ്വഭിത്തികളിലും വളരുന്ന പാഴ്മരങ്ങൾ നശിപ്പിക്കുന്നതിന് വനം വകുപ്പ് നടപടികൾ സ്വീകരിക്കാറുണ്ടോ; വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ഉള്ളൂർ - കേശവദാസപുരം റോഡിൽ ഉള്ളൂർ ജംഗ്ഷനിൽ ഓട

നിറഞ്ഞ് 3 ആൽമരങ്ങൾ നിൽക്കുന്നതു കാരണം ഉണ്ടായിക്കൊണ്ടിരിക്കുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഓടയ്ക്കകത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് പി.ഡബ്ല്യു.ഡി-എൻ.എച്ച്. ഡിവിഷൻ നൽകിയ അപേക്ഷ നിരസിച്ചതിനുള്ള കാരണം വിശദമാക്കാമോ;

(സി) റോഡരികിൽ വനം വകുപ്പ് പരിപാലിച്ചു വരുന്ന പാഴ്മരങ്ങൾ കാലവർഷ അപകട ഭീഷണി മുൻ നിർത്തി വെട്ടിയൊതുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) പൊതു സ്ഥലങ്ങളിൽ നട്ടുപിടിപ്പിച്ചിട്ടുള്ള ജൈവ ഘടനയ്ക്ക് ഭീഷണിയായിട്ടുള്ള വൃക്ഷങ്ങൾക്ക് പകരം ഫലവൃക്ഷങ്ങളും തേക്ക് പോലുള്ള തടി വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കൊടികുത്തിമല ഇക്കോ ടൂറിസം

955 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ പ്രത്യേക മഴക്കാല വിനോദസഞ്ചാര പ്രോഗ്രാം നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) 2023-ൽ കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ എത്ര വിനോദസഞ്ചാരികൾ എത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ വനംവകുപ്പും വിനോദസഞ്ചാര വകുപ്പും സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിനോദസഞ്ചാര, വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കോന്നി മണ്ഡലത്തിലെ ഇക്കോ ടൂറിസം പദ്ധതികൾ

956 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ വനം വകുപ്പിന്റെ നേതൃത്വത്തിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികളിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## ബജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതി ചെലവുകൾക്കുള്ള തുക

957 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ വനം വകുപ്പിലെ പദ്ധതി ചെലവുകൾക്കായി നീക്കിവച്ചിരുന്ന തുക എത്രയാണെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കൽ

958 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിൽപ്പെട്ട എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ 19.01.2023-ലെ തീരുമാനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടലിലൂടെ അപ്‌ലോഡ് ചെയ്ത് കേന്ദ്ര വനം വന്യജീവി ബോർഡിന്റെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുക

959 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം വനം വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

## വയനാട് വനമേഖലയിലെ ആളുകളെ പുനരധിവസിപ്പിക്കുന്ന പദ്ധതി

960 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് വനമേഖലയിൽ നിന്നും ആളുകളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയിൽ എത്ര കുടുംബങ്ങളെ നാളിതുവരെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും ഇനി എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടി

961 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി മുറിച്ചുമാറ്റേണ്ടിവരുന്നതിനുള്ള നടപടിക്രമങ്ങളുടെ കാലതാമസംമൂലം വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യത്തിൽ വനം വകുപ്പ് തന്നെ മരങ്ങൾ മുറിച്ചുമാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## നവകേരള സദസ്സിൽ ലഭിച്ച പരാതി പരിഹരിക്കാൻ നടപടി

962 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ ലഭിച്ചതും വനം വകുപ്പിൽ പരിഹരിക്കപ്പെടേണ്ടതുമായ പരാതികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതികളിൽ അനുകൂലമായി പരിഹാരമുണ്ടായ പരാതികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും പരിഹാരമുണ്ടാകേണ്ട പരാതികളുടെ എണ്ണം എത്രയെന്നും അവ ഏതൊക്കെ ഓഫീസുകളിലാണ് തീർപ്പ് കല്പിക്കാനുള്ളതെന്നും ഇതിന് പരിഹാരം കാണുന്നതിന് കാലതാമസത്തിനുള്ള കാരണമെന്തെന്നും വിശദമാക്കാമോ?

## അത്തിയടുക്കത്തെ കർഷകരുടെ കൈവശഭൂമി

963 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബളാൽ പഞ്ചായത്തിലെ അത്തിയടുക്കത്തെ കർഷകരുടെ കൈവശഭൂമി വനം വകുപ്പ് നിക്ഷിപ്തപ്പെടുത്തിയതിനെതിരെ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി ഡീ-നോട്ടിഫിക്കേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് കൈവശഭൂമിയിൽ കർഷകർക്ക് പൂർണ്ണാവകാശം ഉറപ്പിക്കാൻ എപ്പോൾ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണയം

964 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കി പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുമോ; വ്യക്തമാക്കുമോ?

## വനം വകുപ്പിലെ ദ്രുത പ്രതികരണ സേന

965 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദ്രുത പ്രതികരണ സേനയുടെ (ആർ.ആർ.റ്റി.) പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) എവിടെയെല്ലാമാണ് ദ്രുത പ്രതികരണ സേന രൂപീകരിച്ചിട്ടുള്ളതെന്നും ഓരോ ടീമിലേയ്ക്കും എത്ര സ്റ്റാഫിനെ വീതം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ പാലോട് കേന്ദ്രമാക്കി ആർ.ആർ.റ്റി. രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ടീമിലേയ്ക്ക് അനുവദിച്ചിട്ടുള്ള സ്റ്റാഫുകളുടെ എണ്ണവും 2023-2024 വർഷം എത്ര വന്യജീവികളെ റസ്ക്യൂ ചെയ്തിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വിശദമാക്കാമോ;

(ഡി) കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ആർ. ആർ. റ്റി. യുടെ സേവനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ലയൺ സഫാരി പാർക്ക് മാറ്റി സ്ഥാപിക്കാൻ നടപടി

966 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവി സങ്കേതത്തിലെ ലയൺ സഫാരി പാർക്ക് പുതിയ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിവരം ലഭ്യമാക്കാമോ;

(ബി) ലയൻ സഫാരി പാർക്ക് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നയം നെയ്യാർ വന്യജീവി സങ്കേതത്തിലെ ലയൺ സഫാരി പാർക്ക് പ്രവർത്തിക്കുന്നതിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദ വിവരം അറിയിക്കാമോ;

(സി) പ്രസ്തുത ലയൺ സഫാരി പാർക്കിലേയ്ക്ക് പുതുതായി സിംഹങ്ങളെ കൊണ്ടു വരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദ വിവരം അറിയിക്കാമോ?

## നീർനായ ശല്ല്യം

967 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുവഴിഞ്ഞി പുഴ, ചാലിയാർ പുഴ എന്നിവിടങ്ങളിൽ അനിയന്ത്രിതമായ തരത്തിൽ നീർനായകൾ വർദ്ധിക്കുന്നതും അവ പൊതുജനങ്ങളെ ആക്രമിക്കുന്നതുമായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## തൃശ്ശൂർ ജില്ലയിൽ വന്യജീവി ശല്യം കാരണമുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരം

968 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വന്യജീവി ആക്രമണം മൂലമുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി, പീച്ചി, വാഴാനി, വരന്തപ്പിള്ളി മേഖലകളിൽ വന്യജീവി ആക്രമണം മൂലമുണ്ടായ കൃഷിനാശത്തിന്റേയും ജീവൻ നഷ്ടപ്പെട്ടവരുടേയും വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മേഖലകളിൽ കാട്ടാന ആക്രമണം നടന്ന സ്ഥലങ്ങളിൽ എന്ത് പ്രതിരോധ സുരക്ഷാ സംവിധാനങ്ങളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മേഖലകളിൽ ജീവനക്കാരുടെ അപര്യാപ്തതയും വാഹനങ്ങളുടെ ലഭ്യതക്കുറവും പരിഹരിക്കാൻ എന്തെങ്കിലും പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## വന്യമൃഗ ശല്യം തടയാൻ സ്വീകരിച്ച നടപടികൾ

969 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചു വരുന്ന വന്യമൃഗ ശല്യം തടയാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം വ്യക്തമാക്കുമോ;

(ബി) വന്യമൃഗ ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ കൃഷി നശിപ്പിക്കൽ

970 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് വ്യാപകമായ സാഹചര്യത്തിൽ കർഷകർക്ക് ഓരോ കൃഷി ഇനത്തിലും ലഭിക്കുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചു നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) ഇരിക്കൂറിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയുടേയും പുരോഗതിയുടേയും വിശദാംശം നൽകാമോ?

## വന്യമൃഗ ആക്രമണത്തിൽ മരണമടഞ്ഞവരുടെ വിശദാംശം

971 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം നാളിതുവരെ വയനാട് ജില്ലയിൽ വന്യമൃഗ ആക്രമണത്തിൽ മരണമടഞ്ഞവരുടെ എണ്ണവും പേരും വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) 2016-നുശേഷം ഇത്തരത്തിൽ വിതരണം ചെയ്ത ആകെ നഷ്ടപരിഹാര തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വന്യജീവി ആക്രമണം

972 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ കക്കയം വനമേഖലയിൽനിന്നും വന്യജീവികൾ കൂട്ടമായി ജനവാസകേന്ദ്രങ്ങളിലിറങ്ങി മനുഷ്യജീവനും കൃഷിക്കും ഭീഷണിയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കക്കയം വനമേഖലയിൽനിന്നും വന്യജീവികൾ ജനവാസമേഖലയിലേക്കിറങ്ങുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(സി) വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

## <u>വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരത്തിന് നിയമനിർമ്മാണം</u>

973 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരം ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ചട്ടത്തിന് അടിസ്ഥാനമായ നിയമം ഏതെന്നും കേരള സർക്കാരോ കേന്ദ്ര സർക്കാരോ പ്രസ്തുത നിയമം പാസാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് പകരം ഈ വിഷയത്തിൽ സമഗ്രമായ ഒരു നിയമം പാസാക്കി അതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അവകാശമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

## <u>വന്യജീവി ആക്രമണം തടയുന്നതിനുള്ള സംവിധാനങ്ങൾ</u>

974 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം തടയാനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും മലപ്പുറം ജില്ലയിൽ ഏതെങ്കിലും വനപ്രദേശങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകളായ ഡിജിറ്റൽ സെൻസർ വാൾ, ക്യാമറ ട്രാപ്പ്, റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലമ്പൂർ നിയോജക മണ്ഡലത്തിലെ വന്യമൃഗശല്യമുള്ള ജനവാസ കേന്ദ്രങ്ങളിൽ വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിന് അനിമൽ ഇൻട്രൂഷൻ ഡിറ്റെക്ഷൻ ആൻഡ് റെപ്പല്ലെന്റ് സിസ്റ്റം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന ജനവാസമേഖലകളിൽ വന്യജീവികളുടെ സാന്നിധ്യമുണ്ടാകുമ്പോൾ മുന്നറിയിപ്പ് നൽകുന്ന സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) മണ്ഡലത്തിലെ വന്യമൃഗശല്യം കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും നടപ്പാക്കിയ പ്രദേശവും പദ്ധതികളും ചെലവഴിച്ച തുകയും അറിയിക്കാമോ?

## വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് നൽകുന്ന ധനസഹായം

975 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലം 2016 മുതൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും മരണപ്പെട്ടവരുടെ ആശ്രിതർക്ക് എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വന്യജീവികളുടെ ആക്രമണം മൂലം ഗുരുതരമായി പരിക്കേറ്റവരിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) വന്യജീവി/വിഷജീവി എന്നിവയുടെ ആക്രമണത്തിന് ഇരയായവർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുക നിലവിൽ കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക എത്രയാണെന്നും എത്രപേർക്ക് നൽകാനുണ്ടെന്നും അറിയിക്കുമോ?

## വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കുള്ള ഇൻഷുറൻസ്

976 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവിആക്രമണങ്ങളിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കുള്ള ഇൻഷുറൻസ് പദ്ധതിയിൽ നൽകി വരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഇൻഷുറൻസ് പദ്ധതിയിലെ പ്രീമിയം തുക വർദ്ധിപ്പിക്കണമെന്ന് കമ്പനികൾ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) നഷ്ടപരിഹാരം നൽകുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## വന്യജീവി ആക്രമണം തടയാൻ നടപടി

977 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ എത്ര പേർ മരണപ്പെട്ടുവെന്നും നൽകപ്പെട്ട നഷ്ടപരിഹാരത്തുക എത്രയാണെന്നും വർഷം തിരിച്ച് നൽകാമോ;

(ബി) സ്ഥിരമായി വന്യജീവി ആക്രമണമുണ്ടാകുന്ന സ്ഥലങ്ങളിൽ അവ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ജനവാസമേഖലയിലെത്തുന്ന വന്യജീവികളുടെ നിയന്ത്രണം

978 **ശ്രീ. എം. എം. മണി**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളും മനുഷ്യരും തമ്മിലുള്ള സംഘർഷത്തിനുള്ള കാരണങ്ങളിലൊന്ന് വന്യജീവികളുടെ ക്രമാതീതമായ വർദ്ധനവാണ് എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ഇവയുടെ എണ്ണം നിയന്ത്രിക്കുന്നതിന് പദ്ധതി രൂപീകരിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജനവാസമേഖലയിലെത്തുന്ന വന്യജീവികളെ കൈകാര്യം ചെയ്യുന്നതിനായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ, ഗൈഡ്‌ലൈൻ എന്നിവ ഫലപ്രദമല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വനം വന്യജീവി നിയമം ഭേദഗതി ചെയ്യണമെന്ന ആവശ്യത്തിലുറച്ച് നിൽക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ആക്രമണം നടത്തുന്ന വന്യജീവികളെയും ക്ഷുദ്രജീവികളെയും കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്തിന് പരിമിതമായ അധികാരങ്ങൾ മാത്രം ഉള്ളപ്പോഴും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നടത്തിയ ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഇടപെടലുകളുടെ ഭാഗമായി സംസ്ഥാനത്തുടനീളം ദ്രുത പ്രതികരണ സേനയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

## വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനുള്ള പദ്ധതികൾ

979 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികൾ നാട്ടിലിറങ്ങി മനുഷ്യ ജീവനും സ്വത്തിനും നാശമുണ്ടാക്കിയ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണങ്ങളെക്കുറിച്ച് പഠിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വനങ്ങളിൽ മൃഗങ്ങൾക്ക് ജലം, ഭക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) മനുഷ്യ-വന്യജീവി സംഘർഷം പരമാവധി ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ പദ്ധതി

980 **ശ്രീ. ടി. പി .രാമകൃഷ്ണൻ**

**ശ്രീ ഡി കെ മുരളി**

**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് മനുഷ്യ-വന്യജീവി സംഘർഷം വർഷംതോറും കൂടി വരുന്ന സാഹചര്യത്തിൽ ആയത് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് നിലവിലെ നിയമം ഭേദഗതി ചെയ്യണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ നിയമത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാന സർക്കാർ ഈ വിഷയത്തെ ഏത് രീതിയിലാണ് കൈകാര്യം ചെയ്തു വരുന്നതെന്ന് വിശദമാക്കുമോ;

(സി) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ?

<u>**വടക്കാഞ്ചേരി മണ്ഡലത്തിൽ വന്യമൃഗ ശല്യം തടയൽ**</u>

981 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ കൊളത്താശ്ശേരി, വാഴാനി, അകമല, ചേപ്പലക്കോട്, കുഴിയോട് എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗ ശല്യം തടയുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വന്യമൃഗ ശല്യം തടയുന്നതിനായി സ്ഥാപിക്കുന്ന സൗരവേലി, ഹാങ്ങിങ് ഫെൻസിങ് എന്നിവയുടെ ഇൻസ്റ്റലേഷൻ സംബന്ധിച്ച പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ വനം വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് കൂടുതൽ വാച്ചർമാരെ നിയമിക്കുന്നതിനും പ്രവർത്തനം അവസാനിപ്പിച്ച അകമല ഫോറസ്റ്റ് സ്റ്റേഷന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കാമോ;

(ഡി) പ്രസ്തുത പ്രദേശത്തെ വന്യമൃഗ ശല്യം തടയുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനരാരംഭിക്കുന്നതിനോടൊപ്പം ഒരു ദ്രുത പ്രതികരണ സേന യൂണിറ്റ് (ആർ.ആർ.ടി.) അനുവദിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ?

<u>**വന്യജീവികളുടെ ആക്രമണം തടയാൻ പുതിയ പദ്ധതി**</u>

982 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണം തടയുന്നതിന് ശാസ്ത്രീയമായി പുതിയ പദ്ധതികൾ

ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) അങ്കമാലി മണ്ഡലത്തിൽ വനമേഖലയോട് ചേർന്ന് കിടക്കുന്ന അയ്യമ്പുഴ, മലയാറ്റൂർ-നീലീശ്വരം, മൂക്കന്നൂർ, കറുകുറ്റി ഗ്രാമപഞ്ചായത്തുകളിൽ വന്യമൃഗശല്യവും വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ വന്യമൃഗ ആക്രമണത്തിന് ഇരയായവർക്കും കൃഷിനാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം നൽകുന്നതിൽ നിലവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിലായി എത്ര പേർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്നും എത്ര തുക വീതമാണെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

## <u>കോതമംഗലം മണ്ഡലത്തിലെ വന്യമൃഗ ശല്യം തടയുന്നതിന് നടപടി</u>

983 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ വന്യമൃഗ ശല്യം രൂക്ഷമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിലെ വന്യമൃഗശല്യം തടയുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) വന്യമൃഗശല്യം കാരണമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം സമയോചിതമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>വന്യമൃഗങ്ങളുടെ സാന്നിധ്യം തടയുന്നതിന് നടപടി</u>

984 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ നിന്നും വിദൂരമായ ചാത്തന്നൂർ മണ്ഡലത്തിലെ നിരവധി പ്രദേശങ്ങളിൽ കാട്ടുപന്നി, കരടി തുടങ്ങിയ വന്യമൃഗങ്ങൾ കടന്നുവന്ന് വൻതോതിൽ കൃഷിനാശം വരുത്തുകയും മനുഷ്യജീവന് ഭീഷണിയാകുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ സാന്നിധ്യം തുടക്കത്തിൽ തന്നെ തടഞ്ഞ് കാർഷിക വിളകൾ സംരക്ഷിക്കുന്നതിനും മനുഷ്യന്റെ സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

## <u>ജനവാസ മേഖലയിലെ വന്യമൃഗശല്യം</u>

985 **ശ്രീ. വി. ആർ. സുനിൽകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസമേഖലയിൽ വർദ്ധിച്ചുവരുന്ന വന്യമൃഗശല്യം മൂലം

ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനു പരിഹാരം കാണുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം എത്രയാണെന്നും വന്യമൃഗ ആക്രമണം കാർഷിക മേഖലയ്ക്ക് വരുത്തിയ നഷ്ടം എത്രയാണെന്നും അറിയിക്കാമോ?

## വന്യജീവി ആക്രമണം മൂലം കൃഷിക്കും മറ്റ് വസ്തു വകകൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ

986 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം മൂലം കൃഷിക്കും മറ്റ് വസ്തുവകകൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകളിൽ എന്ന് വരെയുള്ള അപേക്ഷകൾക്കാണ് പണം അനുവദിച്ചിട്ടുള്ളത്; ഇക്കാര്യത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പേരാമ്പ്ര മണ്ഡലത്തിലെ വന്യമൃഗശല്യം തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ

987 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ചക്കിട്ടപ്പാറ, മുതുകാട് പ്രദേശങ്ങളിലെ വന്യമൃഗശല്യം തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നിലവിൽ എന്തൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നത്?

## വന്യജീവി ആക്രമണം

988 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവരുടെ കണക്കുകൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് അർഹമായ നഷ്ടപരിഹാര തുക നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കാട്ടാനകൾ ജനവാസ കേന്ദ്രത്തിൽ ഇറങ്ങിയത് റിപ്പോർട്ട് ചെയ്യാൻ പോയ മാധ്യമ പ്രവർത്തകൻ മരണപ്പെട്ട സംഭവത്തിൽ ആശ്രിതർക്ക് അർഹമായ നഷ്ടപരിഹാര തുക നൽകിയിട്ടുണ്ടോ?

## വന്യമൃഗങ്ങളുടെ സെൻസസ്

989 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി വന്യമൃഗങ്ങളുടെ സെൻസസ് എടുത്തത് എന്നാണ്; വിശദാംശം നൽകാമോ;

(ബി) സെൻസസ് പ്രകാരം ഓരോ ഇനത്തിലും ഉൾപ്പെട്ട വന്യമൃഗങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഇടുക്കി ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ;

(ഡി) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ മരണമടഞ്ഞ ആളുകളുടെ കുടുംബത്തിനുള്ള ധനസഹായം നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മനുഷ്യ-വന്യജീവി സംഘർഷങ്ങൾ

990 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ കഴിഞ്ഞ 7 വർഷത്തിനിടയിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ;

(ബി) വന്യജീവി ആക്രമണം തടയുന്നതിന് മാത്രമായി കഴിഞ്ഞ 7 വർഷങ്ങളിൽ എത്ര തുക നീക്കി വച്ചു; എത്ര തുക ചെലവഴിച്ചു; കേന്ദ്രത്തിൽ നിന്നും എത്ര തുക ലഭിച്ചു; അതിൽ എത്ര തുക ചെലവഴിച്ചു; കണക്കുകൾ ലഭ്യമാക്കുമോ;

(സി) മനുഷ്യരുടെ ജീവനും ഉപജീവനമാർഗ്ഗങ്ങൾക്കും സംരക്ഷണം നൽകാൻ കഴിയാത്ത വിധം വനം വകുപ്പ് ദുർബലമായിപ്പോയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മതിയായ ജീവനക്കാരില്ലാത്തതും ശാസ്ത്രീയ പ്രതിരോധ സംവിധാനങ്ങൾ ഒരുക്കാൻ കഴിയാത്തതുമാണ് ഈ സർക്കാരിന്റെ കാലത്ത് മനുഷ്യ- വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിന് ഇടയായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വന്യജീവി ആക്രമണം പ്രതിരോധിക്കാൻ നടപടി

991 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം രൂക്ഷമായതോടെ വനമേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ കടുത്ത ആശങ്ക പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വന്യജീവികൾ കർഷകരുടെ കൃഷി നശിപ്പിക്കുകയും വളർത്തു മൃഗങ്ങളെ കൊന്നൊടുക്കുകയും ചെയ്യുന്ന സംഭവങ്ങളെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) വന്യജീവി ആക്രമണം മൂലം വിള നശിച്ചവർക്കും വളർത്തു മൃഗങ്ങളെ നഷ്ടപ്പെട്ടവർക്കും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നില്ല എന്നത്

ഗൗരവമായി കാണുന്നുണ്ടോ; നഷ്ടപരിഹാരം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>വന്യജീവി ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കുമുള്ള ധനസഹായം</u>**

992 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ ജനവാസമേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം റിപ്പോർട്ട് ചെയ്തിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ എണ്ണവും ഇത്തരം ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണവും ലഭ്യമാക്കുമോ;

(സി) വന്യജീവി ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കും കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നൽകിയിട്ടുള്ള പാക്കേജ് എന്തൊക്കയാണ്; പ്രസ്തുത സംഭവങ്ങളിൽ കേന്ദ്രസഹായം യഥാസമയം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മഞ്ചേരി മണ്ഡലത്തിലെ വന്യമൃഗങ്ങളുടെ ശല്യം</u>**

993 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂനാടിയിൽ വന്യമൃഗങ്ങളുടെ ശല്യം അതിരൂക്ഷമായതിനാൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ മുള്ളിയകുറിശ്ശി പ്രദേശത്ത് പുലി, കാട്ടുപന്നി അടക്കമുള്ള വന്യമൃഗങ്ങൾ കൃഷി അടക്കമുള്ളവ നശിപ്പിക്കുന്നു എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വന്യമൃഗങ്ങളുടെ ശല്യത്തിൽ നിന്നും ഈ പ്രദേശത്തെ സംരക്ഷിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് വനംവകുപ്പ് സജ്ജീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

**<u>നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ ദ്രുതകർമ്മസേന</u>**

994 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യം പ്രതിരോധിക്കുന്നതിന് നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ ദ്രുതകർമ്മസേനയെ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മുഴുവൻ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) ദ്രുതകർമ്മ സേനയുടെ ചുമതലകളും പ്രസ്തുത സേനയിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരുടെ തസ്തികകളും സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

**<u>വന്യജീവി ആക്രമണം</u>**

995 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലാകാൻ കാരണമെന്തെന്ന് വിശദമാക്കാമോ;

(ബി) വന്യജീവികളുടെ ആക്രമണത്തിന് നിരന്തരമായി ഇരയാകുന്ന വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങളുടെ ജീവനും കൃഷിയും സംരക്ഷിക്കുന്നതിന് പുതിയ കാലഘട്ടത്തിനനുസരിച്ച് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം**

996 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക നൽകുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത തുക എന്നത്തേക്ക് പൂർണ്ണമായി വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**വന്യജീവി-മനുഷ്യ സംഘർഷം തടയുന്നതിന് നടപടി**

997 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി-മനുഷ്യ സംഘർഷം വർദ്ധിച്ചുവരുന്നതുമൂലം വനപ്രദേശത്തോട് ചേർന്നുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന സാധാരണ ജനങ്ങളും കർഷകരും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ജനവാസമേഖലകളിലേക്ക് വന്യജീവികൾ കടന്നുവരുന്ന സാഹചര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കർഷകർക്കുണ്ടാകുന്ന കൃഷിനാശത്തിന് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരം അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിച്ചുനൽകുവാൻ നടപടി സ്വീകരിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈയിനത്തിൽ എത്ര ആളുകൾക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ഡി) വന്യജീവികൾ ജനവാസ മേഖലകളിലേക്കും കൃഷി സ്ഥലങ്ങളിലേക്കും കടന്നു വരുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ;

(ഇ) ഏറനാട് മണ്ഡലത്തിലെ ജനവാസമേഖലകളിലേക്കും കൃഷിസ്ഥലങ്ങളിലേക്കും വന്യജീവികൾ കടന്നുവരുന്നത് തടയുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

**വന്യജീവി ആക്രമണം**

998 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ വിവരം ലഭ്യമാക്കുമോ;

(ബി) വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ട വ്യക്തികളുടെ ആശ്രിതർക്ക് നൽകിയ സമാശ്വാസ ധനത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവരുടെ വിവരം വിശദമാക്കുമോ;

(ഡി) വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും വിവരം ലഭ്യമാക്കുമോ;

(ഇ) വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ട വ്യക്തികളുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും പ്രഖ്യാപിച്ച നഷ്ടപരിഹാരം ഇനിയും ലഭിക്കാത്തവരുടെ വിവരവും അതിന്റെ കാരണവും വ്യക്തമാക്കുമോ?

## <u>മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്</u>

999 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ചിൻെറ തടസ്സപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നബാർഡ്-എൽ.ടി.ഐ.എഫ്.-ൽ ലഭ്യമാക്കിയ 34.9 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന് നബാർഡിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(സി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ച് തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും നബാർഡിന്റെ അംഗീകാരം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

## <u>ജലജീവൻ മിഷനുവേണ്ടി പൈപ്പുകൾ സ്ഥാപിച്ച റോഡുകളുടെ നവീകരണം</u>

1000 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷനുവേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പ്രാദേശിക റോഡുകളുൾപ്പെടെയുള്ള എല്ലാ റോഡുകളും കുഴിച്ചതിന്റെ ഫലമായി പ്രസ്തുത റോഡുകളെല്ലാം സഞ്ചാരയോഗ്യമല്ലാതായി തീർന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡുകളെല്ലാം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത റോഡുകളുടെ നവീകരണം എപ്പോൾ പൂർത്തീകരിക്കുമെന്ന്

വ്യക്തമാക്കാമോ?

**ശിരുവാണി ജലസേചന പദ്ധതി ആക്ഷൻ പ്ലാൻ**

1001 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിരുവാണി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ആക്ഷൻ പ്ലാൻ പ്രകാരം 2016-ന ശേഷം തമിഴ്നാട് സർക്കാരിൽ നിന്നും ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇതു പ്രകാരം നടത്തി വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി ലഭ്യമാക്കാമോ;

(ബി) ശിരുവാണി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട എടക്കുറിശ്ശി - കോമളമേട് റോഡ് നവീകരണത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ?

**ഭൂതത്താൻകെട്ടിലെ ഇറിഗേഷൻ ടൂറിസം പദ്ധതി**

1002 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ടിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തിന്റെ ടൂറിസം വികസനത്തിന് ഗുണകരമാകുന്ന നിലയിൽ ഫലപ്രദമായും വേഗത്തിലും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ പുരോഗതി**

1003 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് കടുത്തുരുത്തി മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യുന്നുണ്ടെന്നും എത്ര തുക ഏതൊക്കെ പ്രവൃത്തികളിലായി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ പേരും അവയുടെ പ്രോഗ്രസ് റിപ്പോർട്ടും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

**ഇറിഗേഷൻ ടൂറിസം**

1004 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേചന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഇറിഗേഷൻ ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം മേഖലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ മേഖലയിലും ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തുന്നതിനും പ്രോജക്ട് തയ്യാറാക്കുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**<u>മീനച്ചിലാറിന്റെ തീരത്തുള്ള മണൽ ചേർന്ന മണ്ണ് നീക്കം ചെയ്യൽ</u>**

1005 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിലാറിന്റെ തീരത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളിൽ നിന്നും മണൽ ചേർന്ന മണ്ണ് നീക്കം ചെയ്യുന്നതിനായി നിലവിൽ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ നിന്നും നീക്കം ചെയ്യുന്ന മണൽ എന്താണ് ചെയ്യുന്നതെന്നും ഇതുവഴി സർക്കാരിന് വരുമാനം ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി തുടങ്ങിയത് മുതൽ ഒരേ കരാർ ഏജൻസിയാണോ പ്രവൃത്തി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി</u>**

1006 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പിടാനായി കുഴിക്കേണ്ട പി.ഡബ്ല്യൂ.ഡി. റോഡുകൾ ഏതൊക്കെയാണ്; ഇതിലേക്കായി അനുമതി കിട്ടിയിട്ടുണ്ടോ; പൈപ്പിടൽ പൂർത്തിയായാലുടൻ തന്നെ റോഡ് പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>തളിപ്പറമ്പ് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>**

1007 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ജലവിഭവ വകുപ്പിന്റെ അതിഥി മന്ദിരത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത അതിഥി മന്ദിരം നിലവിൽ താമസയോഗ്യമാണോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അതിഥി മന്ദിരം പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നത് പരിഗണിക്കാമോ;

(സി) തളിപ്പറമ്പ് മണ്ഡലത്തിലെ അമൃത് കുടിവെള്ള പദ്ധതിയുടെ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിലുള്ള പ്രവർത്തന പുരോഗതി ലഭ്യമാക്കാമോ;

(ഡി) തളിപ്പറമ്പ് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള പുരോഗതി ലഭ്യമാക്കാമോ?

**<u>കുറ്റ്യാടി ഇറിഗേഷൻ പദ്ധതി - കനാൽപാലം നിർമ്മാണം</u>**

1008 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള കുന്നമ്മൽ ഗ്രാമപഞ്ചായത്തിലെ സി.എച്ച്. 23/200 ഭാഗത്തുള്ള കനാൽപാലം നിർമ്മാണത്തിന് സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; നിലവിൽ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**വടക്കാഞ്ചേരി പുഴ നവീകരണം**

1009 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ വടക്കാഞ്ചേരി പുഴ നവീകരണം സംബന്ധിച്ച് അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

**ചേലേമ്പ്ര ജലനിധി പദ്ധതിയുടെ കരാർ പുതുക്കൽ**

1010 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലേമ്പ്ര ജലനിധി പദ്ധതിക്കായി കിൻഫ്രയും ഗ്രാമപഞ്ചായത്തും സംയുക്തമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ കാലാവധി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) കുടിവെള്ള സ്രോതസ്സിന്റെ അഭാവമുള്ള ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ 3000 കുടുംബങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കുവാൻ സാധിക്കുന്ന പ്രസ്തുത പദ്ധതിയുടെ കരാർ കാലാവധി 2034 ഫെബ്രുവരി 15 വരെ പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് കിൻഫ്രക്ക് ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും കരാർ പുതുക്കലുമായി ബന്ധപ്പെട്ട് വകുപ്പ് സെക്രട്ടറിമാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുചേർക്കുമോയെന്നും വ്യക്തമാക്കുമോ?

**നദികളിലെയും ഡാമുകളിലെയും എക്കലും മണലും നീക്കം ചെയ്യാൻ പദ്ധതി**

1011 **ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയങ്ങളുടെ ഫലമായി ഡാമുകളിലും നദികളിലും എക്കലും മണ്ണും അടിഞ്ഞ് നദികളിലെ ജലവാഹകശേഷിയും ഡാമുകളുടെ ജലസംഭരണ ശേഷിയും കുറയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രളയ ദുരിതങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനും നദികളിലെയും ഡാമുകളിലെയും ജലസംഭരണ ശേഷി വർദ്ധിപ്പിച്ച് ഭൂഗർഭജലത്തിന്റെ കുറവ് പരിഹരിക്കുന്നതിനുമായി ഡാമുകളിലും നദികളിലും അടിഞ്ഞ് കൂടിയിട്ടുള്ള എക്കലും മണ്ണും നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കുമോ;

(സി) നദികളിലെയും ഡാമുകളിലെയും മണൽഖനനം ആരംഭിക്കുന്നതിന് മുമ്പായി ഓരോ പുഴയിലും ഡാമിലും അടിഞ്ഞുകൂടിയിട്ടുള്ള മണൽ നിക്ഷേപത്തിന്റെ അളവ് പരിശോധിച്ച് മണൽവാരലിനുള്ള സാധ്യതകൾ ഉറപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) മണൽക്ഷാമം മൂലം പ്രതിസന്ധിയിലായ നിർമ്മാണ മേഖലയുടെ പുനരുജ്ജീവനത്തിന് ഏറ്റവും സഹായകമായ പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## പുളിക്കൽ കക്കംവെള്ളി പുഴയുടെ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കൽ

1012 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ പുളിക്കൽ കക്കംവെള്ളി പുഴയുടെ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുവാൻ സി.ഇ. (ഐ&എ)6365/വി.ഐ.പി.-എം(ഡബ്ല്യു.ആർ.)2021 നമ്പർ ഫയൽ പ്രകാരം നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## നദീതീര സംരക്ഷണത്തിന് സംരക്ഷണഭിത്തി

1013 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളുടെ തീര സംരക്ഷണത്തിനു വേണ്ടി ഫ്ലഡ് ഡാമേജസ്/ഫ്ലഡ് കൺട്രോൾ, റിവർ മാനേജ്മെൻറ് ഫണ്ട് എന്നിവ വിനിയോഗിച്ച്, കരിങ്കൽ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് നദീതീരങ്ങളുടെ സംരക്ഷണഭിത്തി നിർമ്മിക്കുന്ന പദ്ധതി നിലവിൽ ഉണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മണ്ണാർക്കാട് നഗരസഭാ പരിധിയിൽ നെല്ലിപ്പുഴ ഭാഗത്ത് കെ. എസ്. ആർ. ടി. സി. യും, നെല്ലിപ്പുഴ ശ്രീ ഭദ്രകാളി ക്ഷേത്രവും സ്ഥിതി ചെയ്യുന്ന ഭാഗത്ത് പുഴയിൽ നിന്നും വെള്ളം കയറി പുഴയുടെ തീരം ഇടിയുന്നത് തടയുന്നതിനായി സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടും പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കി ഭരണാനുമതി നൽകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കി ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

## പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിന്മേലുള്ള അന്വേഷണം

1014 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയ സംഭവത്തെക്കുറിച്ച് ജലവിഭവ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെ ആയിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) പാതാളം റെഗുലേറ്റർ ബ്രിഡ്ജിന്റെ ഷട്ടറുകൾ തുറന്നതിനെത്തുടർന്ന് ഉപ്പുവെള്ളം

കലർന്ന ജലത്തിൽ ഓക്സിജന്റെ അളവ് കുറഞ്ഞതാണ് മത്സ്യക്കുരുതിയ്ക്ക് കാരണമായതെന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിഗമനത്തെ അന്വേഷണ റിപ്പോർട്ട് സാധൂകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കരിങ്ങാലി മുക്ക് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം

1015 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ് പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാകും എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായ മെക്കാനിക്കൽ ഷട്ടറുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവം

1016 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ ജലവിഭവ വകുപ്പ് അന്വേഷണം നടത്തിയിരുന്നോ; വിശദമാക്കാമോ; ?

## നദികളിലെ നീരൊഴുക്ക് സുഗമമാക്കാൻ നടപടി

1017 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ മണലും ചെളിയും മറ്റ് മാലിന്യങ്ങളും നിറഞ്ഞ് നദിയുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുന്നതും പ്രകൃതിക്ഷോഭങ്ങളോ മഴക്കെടുതികളോ ഉണ്ടാകുമ്പോൾ നദികൾ ഗതി മാറി ഒഴുകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) നദികളിലെ മാലിന്യങ്ങൾ നീക്കാനും സ്വാഭാവിക നീരൊഴുക്ക് സുഗമമാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന അടിയന്തര നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ജലാശയങ്ങളിലെ സംഭരണശേഷി കുറഞ്ഞ സാഹചര്യം

1018 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലും മറ്റ് അനുബന്ധ സാധനങ്ങളും അടിഞ്ഞുകൂടി നദികളുടെയും കായലുകളുടെയും ആറുകളുടെയും മറ്റും ആഴവും സംഭരണശേഷിയും കുറഞ്ഞ സാഹചര്യത്തിൽ

പ്രളയക്കെടുതി നേരിടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കാമോ;

(ബി) ഇവിടങ്ങളിൽ നിന്നും മണൽ സംഭരിച്ച് നേരിട്ട് വില്പന നടത്തുന്നതിലൂടെ വീട് നിർമ്മിക്കുന്നവർ നേരിടുന്ന മണൽ ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കായംകുളം-കനാലുകളിലെ നീരൊഴുക്ക് സുഗമമാക്കാൻ നടപടി**

1019 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കായംകുളം നഗരസഭ, പത്തിയൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലൂടെ കടന്ന് പോകുന്ന കരിപ്പുഴ കനാലിലും കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, കായംകുളം നഗരസഭാ എന്നിവിടങ്ങളിലൂടെ കടന്ന് പോകുന്ന മലയം കനാലിലും മണ്ണ്, പോള, മറ്റ് മാലിന്യങ്ങൾ എന്നിവയാൽ നീരൊഴുക്ക് തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കനാലുകളുടെ ആഴം വർദ്ധിപ്പിച്ചും മാലിന്യങ്ങൾ നീക്കം ചെയ്തും ജല നിർഗ്ഗമനം സുഗമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**തൃക്കരിപ്പൂർ മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ പാലം നിർമ്മാണം**

1020 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിലെ മാടക്കാൽ, ഇടയിലക്കാട്, തെക്കെക്കാട് പുഴ ബണ്ടുകളിൽ ഇറിഗേഷൻ വകുപ്പ് മുഖേന പാലം നിർമ്മിക്കാനുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കാമോ?

**ക്ഷേത്രക്കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ**

1021 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്ര വലിയ കുളം, കണ്ടിയൂർ മഹാദേവ ക്ഷേത്ര കുളം എന്നിവയുടെ നവീകരണത്തിന് ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്ക് മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ചാട്ടുകുളം, വേലൂർ കിടായിച്ചിറ എന്നിവയുടെ നിർമ്മാണം**

1022 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ ചാട്ടുകുളം, വേലൂർ കിടായിച്ചിറ എന്നീ ബഡ്ജറ്റ് പ്രവൃത്തികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## വെള്ളായണി കായൽ ഭൂമി ഏറ്റെടുക്കാൻ നടപടി

1023 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ അധീനതയിൽ ഉള്ള തിരുവനന്തപുരം വെള്ളായണി കായൽ പ്രദേശത്ത് ജലവിതാനത്തിൽ പ്രദേശ വാസികൾക്ക് ഉള്ള കായൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(ബി) കായൽ ഭൂമി ഏറ്റെടുക്കുന്നതിന് 13.04.2022-ലെ 324/2022/ജ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 16.02.2022-ലെ ഡി2/7393/2021 നമ്പർ കത്ത് പ്രകാരവും എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ?

## മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കോട്ടത്തോട് നവീകരണം

1024 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കോട്ടത്തോട് നവീകരണത്തിന് ബജറ്റ് വിഹിതവും എം.എൽ.എ ഫണ്ടും അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോട്ടത്തോടിന്റെ നവീകരണത്തിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## നീരൊഴുക്ക് ഉറപ്പാക്കൻ നടപടി

1025 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ സംസ്ഥാനത്താകെ എത്ര ഓടകൾ, കാനകൾ, തോടുകൾ എന്നിവയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മഴക്കാലത്തിനു മുൻപായി മേല്പറഞ്ഞവ വൃത്തിയാക്കി നീരൊഴുക്ക് ഉറപ്പാക്കൻ ഈ വർഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; ഏതു സമയത്താണ് ഈ പ്രവൃത്തികൾ നടപ്പാക്കിയത്; ഇതിനായി എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; വിശദാംശം ജില്ലാ തിരിച്ചു വ്യക്തമാക്കുമോ?

## പൈങ്കണ്ണൂർ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം

1026 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിൽ പൈങ്കണ്ണൂർ പാടശേഖരത്തിലൂടെ കടന്ന് പോകുന്ന തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി തൊണ്ണൂറ് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോയെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

<u>**നദികളുടെയും കനാലുകളുടേയും ശുദ്ധികരണം-കുട്ടനാട്**</u>

1027 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളും കനാലുകളും ശുദ്ധീകരിക്കുന്നതിനായുള്ള കേന്ദ്ര സർക്കാർ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം നദികളും കനാലുകളുമാണ് പ്രസ്തുത പദ്ധതി പ്രകാരം ശുദ്ധീകരിക്കുന്നതിനായി ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കുട്ടനാട്, അപ്പർ കുട്ടനാട് ഭാഗങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഈ ഭാഗത്തുകൂടി ഒഴുകിയെത്തുന്ന നദികളിൽ അടിഞ്ഞ് കൂടിയിരിക്കുന്ന എക്കലും മണ്ണും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

<u>**എറണാകുളം നഗരത്തിലുള്ള ഓടകൾ വൃത്തിയാക്കാൻ നടപടി**</u>

1028 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ എറണാകുളം നഗരത്തിൽ എത്ര ഓടകൾ, കാനകൾ, തോടുകൾ എന്നിവയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആയവ മഴക്കാലത്തിന് മുൻപായി വൃത്തിയാക്കി നീരൊഴുക്ക് ഉറപ്പാക്കാൻ ഈ വർഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഏതു സമയത്താണ് പ്രവൃത്തികൾ നടപ്പാക്കിയത്; ഇതിനായി എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

<u>**കൊച്ചി കായലിൽ ചെളിയും എക്കലും നീക്കം ചെയ്യാൻ നടപടി**</u>

1029 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കൊച്ചി കായലിലേക്ക് വിവിധ പുഴകളും തോടുകളും വന്നു ചേരുന്ന ഭാഗങ്ങളിൽ ചെളിയും എക്കലും ചേർന്ന് തിട്ടകൾ രൂപം കൊള്ളുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നഗരത്തിൽ പെയ്യുന്ന മഴവെള്ളം കായലിലേക്ക് ഇറങ്ങിപ്പോകുന്നതിൽ പ്രസ്തുത തിട്ടകൾ തടസ്സം സൃഷ്ടിക്കുന്നതുമൂലം വെള്ളക്കെട്ട് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തിട്ടകൾ മൂലമുള്ള ചെളിയും എക്കലും നീക്കം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും കൈക്കൊണ്ട നടപടികളുടെ പുരോഗതിയും വെളിപ്പെടുത്തുമോ;

(ഡി) വേലിയിറക്ക സമയത്ത് മത്സ്യബന്ധന വഞ്ചികൾ, ബോട്ടുകൾ ഉൾപ്പെടെയുള്ളവ ജെട്ടികളിലേക്ക അടുപ്പിക്കുവാൻ ബുദ്ധിമുട്ടുന്നതും ഇവ ചെളിയും എക്കലും ചേർന്ന തിട്ടകളിൽ ഉറച്ചു പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## <u>തോടുകളിലും പുഴകളിലും നിന്ന് മണലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യാൻ നടപടി</u>

1030 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോടുകളിലും പുഴകളിലും അടിഞ്ഞുകൂടിയ ചെളിയും, മണലും, മാലിന്യവും നീക്കം ചെയ്യാത്തതുമൂലം നഗര പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായതായി പറയപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഓടകളിൽ നിന്നും മാലിന്യം നീക്കം ചെയ്യാൻ നടപടികൾ സ്വീകരിച്ചിരുന്നോയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് മഴ ശക്തമാകുന്ന സാഹചര്യത്തിൽ തോടുകളിലും പുഴകളിലും അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണലും, മാലിന്യവും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>വേമ്പനാട്ടുകായലിന്റെ തീരപ്രദേശത്തെ വെള്ളക്കെട്ട് തടയുന്നതിനുള്ള പദ്ധതി</u>

1031 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടുകായലിന്റെ തീരപ്രദേശത്തെ വെള്ളക്കെട്ട് തടയുന്നതിനും കായലിലെ എക്കൽ നീക്കം ചെയ്യുന്നതിനുമായി സമർപ്പിച്ച പദ്ധതിയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## <u>മലയാറ്റൂർ മണപ്പാട്ട് ചിറയുടെ നവീകരണം</u>

1032 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ മലയാറ്റൂർ അടിവാരത്ത് സ്ഥിതിചെയ്യുന്ന മണപ്പാട്ട് ചിറയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇറിഗേഷൻ വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രസ്തുത ചിറയുടെ പൊട്ടിപ്പൊളിഞ്ഞ ഭാഗം നവീകരിക്കുന്നതിനും, തകർന്നുകിടക്കുന്ന മണപ്പാട്ട് ചിറ മിനി പാർക്ക് നവീകരിക്കുന്നതിനും മതിയായ തുക നടപ്പ് വർഷം വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി ഇറിഗേഷൻ വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ;

വിശദാംശം ലഭ്യമാക്കുമോ;

(ഡി) വകുപ്പ് മന്ത്രി 28.02.2022 ന് 6381/വി.ഐ.പി/എം.(ഡബ്ള്യൂ.ആർ)/2022 നമ്പരായി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്തിൻമേൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) പ്രസ്തുത കത്തിലെ നിർദ്ദേശപ്രകാരം മേൽ പരാമർശിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ; എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം നടപ്പ് വർഷത്തെ പ്ലാൻ/നോൺ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലെങ്കിൽ ആയത് അടിയന്തരമായി തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ;

(എഫ്) പ്രസ്തുത ചിറ നവീകരിക്കുന്നതിനും ചിറയോട് ചേർന്ന് ഒരു പുതിയ പാർക്ക് നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

**മലങ്കര ഡാം തുറക്കുന്നത് സംബന്ധിച്ച മുന്നറിയിപ്പുകൾ നൽകുവാൻ നടപടി**

1033 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലങ്കര ഡാം തുറന്നുവിടുമ്പോൾ മൂവാറ്റുപുഴയാറിലെ ജലനിരപ്പ് അനിയന്ത്രിതമായി ഉയരുന്നതുകൊണ്ടാണ് വൈക്കം മണ്ഡലത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ മഴക്കാലത്ത് വെള്ളം കയറുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഡാം തുറക്കുന്നതിനനുസൃതമായി മൂവാറ്റുപുഴയാറിൽ ജലനിരപ്പ് ഉയരുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) ഡാം തുറക്കുന്നത് സംബന്ധിച്ച മുന്നറിയിപ്പുകൾ കോട്ടയം ജില്ലാ ഭരണകൂടത്തിന് നൽകാറുണ്ടോ; ഇല്ലെങ്കിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മൂവാറ്റുപുഴയാറിലെ ജലനിരപ്പ് അളക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ക്രമീകരണങ്ങൾ നിലവിലുണ്ടോ;

(ഇ) മലങ്കര ഡാം തുറക്കുമ്പോൾ മൂവാറ്റുപുഴയാറിലെ ജലനിരപ്പ് എത്രത്തോളം ഉയരുമെന്നത് സംബന്ധിച്ച അറിയിപ്പ് നൽകുവാൻ കഴിയുമോ?

**അരുതിരിത്തി തടയണയ്ക്ക് ഫൈബർ ഷട്ടറുകൾ**

1034 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മങ്കട വലിയതോടിൽ നിർമ്മിച്ചിട്ടുള്ള അരുതിരിത്തി തടയണയുടെ ഷട്ടറുകളും കുട്ടപ്പാല വി.സി.ബി.യുടെ മരഷട്ടറുകളും കാലപ്പഴക്കത്താൽ ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തടയണയിലും വി.സി.ബി.യിലും ഫൈബർ ഷട്ടറുകൾ സ്ഥാപിക്കുന്നതിനും നിലവിലെ കരിങ്കൽ പാർശ്വഭിത്തി പൊളിച്ചുമാറ്റി കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മിയ്ക്കുന്നതിനുമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കഴിഞ്ഞ സാമ്പത്തിക വർഷം

തന്നെ സമർപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെ ഫണ്ട് അനുവദിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഫണ്ട് അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഫണ്ട് അനുവദിച്ച് ആയത് എത്രയുംവേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## <u>തിരൂരങ്ങാടി മണ്ഡലത്തിലെ മൂഴിക്കൽ തടയണ</u>

1035 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പാലത്തിങ്ങൽ പ്രദേശത്ത് സ്ഥാപിക്കുന്ന നിർദിഷ്ട മൂഴിക്കൽ തടയണയുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയെ സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജി. എസ്. ടി. അടക്കം മൊത്തം തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഫയൽ സർക്കാരിൽ ഉണ്ടെങ്കിൽ ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

## <u>വെട്ടിയാർ ചീപ്പ് നിർമ്മാണം</u>

1036 **ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിയാർ ചീപ്പ് നിർമ്മാണത്തിന് ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വെട്ടിയാർ ചീപ്പിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷനും മെക്കാനിക്കൽ വിഭാഗവും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത നിർമ്മാണം ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>തൂത പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം</u>

1037 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിർമ്മിക്കേണ്ട, തൂത പുഴയ്ക്ക് കുറുകെയുള്ള ചെക്ക് ഡാം നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ചെക്ക് ഡാമിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ചെക്ക് ഡാമിന്റെ നിർമ്മാണത്തിനായി എത്ര രൂപ അനുദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## അരുണാപുരം ചെക്ക് ഡാം നിർമ്മാണം

1038 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാല മണ്ഡലത്തിലെ അരുണാപുരം ചെക്ക് ഡാം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ചെക്ക് ഡാം നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്; ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വെള്ളൂർ തോട് സൈഡ് ഭിത്തി പുനർനിർമ്മാണം

1039 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ തോട് സൈഡ് ഭിത്തി പുനർനിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## അച്ചൻകോവിലാറിന്റെ തീര സംരക്ഷണ ഭിത്തി നിർമ്മാണം

1040 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ വാർഡ് 7 കല്ലുവളയം പള്ളിക്ക് സമീപം അച്ചൻകോവിലാറിന്റെ തീര സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റും ഭരണാനുമതിയുടെ പകർപ്പും പ്രദേശത്തെ മണ്ണ് പരിശോധനയുടെ റിപ്പോർട്ടും ലഭ്യമാക്കുമോ; പ്രസ്തുത സംരക്ഷണ ഭിത്തിയുടെ നിർമ്മാണം ത്വരിതഗതിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കൂത്തുപറമ്പ് മണ്ഡലത്തിലെ എലിത്തോട് പുഴയോരത്തെ പുഴയോരഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി

1041 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ എലിത്തോട് പുഴയോരത്തെ കുടുംബങ്ങൾ മണ്ണിടിച്ചിലും കാലവർഷ ഭീഷണിയും നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത കുടുംബങ്ങളുടെ ആശങ്കയകറ്റാൻ പുഴയോരഭിത്തി നിർമ്മിക്കുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപെട്ടു മുൻപ് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള

പുഴയോരഭിത്തി നിർമ്മിക്കാൻ ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഈ കുടുംബങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

**<u>കൊണ്ടോട്ടി മണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീരം സംരക്ഷിക്കുന്നതിനുള്ള നടപടികൾ</u>**

1042 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴ ഒഴുകുന്ന കൊണ്ടോട്ടി മണ്ഡലത്തിലെ ചീക്കോട്, വാഴക്കാട്, വാഴയൂർ പഞ്ചായത്തുകളിൽ തീരശോഷണം തടയുന്നതിനും പാർശ്വഭിത്തി കെട്ടി പുഴയുടെ തീരം സംരക്ഷിക്കുന്നതിനുമായി 2021 ഏപ്രിൽ മുതൽ നാളിതുവരെ എത്ര പരാതികൾ/അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ എത്ര പ്രൊപ്പോസലുകൾ ഇതുവരെ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്;

(സി) പ്രസ്തുത കാലയളവിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**<u>ജല മെട്രോയുടെ പ്രവർത്തനം മൂലം ചേരാനെല്ലൂരിനും മുളവുകാടിനും ഇടയിലുള്ള തീരത്തെ മണ്ണൊലിപ്പ്</u>**

1043 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങളുടെ ഫലമായി എറണാകുളം ജില്ലയിൽ ചേരാനെല്ലൂരിനും മുളവുകാടിനും ഇടയിലുള്ള തീരത്ത് ഗണ്യമായ മണ്ണൊലിപ്പും നാശവും റിപ്പോർട്ട് ചെയ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചേരാനെല്ലൂർ മുതൽ മുളവുകാട് വരെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സംരക്ഷണഭിത്തി, ജല മെട്രോയുടെ പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന മണ്ണൊലിപ്പിൽ നിന്നും കരകളെ സംരക്ഷിക്കുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനും നദീതീരങ്ങളുടെ സംരക്ഷണവും പ്രാദേശിക സമൂഹങ്ങളുടെ സുരക്ഷയും ഉറപ്പുവരുത്തുന്നതിനുമായി പരിഗണിക്കുന്ന നിർദേശങ്ങളെയും പദ്ധതികളെയും കുറിച്ചുള്ള വിവരം നൽകാമോ?

**<u>അമ്പലപ്പുഴ മണ്ഡലത്തിൽ തീരദേശ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ</u>**

1044 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ സംരക്ഷണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന തീരസംരക്ഷണ പദ്ധതികളുടെ നിർമ്മാണം ഇനിയും പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) തീര സംരക്ഷണ പദ്ധതികൾ നടപ്പിലാക്കാത്തതും ഇപ്പോൾ കടലാക്രമണം ഉണ്ടായതുമായ പ്രദേശങ്ങളിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) തീരസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബീച്ചുകളുടെ സൗന്ദര്യം പരമാവധി നഷ്ടപ്പെടുത്താതെ പ്രകൃതി സൗഹൃദപരമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കാമോ?

## മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി നിർമ്മാണം

1045 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മാണ പ്രവൃത്തിയുടെ വിശദാംശവും പ്രസ്തുത പ്രവൃത്തി എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന വിവരവും ലഭ്യമാക്കാമോ?

## കാപ്പാട് തീരസംരക്ഷണം

1046 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ ഭീഷണി നേരിടുന്ന ഹോട്ട് സ്പോട്ടുകളിലൊന്നായി കണ്ടെത്തിയ കൊയിലാണ്ടി മണ്ഡലത്തിലെ കാപ്പാട് തീരസംരക്ഷണത്തിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ആലപ്പാട് പഞ്ചായത്തിൽ കടൽ പുലിമുട്ട് നിർമ്മാണം

1047 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിൽ കിഫ്ബി വഴി കടൽ പുലിമുട്ട് നിർമ്മാണം നടത്തുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് വേണ്ടി അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കടൽ പുലിമുട്ട് നിർമ്മാണം നടത്തുന്നതിന് സാങ്കേതികാനുമതി ലഭിക്കാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) സാങ്കേതികയുടെ പേരിൽ കാലതാമസം വരുത്താതെ അടിയന്തരമായി സാങ്കേതിക അനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; കാലതാമസം കൂടാതെ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി

സ്വീകരിക്കുമോ?

**കടലാക്രമണം തടയുന്നതിനുള്ള പദ്ധതികൾ**

1048 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് കടലാക്രമണം തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കടലാക്രമണം ചെറുക്കാനും തിരുവനന്തപുരം ശംഖുമുഖം ഉൾപ്പെടെയുള്ള പ്രദേശങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഗുരുവായൂർ മണ്ഡലത്തിൽ കടൽ ക്ഷോഭം തടയുന്നതിനുള്ള നടപടികൾ**

1049 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കടൽ ക്ഷോഭം തടയുന്നതിനായി നിലവിൽ വകുപ്പ് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കടൽക്ഷോഭം തടയുന്നതിനായി പ്രസ്തുത മണ്ഡലത്തിൽ അംഗീകരിച്ച അടിയന്തര പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**മഴക്കാലത്തെ കടൽക്ഷോഭം തടയാൻ നടപടി-കോഴിക്കോട്**

1050 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലം ശക്തമാകുന്നത് മൂലമുള്ള കടൽക്ഷോഭം തടയുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ഉൾപ്പെട്ട തീരദേശ മേഖലയിലെ കടൽക്ഷോഭം തടയുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**വല്ലാർപാടം - പനമ്പുകാട് റിംഗ് ബണ്ട് റോഡ്**

1051 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെയും ട്രിഡയുടെയും ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള വല്ലാർപാടം പനമ്പുകാട് റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും അതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ;

(ബി) 2012-ൽ ട്രിഡയും തുടർന്ന് കിഫ്ബി ഇരുപത് കോടി ധനസഹായം അനുവദിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ വരുത്തുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) ഇതിന്റെ ഡിസൈൻ എന്നത്തേക്ക് തയ്യാറാക്കാൻ സാധിക്കുമെന്നും പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഡിസൈന്റെ അംഗീകാരത്തിനായി 28.03.2022-ന് ഐ.ഡി.ആർ.ബി-ക്ക് സമർപ്പിച്ച സി.എസ്-എ.ഡി10/499/2022 നമ്പർ ഫയലിൽ നാളിതുവരെ നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ?

## ഉള്ളണം ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ്

1052 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി ഉള്ളണം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് ഹൗസ്, പുഴയുടെ കര ഇടിഞ്ഞതിനാൽ ഏതു സമയവും പുഴയിലേക്ക് ഇടിഞ്ഞു വീഴുമെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ ഭാഗത്ത് പുഴയുടെ സൈഡ് കെട്ടി പമ്പ് ഹൗസ് സംരക്ഷിക്കേണ്ട അടിയന്തര സാഹചര്യം പരിഗണിച്ച് ബന്ധപ്പെട്ട എൻജിനീയറിങ് വിഭാഗം തയ്യാറാക്കി സമർപ്പിച്ച 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അടങ്ങിയ പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ മൈനർ ഇറിഗേഷൻ ഉദ്യോഗസ്ഥർ എമർജൻസി ഗണത്തിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ച 35 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ. എ. സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ടൂറിസം പദ്ധതികൾ

1053 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കാട് പിടിച്ച് തരിശ് കിടക്കുന്നതുമൂലം പൊതുജനങ്ങൾക്കും പ്രദേശവാസികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടും അപകടവും ഒഴിവാക്കുന്നതിനായി ഇത്തരം കേന്ദ്രങ്ങളിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് പ്രാദേശിക ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ;

(ബി) അങ്കമാലി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വെറുതെ കിടക്കുന്ന നാല് പ്രധാന കേന്ദ്രങ്ങളിൽ, എം.എൽ.എ. ഫണ്ട് വിനിയോഗിച്ച്, ടൂറിസത്തിന്റെ ഭാഗമായി സൗന്ദര്യവൽകൃത പാർക്ക് നിർമ്മിക്കുന്നതിനായി വകുപ്പ് മന്ത്രിക്കും ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ്)നും നൽകിയ കത്തിന്മേൽ റിപ്പോർട്ട് വേഗത്തിൽ ലഭ്യമാക്കി പാർക്ക് നിർമ്മിക്കുന്നതിനായി അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കരിച്ചാൽക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം

1054 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ

പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ?

## ഏനാമാക്കൽ റെഗുലേറ്ററിന്റെ നവീകരണം

1055 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ റെഗുലേറ്റർ നവീകരണ പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ഇടിയഞ്ചിറ റഗുലേറ്ററിന്റെ നവീകരണം

1056 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ നിലങ്ങളിൽ ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിനും മഴക്കാലത്ത് അധിക ജലം ഒഴുക്കി വിടുന്നതിനും വേണ്ടി നിർമ്മിച്ചിട്ടുള്ള ഇടിയഞ്ചിറ റഗുലേറ്ററിൽ, നവീകരണത്തിന്റെ ഭാഗമായി നീക്കം ചെയ്തിട്ടുള്ള മുഴുവൻ ഷട്ടറുകളും എപ്പോൾ പുനഃസ്ഥാപിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) ശക്തമായ മഴയെ തുടർന്ന് പ്രസ്തുത റെഗുലേറ്ററിന്റെ താത്ക്കാലിക ബണ്ട് പൊട്ടിച്ചതിന്റെ ഭാഗമായി അധിക ജലം പുറത്തേക്ക് ഒഴുക്കുന്നുണ്ടെങ്കിലും മഴക്കാലം കഴിഞ്ഞാൽ ജല നിരപ്പ് താഴന്ന് ഉപ്പ് വെള്ളം കനാലിലേയ്ക്ക് കടക്കുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ്

1057 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിലെ ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിൽ ജലം സംഭരിക്കുന്നതിനുള്ള പരമാവധി ഉയരം എത്രയാണ്;

(ബി) നിലവിൽ എത്ര ഉയരത്തിലാണ് ജലം സംഭരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പരമാവധി ഉയരത്തിൽ ജലം സംഭരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തടസ്സം പരിഹരിക്കുന്നതിന് വേണ്ടി സ്വീകരിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

## ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

1058 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയിന്മേൽ കിഫ്ബിയുടെ അപ്രൈസൽ വിംഗായ സി.എം.ഡി.യുടെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയതിനെത്തുടർന്ന് പുതുക്കിയ ഡി.എസ്.ആർ. പ്രകാരം തയ്യാറാക്കിയ പുതിയ ഡി.പി.ആർ. ന് കിഫ്ബിയുടെ അംഗീകാരം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പദ്ധതി പ്രദേശത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് പാലത്തിന് പകരം ഫൂട്ട് ബ്രിഡ്ജ് നിർദേശിച്ചുകൊണ്ട് കിഫ്ബിയിൽ സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ - ന് അംഗീകാരം നൽകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

## <u>കാരശ്ശേരി കൽപ്പൂർ റെഗുലേറ്റർ കം ബ്രിഡ്ജിന് ഷട്ടർ സ്ഥാപിക്കൽ</u>

1059 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരശ്ശേരി പഞ്ചായത്തിലെ ചെറുപുഴക്ക് കുറുകെ നിർമ്മിച്ച കൽപ്പൂർ റെഗുലേറ്റർ കം ബ്രിഡ്ജിന് എഫ്.ആർ.പി. ഷട്ടർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്നും ആയതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## <u>പട്ടാമ്പി - മുദിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി</u>

1060 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന മൂദിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) മൂദിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) മൂദിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അനുബന്ധ റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

## <u>കല്ല്യാശ്ശേരി നട്ടിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ്</u>

1061 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ പര്യവേഷണ പ്രവൃത്തിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം</u>

1062 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ ബഡ്ജറ്റിൽ ഉൾപ്പെട്ട, മങ്കട നിയോജകമണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇരുപത് ശതമാനം തുക ബഡ്ജറ്റിൽ വകയിരുത്തിക്കൊണ്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിയ്ക്ക് നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭരണാനുമതി ലഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുന്നുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിന് സമർപ്പിയ്ക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

<u>**പാറയിൽ വി.സി.ബി.**</u>

1063 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽപ്പെട്ട പാറയിൽ വി.സി.ബി.യ്ക്ക് ചോർച്ചയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ചോർച്ച ഒഴിവാക്കുന്നതിന് നിലവിലുള്ള ഫൈബർ ഷട്ടർ മാറ്റി മെക്കാനിക്കൽ വിഭാഗം സ്ഥാപിക്കുന്ന ഇരുമ്പിന്റെ ഷട്ടർ സ്ഥാപിക്കണമെന്നുള്ള വിദഗ്ദ്ധ സംഘത്തിന്റെ ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഫൈബർ ഷട്ടർ മാറ്റി മെക്കാനിക്കൽ വിഭാഗത്തിന്റെ ഷട്ടർ സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഫൈബർ ഷട്ടർ മാറ്റി ഇരുമ്പിന്റെ ഷട്ടർ സ്ഥാപിക്കണമെന്ന വിദഗ്ദ്ധ സമിതിയുടെ ശിപാർശ പ്രകാരമുള്ള ഫയൽ സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത ഫയൽ നിലവിൽ ഏത് ഓഫീസിലാണ് ഉള്ളതെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

<u>**ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**</u>

1064 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് തകർന്ന് ഗർത്തങ്ങൾ രൂപപ്പെട്ടതിനാൽ റോഡ് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) തകർന്ന അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തീകരിക്കാത്ത റെഗുലേറ്ററിന്റെയും നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഇരിക്കൂർ കടമനക്കണ്ടി വളവുപാറ പുഴയ്ക്ക് കുറുകെയുള്ള ആർ.സി.ബി നിർമ്മാണം**

1065 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഉളിക്കൽ പഞ്ചായത്തിലെ കടമനക്കണ്ടി വളവുപാറ പുഴയ്ക്ക് കുറുകെയുള്ള ആർ.സി.ബി നിർമ്മാണ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

**ഇരിക്കൂർ നുച്ചിയാട് പുഴയ്ക്ക് കുറുകെയുള്ള ആർ.സി.ബി നിർമ്മാണം**

1066 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഉളിക്കൽ പഞ്ചായത്തിലെ മാവിലക്കടവ് നുച്ചിയാടിൽ നുച്ചിയാട് പുഴയ്ക്ക് കുറുകെയുള്ള ആർ.സി.ബി നിർമ്മാണ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയിൽ റെഗുലേറ്റർ കം ബ്രിഡ്ജ്**

1067 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ ചേരിപ്പാട്-മക്കൊള്ളി-രണ്ടാറ്റുമുന്നിയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തികൾ ഐ.ഡി.ആർ.ബി (ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ്) പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**ജലവിഭവ വകുപ്പിലെ ഒഴിവുകൾ**

1068 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ടെക്നിക്കൽ, മിനിസ്റ്റീരിയൽ വിഭാഗങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തികയും ജില്ലയും തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമിക്കേണ്ട ഒഴിവുകൾ എത്രയാണെന്നും, അവയിൽ എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

**കോന്നി മണ്ഡലത്തിലെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

1069 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ 2022 മുതൽ ഭരണാനുമതി ലഭിച്ച മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം ആരംഭിച്ചവയുടെ പുരോഗതി വിശദമാക്കുമോ;

(ബി) കോന്നി മണ്ഡലത്തിലെ പതിനൊന്ന് ഗ്രാമപഞ്ചായത്തുകളിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ നിർമ്മാണപുരോഗതി വിശദമാക്കുമോ;

(സി) കോന്നി മണ്ഡലത്തിൽ, പട്ടികജാതി കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ചതും വാട്ടർ അതോറിറ്റി നിർവ്വഹണം ഏറ്റെടുത്തിട്ടുള്ളതുമായ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ ജലസേചന വകുപ്പ് പദ്ധതികൾ

1070 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ജലസേചന വകുപ്പ് പദ്ധതികളും അവയുടെ നിർവ്വഹണം ഏതു ഘട്ടത്തിലാണെന്നുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ?

## നാട്ടകം കുടിവെള്ള പദ്ധതി

1071 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം നാട്ടകം കുടിവെള്ള പദ്ധതിയ്ക്കുവേണ്ടി മണിപ്പുഴ വരെ പൈപ്പുകൾ സ്ഥാപിക്കുകയുണ്ടായെങ്കിലും പ്രസ്തുത പദ്ധതി മുടങ്ങിയത് ഏത് വകുപ്പിന്റെ അനാസ്ഥ മൂലമാണ്; കാരണം വ്യക്തമാക്കാമോ;

(ബി) എന്നത്തേയ്ക്ക് ഇതിന് പരിഹാരമുണ്ടാക്കുവാൻ കഴിയുമെന്നും പ്രസ്തുത പദ്ധതി ഉടൻ പൂർത്തീകരിക്കുവാൻ സാധിക്കുമോയെന്നും വ്യക്തമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

1072 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ മൈനർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അവയിൽ പ്രവൃത്തി ആരംഭിച്ചതും എന്നാൽ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നതുമായ പദ്ധതികളുടെ എണ്ണം വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## റിജുവനേഷൻ ഓഫ് വെള്ളായണി ലേക്ക്

1073 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ 95 കോടി രൂപ അനുവദിച്ച്

ഭരണാനുമതി ലഭിച്ച റിജുവനേഷൻ ഓഫ് വെള്ളായണി ലേക്ക് എന്ന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## പഴശ്ശി ഇറിഗേഷൻ പദ്ധതി

1074 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പഴശ്ശി ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികളുടെ പുരോഗതി

1075 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ ഇരിക്കൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും നിർമ്മാണപുരോഗതി, പട്ടിക തിരിച്ച് വ്യക്തമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

1076 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ കുണ്ടറ മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വിഭാഗങ്ങളിലേക്കായി അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും സാമ്പത്തികവർഷാടിസ്ഥാനത്തിൽ പഞ്ചായത്ത് തിരിച്ചുള്ള വിശദമായ വിവരം നൽകാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പ് പ്രവൃത്തികൾ

1077 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേന 2020-21, 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രവൃത്തികൾ അനുവദിച്ചതെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക എത്രയെന്നും വിശദമാക്കാമോ?

## വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

1078 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ 20% മാത്രം പ്രവൃത്തി പൂർത്തീകരിച്ച വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം കരാറുകാരന്റെ മരണത്തെത്തുടർന്ന് നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജി.എസ്.ടി. വർദ്ധന ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ഭരണാനുമതി ലഭിക്കാത്തതുമൂലം പ്രവൃത്തി പുനരാരംഭിക്കാൻ കഴിയാത്ത പ്രശ്നം പരിഹരിക്കുന്നതിനും പുതുക്കിയ ഭരണാനുമതിയും ഫണ്ടും അടിയന്തരമായി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## കോട്ടൂർ വേട്ടുണ്ടമല റോഡ് നവീകരണം

1079 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ കടന്നു പോവുന്ന കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വേട്ടുണ്ടമല റോഡ് നവീകരിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) വാട്ടർ അതോറിറ്റിക്ക് കൂടി ഉപകാരപ്രദമായ പ്രസ്തുത റോഡ് നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടും അനുമതിയില്ലാത്തത് കാരണം പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് അടിയന്തരമായി അനുമതി കൊടുക്കാൻ നടപടി സ്വീകരിക്കാമോ?

## അരുവിക്കര നിയോജക മണ്ഡലത്തിലെ വിവിധ പദ്ധതികൾ

1080 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകളുടെ കീഴിൽ അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി, പ്രവർത്തനപുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

## കോങ്ങാട് മണ്ഡലത്തിലെ റസ്റ്റ് ഹൗസിനു ജലസേചന വകുപ്പിന്റെ സ്ഥലം നൽകൽ

1081 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള കോങ്ങാട് മണ്ഡലം റസ്റ്റ് ഹൗസ് നിർമ്മാണത്തിന് ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കാഞ്ഞിരപ്പുഴ ഡാമിന്റെ പരിസരത്ത് ശിപാർശ ചെയ്യപ്പെട്ട സ്ഥലത്തിന് പകരം കല്ലടിക്കോടുള്ള പഴയ ഇറിഗേഷൻ ഐ.

ബി. നിലനിന്നിരുന്ന സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പറശ്ശിനിക്കടവ് നീർപ്പാലത്തിന്റെയും സമീപ പ്രദേശങ്ങളുടെയും സൗന്ദര്യവൽക്കരണം

1082 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിൽ നവീകരണ പ്രവൃത്തികൾ പൂർത്തിയായ പറശ്ശിനിക്കടവ് നീർപ്പാലവും സമീപ പ്രദേശങ്ങളും സൗന്ദര്യവൽക്കരിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പ് ജലവിഭവ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം (എൻ.ഒ.സി.) ആവശ്യപ്പെട്ടിട്ടുള്ളതിന്മേൽ ജലവിഭവ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; എൻ.ഒ.സി. അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

## വാട്ടർ അതോറിറ്റിയുടെ ആസ്തികളുടെയും ഗസ്റ്റ് ഹൗസ്, ഐ.ബി. എന്നിവയുടെയും പരിപാലനം

1083 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ആസ്തികളുടെയും ഗസ്റ്റ് ഹൗസ്, ഐ.ബി. എന്നിവയുടെയും പരിപാലനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) വാട്ടർ അതോറിറ്റിയുടെ ആസ്തികളിൽപ്പെട്ട സ്ഥലങ്ങൾ മറ്റ് വകുപ്പുകളും, സ്വകാര്യ വ്യക്തികളും കയ്യേറ്റം ചെയ്യാതെ സംരക്ഷിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി രൂപീകരിക്കാമോ;

(സി) വാട്ടർ അതോറ്റിറ്റിയുടെ അധീനതയിലുള്ള ഗസ്റ്റ് ഹൗസുകൾ, ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ എന്നിവ നവീകരിച്ച് പൊതുജനങ്ങൾക്കും ടൂറിസ്റ്റുകൾക്കും കൂടി താമസസൗകര്യത്തിനായി ലഭ്യമാക്കുന്നതിനും ആയതിന് ഓൺലൈൻ റിസർവേഷൻ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാമോ?

## സോൺ മാനദണ്ഡങ്ങൾ

1084 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിന്റെ ക്രിട്ടിക്കൽ സോൺ, സെമി ക്രിട്ടിക്കൽ സോൺ മാനദണ്ഡങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ കാറ്റഗറി നിശ്ചയിക്കുന്നത് ബ്ലോക്ക് അടിസ്ഥാനത്തിലാക്കിയതിനാൽ വിസ്തൃതി കൂടിയ ബ്ലോക്കുകളിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രയാസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാറ്റഗറി നിശ്ചയിക്കുന്നതിനുള്ള യൂണിറ്റ്, ബ്ലോക്ക് പഞ്ചായത്ത് എന്നതിനു പകരം ഗ്രാമപഞ്ചായത്ത് എന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ജലവിഭവ വകുപ്പിന് അനുവദിച്ച തുക

1085 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം ജലവിഭവ വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

**<u>നവകേരള സദസ്സിൽ ലഭിച്ച ജലവിഭവ വകുപ്പിൽ പരിഹരിക്കപ്പെടേണ്ട ഹർജികൾ</u>**

1086 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ ലഭിച്ചതും ജലവിഭവ വകുപ്പിലൂടെ പരിഹരിക്കപ്പെടേണ്ടതുമായ ഹർജികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹർജികളിൽ ഹർജിക്കാരന് അനുകൂലമായി പരിഹാരമുണ്ടായ ഹർജികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും പരിഹരിക്കപ്പെടേണ്ട ഹർജികളുടെ എണ്ണം എത്രയെന്നും ഇവ ഏതൊക്കെ ഓഫീസുകളിലാണ് പെൻഡിങ്ങിലുള്ളതെന്നും വ്യക്തമാക്കാമോ; ഇതിന് പരിഹാരം കാണുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ?

**<u>സ്വീവറേജ് പ്രോജക്ട്-കഴക്കൂട്ടം</u>**

1087 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട് പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എപ്പോൾ പൂർത്തിയാകും; പ്രസ്തുത പ്രോജക്ടിന്റെ കമ്മീഷനിംഗ് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രോജക്ട് നടപ്പിലാക്കുവാൻ ഉണ്ടാകുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന സ്വീവറേജ് പ്രോജക്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രോജക്ടുകളുടെ കമ്മീഷനിംഗ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജലനിധി പദ്ധതി</u>**

1088 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലേമ്പ്ര പഞ്ചായത്തിന്റെ ജലക്ഷാമം പരിഹരിക്കുന്നതിനായി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കിൻഫ്ര പാർക്കിൽനിന്നും നടപ്പാക്കുന്ന ജലനിധി പദ്ധതി മുഖേന വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സെസ് ഒഴിവാക്കിയ നടപടിക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിൽനിന്നും വാട്ടർ അതോറിറ്റിക്ക് നൽകിയ കത്തിന്മേൽ മറുപടി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## 2023-24 ലെ പദ്ധതി ചെലവ്

1089 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ജലവിഭവ വകുപ്പിലെ പദ്ധതി ചെലവുകൾക്കായി നീക്കിവെച്ചിരുന്ന തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ?

## മലപ്പുറം മണ്ഡലത്തിലെ മേൽമുറി, ഇരുമ്പുഴി കരുമാഞ്ചേരി കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി

1090 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ മേൽമുറി കുടിവെള്ള പദ്ധതി, ഇരുമ്പുഴി കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതി എന്നിവ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തിയ മേൽമുറി കുടിവെള്ള പദ്ധതിയുടെ പ്രപ്പോസലിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കാമോ?

## ജലജീവൻ പദ്ധതി- കാഞ്ഞങ്ങാട്

1091 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ജലജീവൻ പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## ജലജീവൻ മിഷൻ

1092 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ കേരളത്തിൽ ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര മാസം കൊണ്ടാണ് ഈ മിഷൻ പൂർത്തീകരിക്കേണ്ടതെന്നും എത്ര ശതമാനം പ്രവൃത്തി ഇപ്പോൾ പൂർത്തീകരിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര വീടുകൾക്കാണ് പ്രസ്തുത മിഷൻ പ്രകാരം വെള്ളം ലഭിക്കുക എന്ന് വ്യക്തമാക്കുമോ;

(ഡി) ഉപഭോക്താവോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഇതിനുവേണ്ടി പണം

കണ്ടെത്തേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകാമോ;

(ഇ) കേരളത്തിൽ ജലജീവൻ പദ്ധതി നടപ്പിലാക്കുമ്പോൾ എത്ര രൂപ ചെലവാകും; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) കേന്ദ്രവിഹിതത്തിന്റെയും സംസ്ഥാന വിഹിതത്തിന്റെയും തോത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ജി) കേരളം വിഹിതം നൽകാത്തത് കൊണ്ട് 2023-24 സാമ്പത്തിക വർഷം കേന്ദ്രം ഫണ്ട് തടഞ്ഞു എന്ന പാർലമെന്റിൽ എഴുതി നൽകിയ ജൽശക്തി മന്ത്രിയുടെമറുപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; ജലജീവൻ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് കുടിശികമായി എത്ര രൂപയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>**

1093 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷവും കാഞ്ഞങ്ങാട് മണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**<u>മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയിട്ടുള്ള ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>**

1094 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, ധനകാര്യവകുപ്പിന്റെ അനുമതിയില്ലാതിരുന്നിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ ജലവിഭവ വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ ഇവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇവ ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കുന്നു; വിശദാംശം നൽകാമോ?

**<u>വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതി</u>**

1095 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയുടെ ഭാഗമായി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വള്ളിക്കുന്ന്, തേഞ്ഞിപ്പലം, പെരുവള്ളൂർ, ചേലേമ്പ്ര, പള്ളിക്കൽ എന്നീ ഗ്രാമ

പഞ്ചായത്തുകളിലേക്ക് കുടിവെള്ളമെത്തിക്കുന്ന പ്രധാന പദ്ധതിയുടെ അൻപത് ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വിവിധ പൊതുമരാമത്ത് റോഡുകളിലൂടെ പൈപ്പ് കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതി ലഭിക്കാത്തതു കാരണം പദ്ധതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി റോഡുകൾക്ക് കട്ടിങ്ങ് അനുമതി നൽകുന്നതിന് മുമ്പായി, പൊതുമരാമത്ത് വകുപ്പ് കേരള വാട്ടർ അതോറിറ്റിക്ക് ഡിമാന്റ് നോട്ട് നൽകിയെങ്കിലും ജെ.ജെ.എം. ഫണ്ടിന്റെ നിലവിലെ വിനിയോഗ സാഹചര്യം മൂലം പൊതുമരാമത്ത് വകുപ്പിനു ഫണ്ട് കൈമാറാൻ സാധ്യമല്ലെന്ന് വാട്ടർ അതോറിറ്റി അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയുടെ ബോണ്ടിന്റെ അടിസ്ഥാനത്തിൽ റോഡ് കട്ടിങ്ങ് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് അനുമതി നൽകുമെന്ന് ധാരണയായിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഭേദഗതി ചെയ്ത ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കുടിവെള്ള പദ്ധതികളുടെ നവീകരണം

1096 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള കുടിവെള്ള പദ്ധതികളിൽ ഉപയോഗയോഗ്യമല്ലാത്തവയുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പഴക്കം ചെന്ന കുടിവെള്ള പദ്ധതികളുടെ നവീകരണം ഉൾപ്പെടെ, നിലവിലെ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ എത്ര പദ്ധതികൾ നവീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## നിലമ്പൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി

1097 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതികളുടെ നിലവിലെ നിർവ്വഹണ പുരോഗതി വിശദമാക്കാമോ; ഓരോ പഞ്ചായത്തിലും എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചുവെന്നും പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിക്കുമെന്നും പദ്ധതിക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരവും പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ ജലജീവൻ പദ്ധതിയിൽ ഇനി ഏതെല്ലാം പ്രവൃത്തികളാണ് ടെൻഡർ ചെയ്യാനുള്ളതെന്നും ടെൻഡർ ചെയ്യാനുള്ള പ്രവൃത്തികളുടെ തുക എത്ര വീതമാണെന്നും അറിയിക്കാമോ; ടെൻഡറുകളിൽ കരാറുകാർ പങ്കെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പദ്ധതിക്കായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനും വിവിധ വകുപ്പുകൾക്ക് അടക്കേണ്ട തുക എത്രയെന്ന്, ഓരോ പദ്ധതിയും റോഡുകളുടെ പേരും സഹിതം വിശദമാക്കാമോ; ഇതിൽ എത്ര തുക ഇതിനകം നൽകിയെന്നും ഇനി ഏതെല്ലാം റോഡുകളുടെ

റീസ്റ്റോറേഷനുവേണ്ടിയാണ് തുക നൽകാനുള്ളതെന്നും ഇപ്രകാരം നൽകാനുള്ള തുക എത്രയെന്നും അറിയിക്കാമോ;

(ഡി) നിലവിൽ നിർമ്മാണവും നവീകരണവും നടക്കുന്ന പൊതുമരാമത്ത്, പി.എം.ജി.എസ്.വൈ. റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും റീസ്റ്റോറേഷനും വേണ്ടി സമയബന്ധിതമായി തുക അടക്കാനും തുക അടാക്കാമെന്ന ഉറപ്പ് രേഖാമൂലം നൽകാനും തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

**<u>നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതി</u>**

1098 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ജലജീവൻ പദ്ധതി പ്രകാരം കുളത്തൂർ, കാരോട്, ചെങ്കൽ, തിരുപുറം, അതിയന്നൂർ എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനോടനുബന്ധിച്ച് ഓരോ പഞ്ചായത്തിനും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) ഓരോ പഞ്ചായത്തിലെയും പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

**<u>ജലജീവൻ മിഷൻ പദ്ധതിയ്ക്കായി കുഴിച്ച കുഴികളിലെ അപകടങ്ങൾ</u>**

1099 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയ്ക്കായി റോഡുകൾ കുഴിക്കുമ്പോൾ അവ പൂർവ്വ സ്ഥിതിയിലാക്കാൻ ചുമതലയുള്ളത് ആർക്കാണെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇതിനായി പദ്ധതിയിൽ പ്രത്യേകം തുക അനുവദിയ്ക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ജലജീവൻ പദ്ധതിയ്ക്കായി കുഴിച്ച കുഴികളിൽ വീണ് എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം അപകടത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും അപകടത്തിൽപ്പെട്ടവർക്കും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

**<u>എ.ഡി.ബി. സഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതി</u>**

1100 **ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനും തടസ്സം കൂടാതെ മുഴുവൻ സമയം ശുദ്ധജലം ലഭ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് എ.ഡി.ബി.യുടെ സഹായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ; പദ്ധതി നടത്തിപ്പ് ജല അതോറിറ്റി ജീവനക്കാരെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മൈനോറിറ്റി കുടിവെള്ള പദ്ധതി</u>**

1101 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനോറിറ്റി കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ, പദ്ധതികൾ നടപ്പിലാക്കാത്തതുമൂലം എത്ര രൂപ മിച്ചമുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് MW2/183/2023-GAD നമ്പരായി 22-12-2023-ന് സർക്കാരിൽ നിന്നയച്ച കത്തിന് മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) സർക്കാർ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിലുള്ള ഉദ്യോഗസ്ഥ വീഴ്ച സംബന്ധിച്ച് പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

**<u>ലോകബാങ്ക് വായ്പാ സഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതി</u>**

1102 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് വായ്പാ സഹായത്തോടെ കൊച്ചി നഗരത്തിൽ ഇരുപത്തിനാല് മണിക്കൂറും ശുദ്ധജലം ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് എത്രയാണെന്ന വിവരം എസ്റ്റിമേറ്റിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ടെൻഡർ വിളിച്ചിരുന്നോ; ആർ.എഫ്.പി.യുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ടെൻഡറിൽ പങ്കെടുത്ത ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) ടെൻഡർ തുകയെക്കാൾ 10% അധികരിച്ച് കരാർ നൽകാൻ സാധിക്കില്ല എന്ന വ്യവസ്ഥ ലംഘിച്ചുകൊണ്ട് കരാർ ഒരു ബഹുരാഷ്ട്ര കമ്പനിക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ടെൻഡർ നൽകിയ കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>ആലപ്പുഴ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതി</u>**

1103 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി മുഖേന നടത്തുന്നവയുടെ നിലവിലെ സ്ഥിതി, ചെലവഴിക്കുന്ന തുക, പൂർത്തീകരിക്കാനെടുക്കുന്ന സമയം ഇവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) ജലജീവൻ പദ്ധതി പ്രകാരം എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതി, പൂർത്തീകരിക്കാനെടുക്കുന്ന സമയം എന്നിവയുടെ വിശദവിവരം ലഭ്യമാക്കാമോ?

**കോങ്ങാട്, കരിമ്പ പഞ്ചായത്തുകളിലെ ജലജീവൻ മിഷൻ പദ്ധതി**

1104 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ (എൻ.എച്ച്. 966) പൈപ്പുകൾ സ്ഥാപിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി കിട്ടാത്തതിനാൽ കോങ്ങാട് നിയോജകമണ്ഡലത്തിലെ കോങ്ങാട്, കരിമ്പ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തടസ്സങ്ങൾ മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

1105 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയ്ക്കും ഭൂതക്കുളം ഗ്രാമപഞ്ചായത്തിനും കുടിവെള്ളം ലഭ്യമാക്കുന്നതിനായുള്ള പരവൂർ-ഭൂതക്കുളം കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതിയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) കല്ലുവാതുക്കൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ ഇനി എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**വളപട്ടണം പഞ്ചായത്തിലെ ജലജീവൻ മിഷൻ**

1106 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളപട്ടണം പഞ്ചായത്തിലെ ജലജീവൻ മിഷന്റെ പുരോഗതി അറിയിക്കാമോ;

(ബി) മിഷന്റെ ഭാഗമായുള്ള പ്ലാന്റ് വഖഫ് ഭൂമിയിൽ നിർമ്മിക്കുന്നതിന് തടസ്സങ്ങളുണ്ടെന്ന് വഖഫ് ബോർഡ് രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) വഖഫ് സ്ഥലത്തിന്റെ ഉടമസ്ഥത വഖഫിൽ നിലനിർത്തി പ്ലാന്റ് നിർമ്മിക്കുന്നതിന് തടസ്സങ്ങളുണ്ടെന്ന് വഖഫ് ബോർഡ് അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## ആര്യങ്കാവ് മാമ്പഴത്തറ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നടപടി

1107 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവ് പഞ്ചായത്തിൽ മാമ്പഴത്തറ പ്രദേശത്ത് രണ്ട് കുടിവെള്ള പദ്ധതികൾ ഉണ്ടായിട്ടും ഈ പ്രദേശത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്ത് 2005-06ൽ രാജീവ് ഗാന്ധി ദേശീയ കുടിനീർ മിഷൻ എന്ന പേരിൽ ജില്ലാ പഞ്ചായത്ത് സ്ഥാപിച്ച കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ അവ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ആര്യങ്കാവ് പഞ്ചായത്തിൽ ഫ്ലോറൻസ് വാർഡിൽ ഉൾപ്പെടുന്ന ഒൻപതേക്കർ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; ഉയർന്ന പ്രദേശമായതിനാൽ ഇവിടേക്കു വേണ്ടി പ്രത്യേക പദ്ധതികൾ രൂപീകരിക്കുമോ; വിശദമാക്കാമോ?

## കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

1108 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഓരോ കുടിവെള്ള പദ്ധതിയും യഥാസമയം പൂർത്തീകരിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതി

1109 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഈ പദ്ധതി വഴി എത്ര വീടുകളിലേക്ക് കണക്ഷൻ നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള വീടുകളിൽ എന്ന് കണക്ഷൻ നൽകാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ;

(സി) ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈൻ ഇടുന്നതിനായി പൊളിച്ച കുറ്റ്യാടി നിയോജക മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിച്ച് സമയബന്ധിതമായി പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; ഇത്തരത്തിൽ എത്ര റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് ആക്കാൻ ബാക്കിയുണ്ട്; വിശദമാക്കുമോ?

## ചവറ മണ്ഡലത്തിലെ ജലജീവൻ മിഷൻ

1110 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയ്ക്ക് വേണ്ടി ചവറ നിയോജകമണ്ഡലത്തിലെ പടപ്പനാൽ ജംഗ്ഷനിൽ വാട്ടർ ടാങ്ക് നിർമ്മിയ്ക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ;

(ബി) ചവറ മണ്ഡലത്തിലെ തേവലകര, തെക്കുംഭാഗം പഞ്ചായത്തുകളിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി നൽകിയ സൗജന്യ കണക്ഷനുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കുമോ?

## മഞ്ചേരിയിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

1111 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി, പയ്യനാട് തടപ്പറമ്പ് കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിക്കാതെ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നീണ്ടുപോകുന്ന കാര്യം പരിശോധിച്ചു നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ജലവിഭവ വകുപ്പിന്റെ മഞ്ചേരിയിലെ പ്രവൃത്തികൾ പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പയ്യന്നൂർ നഗരസഭയുടെ കുടിവെള്ള പദ്ധതി

1112 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭ കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്ക് എപ്പോഴാണ് ഭരണാനുമതി നൽകിയതെന്നും എത്ര കോടി രൂപയാണ് ഭരണാനുമതി തുകയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വാട്ടർ കണക്ഷന് അധിക തുക ഈടാക്കാതെ ലഭ്യമാക്കാൻ നടപടി

1113 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നമ്പർ യഥാസമയം ലഭിക്കാതെവന്നാൽ പോലും വാട്ടർ കണക്ഷനും സ്വീവറേജ് കണക്ഷനും അധിക തുക ഈടാക്കാതെ നിലവിലെ രീതിയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വേങ്ങൂർ പഞ്ചായത്തിലെ മഞ്ഞപ്പിത്ത രോഗബാധ

1114 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വേങ്ങൂർ പഞ്ചായത്തിൽ ഇരുന്നൂറിലധികം ആളുകൾക്ക് മഞ്ഞപ്പിത്ത രോഗബാധ ഉണ്ടാകുകയും മൂന്നുപേർ മരണപ്പെടുകയും ചെയ്തത് ജലവിഭവ വകുപ്പ് വിതരണം ചെയ്ത ജലത്തിൽ നിന്നും രോഗം വ്യാപിച്ചതുമൂലമാണെന്ന ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ക്ലോറിനേഷൻ നടത്താതെ വിതരണം ചെയ്ത വെള്ളത്തിന്റെ സാമ്പിളുകൾ പരിശോധിച്ചതിൽ നിന്നും അപകടകരമായ അളവിൽ രോഗാണുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മഞ്ഞപ്പിത്ത രോഗം ബാധിച്ചവർക്കും രോഗം ബാധിച്ച് മരണപ്പെട്ടവർക്കും സർക്കാരിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## കുടിവെള്ളത്തിന്റെ ഗുണ നിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി

1115 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരിശോധനാ സംവിധാനങ്ങൾ എവിടെയൊക്കെ നടത്താമെന്ന് അറിയിക്കാമോ;

(സി) സ്കൂൾ ലാബുകളിൽ നടത്തുന്ന പരിശോധനാ ഫലം അംഗീകൃത പരിശോധനാ ഫലമായി കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## ദേശീയ പാതകളിൽ കുടിവെള്ള പൈപ്പ് ഇടുന്നതിനുള്ള അനുമതി

1116 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽപ്പെട്ട എൻ.എച്ച്. 66, 966 എന്നീ ദേശീയപാതകളിൽ കുടിവെള്ള പൈപ്പിടുന്നതിനുവേണ്ടി ദേശീയപാത അതോറിറ്റിയുടെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം പൈപ്പ് ഇടുന്നതിനിനുള്ള അനുമതിയ്ക്കായാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; ഇതിൽ ഏതെല്ലാം അപേക്ഷകളിന്മേൽ നിബന്ധനകളോടെ ഇതിനകം അനുമതി ലഭിച്ചുവെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത അനുമതിയ്ക്കായി ലൈസൻസ് ഫീ, ബാങ്ക് ഗ്യാരണ്ടി, റെസ്റ്റോറേഷൻ ഫീ എന്നീ ഇനത്തിൽ ദേശീയപാത അതോറിറ്റിക്ക് എത്ര രൂപ കെട്ടിവെക്കേണ്ടതുണ്ട്; ഇതിൽ എത്ര രൂപ ഇതിനോടകം കെട്ടിവെച്ചിട്ടുണ്ടെന്നും ഓരോ പ്രോജക്ടും തരംതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽപ്പെട്ട ദേശിയ പാതയിൽ പൈപ്പിടുന്നതിന് ഇനി ഏതെങ്കിലും അനുമതി ലഭിക്കാനുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) ദേശീയപാതയിൽ പൈപ്പിടുന്നതിനുള്ള അനുമതി വൈകുന്നതുമൂലം പദ്ധതി തടസ്സപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഇവയുടെ അനുമതി ത്വരിതഗതിയിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ജലജീവൻ മിഷൻ

1117 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ജലജീവൻ മിഷന്റെ ഭാഗമായി പൈപ്പിടാനായി കുഴിക്കേണ്ട പി.ഡബ്ല്യു.ഡി. റോഡുകൾ ഏതൊക്കെയാണെന്നും ഇതിൽ ഏതെല്ലാം റോഡുകൾക്കാണ് അനുമതി ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) അനുമതി ലഭിച്ച റോഡുകളിൽ പൈപ്പിടൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) പൈപ്പിടൽ പൂർത്തിയായാലുടൻ തന്നെ റോഡ് പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ഒഴിവാക്കാൻ നടപടി

1118 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ കുടിവെള്ള വിതരണം മുന്നറിയിപ്പില്ലാതെ തടസ്സപ്പെടുന്നത് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാഹചര്യങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും ജലവിതരണം കാര്യക്ഷമമാക്കുന്നതിനുമായി ഇലക്ട്രോ മെക്കാനിക്കൽ വിംഗ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ, ഇത് മൂലം എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## ശുദ്ധജല വിതരണത്തിലെ തടസ്സം പരിഹരിക്കുന്നതിന് നടപടി

1119 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ശുദ്ധജല വിതരണം ഇടയ്ക്കിടെ തടസ്സപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി

ഓഫീസുകളിൽ പ്രത്യേകമായി ഫോൺ സംവിധാനം ഏർപ്പെടുത്തുമോ; ഇതിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുമോയെന്ന് അറിയിക്കുമോ?

**ജലജീവൻ മിഷന്റെ ഭാഗമായി സ്ഥാപിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

1120 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷന്റെ ഭാഗമായി സ്ഥാപിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഗുണനിലവാരമില്ലാത്ത പൈപ്പുകൾ കരാറുകാർ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധനകളിലൂടെ ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ചൊവ്വര ജലശുദ്ധീകരണ ശാലയുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾ**

1121 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊവ്വര ശുദ്ധീകരണ ശാലയിലും പറവൂർ പമ്പ് ഹൗസിലും വൈദ്യുതി മുടക്കവും മറ്റ് സാങ്കേതിക പ്രശ്നങ്ങളും ഉണ്ടാകുന്നതിനെത്തുടർന്ന് വൈപ്പിൻ കരയിലെ പള്ളിപ്പുറം, കുഴുപ്പിള്ളി, നായരമ്പലം, എടവനക്കാട്, ഞാറയ്ക്കൽ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 482.50 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ച ചൊവ്വര ജലശുദ്ധീകരണ ശാലയുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ചൊവ്വര ജലശുദ്ധീകരണ ശാലയിലേയ്ക്ക് മാത്രമായി ഇലക്ട്രിക് ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടേയും കേടായ ബെഡ്ഡുകൾ നവീകരിക്കുന്നതിന്റെയും അനുബന്ധ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**സംസ്ഥാന ജല അതോറിറ്റിയുടെ സാങ്കേതിക വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി**

1122 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജല അതോറിറ്റിയുടെ സാങ്കേതിക വിഭാഗം ശക്തിപ്പെടുത്തുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വാട്ടർ സപ്ലൈ സ്കീമുകൾ സമയബന്ധിതമായി ഓഡിറ്റിംഗ് നടത്തി നൂതന

സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നവീകരിക്കുന്നതിനും ജീവനക്കാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉയർന്നുവന്നിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജല സ്രോതസ്സുകളിൽ നിന്നും ജല ശുദ്ധീകരണ ശാലകളിൽ നിന്നും വിതരണ ശൃംഖലകളിൽ നിന്നും ശേഖരിക്കുന്ന ജലസാമ്പിളുകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പൈപ്പിടുന്നതിനായി കുഴിച്ച റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ നടപടി

1123 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാട്ടർ അതോറിറ്റി പൈപ്പിടുന്നതിന്റെ ഭാഗമായി കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാത്തതു മൂലം ജനങ്ങൾക്ക് ദുരിതം ഉണ്ടാകുന്നതായി പറയപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വാട്ടർ അതോറിറ്റി പൈപ്പിടാനെടുത്ത കുഴിയിൽ വീണ് പാലക്കാട് പറക്കുന്നത്ത് ഒരാൾ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മഴ രൂക്ഷമായ സാഹചര്യത്തിൽ പൈപ്പിടുന്നതിന്റെ ഭാഗമായി കുഴിച്ച റോഡുകൾ യുദ്ധകാല അടിസ്ഥാനത്തിൽ പൂർവസ്ഥിയിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പൈപ്പ് സ്ഥാപിക്കുന്നതിന് കുഴിയെടുത്ത റോഡുകൾ യഥാസമയം പൂർവ്വസ്ഥിതിയിലാക്കാൻ നടപടി

1124 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി പൈപ്പ് സ്ഥാപിക്കുന്നതിന് കുഴിയെടുത്ത റോഡുകൾ യഥാസമയം പൂർവ്വസ്ഥിതിയിലാക്കാത്തത് പരാതികൾക്കിടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

## സൗജന്യ കുടിവെള്ള കണക്ഷനുകൾ

1125 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നൽകിയിട്ടുള്ള സൗജന്യ കുടിവെള്ള കണക്ഷനുകൾ എത്രയാണെന്നും ഇപ്രകാരം സൗജന്യ കുടിവെള്ള കണക്ഷൻ ലഭിക്കാനുള്ള മാനദണ്ഡവും വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതുതായി സൗജന്യ കുടിവെള്ള കണക്ഷനുകൾ നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) എത്ര നാളത്തേയ്ക്കാണ് സൗജന്യ കുടിവെള്ള കണക്ഷനുകൾ നിലനിൽക്കുന്നത്; വ്യക്തമാക്കാമോ?

**പ്ലംബിങ് ലൈസൻസിനുള്ള യോഗ്യത**

1126 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റി നൽകുന്ന പ്ലംബിങ് ലൈസൻസിനുള്ള യോഗ്യതകളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച ഉത്തരവിലെ ന്യൂനതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ന്യൂനതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ജല അതോറിറ്റിയുടെ വൈദ്യുതി ഉപയോഗം**

1127 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജല അതോറിറ്റിയുടെ പ്രതിമാസ വൈദ്യുതി ഉപയോഗം എത്രയാണെന്നും അതിന് നൽകേണ്ട തുക എത്രയാണെന്നും കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രതിമാസ വരുമാനത്തിന്റെ പത്ത് ശതമാനം മാത്രമേ വൈദ്യുതി ചാർജ് ഇനത്തിൽ നൽകാൻ കഴിയൂ എന്ന് ജല അതോറിറ്റി വൈദ്യുതി ബോർഡിനെ അറിയിച്ചിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ വകുപ്പുകളിൽ നിന്നും പിരിച്ചെടുക്കേണ്ട വെള്ളക്കര കുടിശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നതെന്ന് വിശദമാക്കുമോ?

**ജൽജീവൻ മിഷന്റെ ഭാഗമായി കുഴിച്ച റോഡുകൾ നികത്താൻ നടപടി**

1128 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷന്റെ ഭാഗമായുള്ള പൈപ്പുകൾ ഇടുന്നതിനായി പൊതുനിരത്തുകളിൽ കുഴികൾ എടുത്തതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജൽ ജീവൻ മിഷന്റെ ഭാഗമായി പൈപ്പുകൾ ഇടുന്നതിന് വേണ്ടി കുഴിച്ച റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(സി) കുഴികൾ നികത്തി പൂർവസ്ഥിതിയിൽ ആക്കാത്ത പൊതുനിരത്തുകളുടെ വിവരം ലഭ്യമാക്കുമോ; പൂർവസ്ഥിതിയിലാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

**ജലജീവൻ മിഷൻ**

1129 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം ജലജീവൻ മിഷൻ പൂർത്തിയാക്കേണ്ട കാലപരിധി എന്നാണെന്നുള്ള വിവരം പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിക്കൊണ്ട് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനായുള്ള ഫണ്ടിന്റെ ലഭ്യതയിൽ തടസ്സം നേരിടുന്നുണ്ടോ; നിലവിൽ ഇതിനായി ചെലവിട്ട ഫണ്ടിന്റെ വിശദാംശം, കേന്ദ്ര/ സംസ്ഥാന വിഹിതങ്ങൾ സഹിതം അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവഹിക്കുന്ന കരാറുകാർക്ക് വൻതുക കുടിശികയായിട്ടുണ്ടോ; എങ്കിൽ, ഇത് എത്രയാണെന്നും കുടിശിക ലഭിക്കാത്തതിനാൽ പ്രവൃത്തികൾ നിർത്തിവച്ച അവസ്ഥയുണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ?

**റെസ്റ്റോറേഷൻ ചാർജ്ജ് അനുവദിക്കുന്നതിന് നടപടി**

1130 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി പൊളിച്ച റോഡുകൾ പുനർനിർമ്മിക്കുന്നതിന് റെസ്റ്റോറേഷൻ ചാർജ്ജ് ഒടുക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടക്കൽ മണ്ഡലത്തിൽ നിന്നും എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിന് റെസ്റ്റോറേഷൻ ചാർജ്ജ് അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ചാർജ്ജ് അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇത്തരം കാലതാമസം കാരണം പ്രദേശവാസികൾ നേരിടുന്ന യാത്രാക്ലേശം കണക്കിലെടുത്ത് അടിയന്തരമായി റെസ്റ്റോറേഷൻ ചാർജ്ജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**പട്ടാമ്പി നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

1131 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ജൽജീവൻ പദ്ധതിയുടെ പുരോഗതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) നാളിതുവരെ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളതെന്ന വിവരം നൽകാമോ;

(സി) ഒരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും എന്ന വിവരം നൽകാമോ;

(ഡി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്ര രൂപ വീതം ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ വിതം ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരം നൽകാമോ?

## പൊന്നാനി മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം

1132 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ, അമൃത് പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി., മുൻസിപ്പാലിറ്റി, പഞ്ചായത്ത് റോഡുകളിൽ എടുത്ത കുഴികൾ നികത്താതെ കിടക്കുന്നതിനാൽ പല അപകടങ്ങളും സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ പുനർനിർമ്മിച്ച് കൊടുക്കാമെന്ന് വകുപ്പ് ഉറപ്പ് നൽകിയതാണെങ്കിലും ഇതുവരെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കാമോ?

## പാവറട്ടി-മുല്ലശ്ശേരി സമ്പൂർണ്ണ കുടിവെള്ള പദ്ധതി

1133 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കായുള്ള സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത രണ്ട് പഞ്ചായത്തുകളിലെയും ടാങ്കുകളിൽ വെള്ളം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) ബ്രഹ്മകുളം ഭാഗത്തെ റെയിൽവേ ലൈൻ ക്രോസ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിൽ എത്ര ഗാർഹിക കണക്ഷനുകളാണ് കൊടുക്കുന്നതെന്നും പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ?

## പൊൻകുന്നം സബ്ഡിവിഷന് പുതിയ കെട്ടിടം

1134 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി പൊൻകുന്നം സബ്ഡിവിഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി തയാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കാമോ;

(സി) തുക അനുവദിച്ച് പ്രവൃത്തികൾ എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്ന് അറിയിക്കാമോ; നടപടികൾ ത്വരിതപ്പെടുത്താമോ; വിശദമാക്കുമോ?

## പേരൂർക്കട-മൺവിള കുടിവെള്ള വിതരണ പദ്ധതികൾ

1135 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട-മൺവിള കുടിവെള്ള വിതരണ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; പൂർത്തിയായതും അവശേഷിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ബി) ടെക്നോപാർക്കിൽ കുടിവെള്ളം നൽകുന്നതിന് പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ; വിശദമാക്കാമോ;

(സി) പൗഡിക്കോണം പുതുകുന്ന് വാട്ടർ ടാങ്കിൽ നിന്നും ഹൈലെവൽ പമ്പിംഗ് പ്രദേശങ്ങളിൽ എല്ലാ ദിവസവും വെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) നിർമ്മാണം പൂർത്തിയാക്കിയ കൊടിക്കുന്ന് കുടിവെള്ള ടാങ്കിൽ വെള്ളം എത്തിച്ച് ആ പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്യുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; ഈ പ്രോജക്ട് എപ്പോൾ കമ്മീഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഈ പ്രോജക്ടിന്റെ അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ചന്തവിള- കാട്ടായിക്കോണം-കഴക്കൂട്ടം ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ പ്രോജക്ട് എപ്പോൾ ആരംഭിച്ച് പൂർത്തികരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പ്രോജക്ട് നാളിതുവരെയായിട്ടും ടെൻഡർ ആകാതെ കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) കാര്യവട്ടം യൂണിവേഴ്സിറ്റി കേന്ദ്രമാക്കി പോങ്ങുംമൂട് ഡിവിഷനു കീഴിൽ കഴക്കൂട്ടം സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ജി) പുതുകുന്ന്, മൺവിള ജലസംഭരണികളിൽ ആവശ്യത്തിന് വെള്ളം എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ലയോള ജലസംഭരണി പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## <u>പാറശ്ശാല മണ്ഡലത്തിൽ ജലജീവൻ പദ്ധതി</u>

1136 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിമുഖേന പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിലായി എത്ര ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനുണ്ടെന്നും ആയതിലേയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള പുരോഗതിയും പദ്ധതി എന്നേക്ക് പൂർത്തീകരിക്കാനാകും എന്നുള്ള വിവരവും ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നതും അനുമതി ലഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പ്രവർത്തന പുരോഗതിയും അനുവദിച്ച തുകയും പദ്ധതികളുടെ തത്സ്ഥിതിയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**മഞ്ചേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ**

1137 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭ്യമായ മഞ്ചേരി മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളുടെ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി**

1138 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാകുമോ;

(ബി) ജലജീവൻ പദ്ധതി മുഖേന മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും അനുവദിച്ച തുക എത്രയാണെന്നും എത്ര കണക്ഷൻ നൽകാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എത്ര കണക്ഷൻ ഇതിനോടകം നൽകിയെന്നും ഇതിൽ ജലം ലഭിച്ച കണക്ഷനുകൾ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ പഞ്ചായത്തുകളിൽ അനുവദിച്ച തുകയും അതിൻെറ ടെണ്ടർ നടപടിയും എത്ര കണക്ഷനാണ് ഒരോ പഞ്ചായത്തിലും നൽകാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനകം എത്ര കണക്ഷൻ നൽകിയെന്നും ഇനി എത്ര കണക്ഷൻ നൽകാനുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ അമൃത് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇതിനകം എത്ര കണക്ഷൻ നൽകിയെന്നും ഇനി എത്ര കണക്ഷനാണ് നൽകാനുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

**മാനന്തവാടി മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

1139 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പദ്ധതിയുടെ പുരോഗതിയ്ക്ക് നിലവിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ

ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

**വാട്ടർ അതോറിറ്റിയുടെ മങ്കട സെക്ഷൻ ഓഫീസിന് കെട്ടിടം**

1140 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ മങ്കട സെക്ഷൻ ഓഫീസിന് നിലവിൽ സ്വന്തമായി കെട്ടിടമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം പ്രോജക്റ്റ് ഡിവിഷന് കീഴിൽ മൂച്ചിക്കൽ പ്രദേശത്ത് പണികഴിപ്പിച്ച ജലസംഭരണിക്ക് സമീപം ഇതിനായി സ്ഥലം ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലത്തേയ്ക്ക് മങ്കട സെക്ഷൻ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമായിട്ടുള്ള പ്രൊപ്പോസലിന് അനുമതി നൽകുന്ന കാര്യം പരിഗണിയ്ക്കുമോ; വിശദമാക്കുമോ?

**നാഷണൽ ഹൈവേ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി കുടിവെള്ളം തടസ്സപ്പെടുന്നത് പരിഹരിക്കാൻ നടപടി**

1141 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നാഷണൽ ഹൈവേയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കുടിവെള്ള പൈപ്പുകൾ ദിവസങ്ങളോളം തകരാറിലാകുകയും കുടിവെള്ളം തടസ്സപ്പെടുകയും ചെയ്യുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) നാഷണൽ ഹൈവേ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി കുടിവെള്ളം തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിനായി സ്ക്വാഡ് രൂപീകരിച്ച് പ്രശ്ന പരിഹാരം നടത്താനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) മണ്ഡലത്തിൽ അതിതീവ്രമായ കുടിവെള്ളക്ഷാമം നേരിടുന്ന ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം പഞ്ചായത്തുകളുടെ പ്രശ്നപരിഹാരത്തിന് ഉതകുന്ന, നാട്ടിക കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പിടൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് നൽകാമോ; പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ രാമങ്കുളം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ടാങ്ക് നിർമ്മാണവും പദ്ധതിയുടെ കൂടുതൽ പ്രദേശങ്ങളിലേക്കുള്ള വ്യാപനവും നടപ്പാക്കുന്നതിനായി അനുവദിക്കപ്പെട്ട എം.എൽ.എ. ഫണ്ട്

വിനിയോഗത്തിന് പല കാരണങ്ങളാൽ നേരിടുന്ന കാലതാമസം പരിഹരിച്ച് പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**<u>കടൽ മത്സ്യസമ്പത്തിൽ വന്ന കുറവ്</u>**

1142 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 കാലയളവിൽ കടൽ മത്സ്യ സമ്പത്തിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിലയിരുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം മത്സ്യ ഇനങ്ങളുടെ അളവിലാണ് കുറവ് സംഭവിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(സി) കള്ളക്കടൽ പ്രതിഭാസം മത്സ്യസമ്പത്തിന്റെ കുറവിന് കാരണമാകുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മത്സ്യലഭ്യതയിലുണ്ടാകുന്ന കുറവ്</u>**

1143 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷം കഴിയുന്തോറും മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്തുനിന്നും എത്ര ടൺ മത്സ്യമാണ് ലഭിച്ചത്; വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധന ബോട്ടുകൾ ചെറുമീനുകളെയടക്കം പിടിച്ച് സംസ്ഥാനത്തെ മത്സ്യസമ്പത്തിന് ശോഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**<u>മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കൂടുതൽ സഹായങ്ങൾ നൽകാൻ നടപടി</u>**

1144 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ ക്ഷോഭവും മറ്റു കാലാവസ്ഥ വ്യതിയാനവും മൂലം കഷ്ടത അനുഭവിക്കുന്നതും മത്സ്യബന്ധനവുമായി ബന്ധപ്പെട്ടതുമായ എല്ലാവർക്കും കൂടുതൽ സഹായങ്ങൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

1145 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം, കടൽക്ഷോഭം, മത്സ്യലഭ്യതക്കുറവ് തുടങ്ങിയ പ്രതികൂല കാരണങ്ങളാൽ മത്സ്യത്തൊഴിലാളി സമൂഹം കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രതികൂല കാലാവസ്ഥ മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിനു ആശ്വാസം നൽകാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്ന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി ധനസഹായം നൽകുമോ; വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം

1146 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിൽ എത്ര രൂപയാണ് നിലവിൽ കുടിശികയുള്ളതെന്നും എന്നു മുതലുള്ള തുകകളാണ് ഇപ്രകാരം കുടിശ്ശികയായുള്ളതെന്നുമുള്ള കണക്കുകൾ ഇനവും കോഴ്സും വർഷവും തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2023 -24 അധ്യയന വർഷത്തിൽ ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ആകെ എത്ര രൂപയാണ് ആവശ്യമായിരുന്നതെന്നും ഇതിലേക്കായി 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലും സപ്ലിമെന്ററി ഡിമാന്റുകളിലുമായി നീക്കിവെച്ചതും റീഅപ്രോപ്രിയേഷൻ വഴി അനുവദിച്ചതുമായ ആകെത്തുക എത്രയാണെന്നുമുള്ള ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ മെഡിക്കൽ പി.ജി. വിദ്യാർത്ഥികളായ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യം വിവിധ കാരണങ്ങൾ ചൂണ്ടിക്കാണിച്ച് തടഞ്ഞു വയ്ക്കുന്നതായി ഉള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## പുനർഗേഹം പദ്ധതി

1147 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ പുനർഗേഹം പദ്ധതിയിലൂടെ എത്ര കുടുംബങ്ങളെ മാറ്റി

പാർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ട്രോളിംഗ് നിരോധന സമയത്ത് വിദേശ ട്രോളുകളും അന്യസംസ്ഥാന യാനങ്ങളും സംസ്ഥാനതീരത്ത് മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുക

1148 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

## മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ബോട്ടുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

1149 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ മത്സ്യബന്ധനത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള ബോട്ടുകളുടെ എണ്ണം എത്രയാണ്;

(ബി) രജിസ്റ്റർ ചെയ്യാത്ത ബോട്ടുകൾ മത്സ്യബന്ധനത്തിനായി ഉപയോഗിച്ചതിന്റെ പേരിൽ സ്വീകരിച്ച നടപടികളുടെ വിവരം വിശദമാക്കുമോ;

(സി) രജിസ്റ്റർ ചെയ്ത ബോട്ടുകളിൽ എഞ്ചിന്റെ കാര്യക്ഷമത, ഫിറ്റ്നസ് എന്നിവ തൃപ്തികരം അല്ലാത്തതിനാൽ മത്സ്യബന്ധനത്തിന് അനുമതി നിഷേധിച്ച ബോട്ടുകളുടെ വിവരം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ബോട്ടുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## കുണ്ടറ നിയോജക മണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ

1150 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള ഫിഷറീസ് പദ്ധതികൾ ഏതൊക്കെയെന്നും ആയതിനായി അനുവദിച്ചിട്ടുള്ള തുകയെത്രയാണെന്നും ആയതിന്റെ നിലവിലുള്ള പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

## ട്രോളിംഗ് മുന്നൊരുക്കങ്ങൾ

1151 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ട്രോളിംഗ് നിരോധനം വന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ സഹായത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) ട്രോളിംഗ് സമയത്ത് തീര പ്രദേശത്തു സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് ഇടക്കാല ആശ്വാസമായി സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**ട്രോളിംഗ് നിരോധന കാലയളവിൽ ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പാക്കുന്നതിന് നടപടികൾ**

1152 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഇതര ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2024 ജൂൺ മാസം മുതൽ ആരംഭിക്കുന്ന ട്രോളിംഗ് നിരോധനം കുറ്റമറ്റതായി നടപ്പിലാക്കുന്നതിന് മത്സ്യബന്ധനവകുപ്പ് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

**ആലപ്പുഴ മണ്ഡലത്തിലെ പ്രതിഭാതീരം പദ്ധതി**

1153 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2023-24-ൽ പ്രതിഭാതീരം പദ്ധതി പ്രകാരം പുതിയ ഭരണാനുമതി നൽകി ഏതൊക്കെ ലൈബ്രറികൾക്കാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതി**

1154 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പുനർഗേഹം പദ്ധതിയിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതി വഴി വീട് ലഭിച്ചവരുടെ പേരു വിവരങ്ങൾ ലഭ്യമാക്കാമോ?

**പുനർഗേഹം പദ്ധതി**

1155 **ശ്രീ വി ജോയി**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ എം രാജഗോപാലൻ**

**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര ഗുണഭോക്താക്കളെ മാറ്റിപ്പാർപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് വ്യക്തിഗത ഭവനം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഫ്ലാറ്റുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

## മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച വിവിധ പാക്കേജുകൾ

1156 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെയുള്ള വിവിധ ബജറ്റുകളിൽ, മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച വിവിധ പാക്കേജുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വിവിധ ബജറ്റുകളിൽ മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച പാക്കേജുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കാലാവസ്ഥ വ്യതിയാനം, കടൽ ക്ഷോഭം, മത്സ്യലഭ്യതക്കുറവ് അടക്കമുള്ള പ്രതികൂല കാരണങ്ങൾ മൂലം മത്സ്യത്തൊഴിലാളി സമൂഹം കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ മുടങ്ങിക്കിടക്കുന്ന പാക്കേജുകൾ നടപ്പാക്കി മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

## മത്സ്യത്തൊഴിലാളികൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ

1157 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടവിധം, അതിന്റെ മാനദണ്ഡങ്ങൾ എന്നിവ അറിയിക്കാമോ;

(സി) യൂണിറ്റിന് അഞ്ച് ലക്ഷം രൂപയ്ക്കുമേൽ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതികൾ (സംരംഭങ്ങൾ) ഉണ്ടോ; വിശദാംശം അറിയിക്കാമോ?

## നവകേരളസദസ്സിൽ ലഭിച്ച ഫിഷറീസ് വകുപ്പിലെ ഹർജികൾ

1158 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളസദസ്സിൽ ലഭിച്ചതും ഫിഷറീസ് വകുപ്പ് പരിഹാരം കാണേണ്ടതുമായ ഹർജികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹർജികളിൽ ഹർജിക്കാരന് അനുകൂലമായി തീരുമാനം കൈക്കൊണ്ട ഹർജികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും പരിഹാരമുണ്ടാകേണ്ട ഹർജികളുടെ എണ്ണം എത്രയെന്നും; ഏതൊക്കെ ഓഫീസുകളിലാണ് അവ തീർപ്പുകല്പിക്കാതെ ഉള്ളതെന്നും; പരിഹാരം കാണുന്നതിന് കാലതാമസ്സമുണ്ടാകുന്നതിന്റെ കാരണം എന്തെന്നും വിശദമാക്കാമോ?

**അരൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

1159 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് വിശദമാക്കാമോ?

**കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാംഘട്ട വിപുലീകരണ പ്രവൃത്തി**

1160 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാം ഘട്ട വിപുലീകരണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ;

(ബി) രണ്ടാംഘട്ട വികസനം പൂർത്തിയാകുന്നതോടെ കല്ലാനോട് ഫിഷ് ഹാച്ചറിയിൽ നിന്നും എത്ര ജില്ലകൾക്ക് മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**ഫിഷറീസ് മേഖലയ്ക്കായി ബജറ്റിൽ നീക്കിവെച്ച തുക**

1161 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഫിഷറീസ് മേഖലയ്ക്കായി നീക്കിവെച്ച തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വിശദമാക്കാമോ?

**മത്സ്യബന്ധന യാനങ്ങളുടെ ഇൻഷുറൻസ് പരിരക്ഷ**

1162 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മത്സ്യബന്ധന യാനങ്ങൾ കടലിൽവെച്ച് അപകടത്തിൽ പെട്ടാൽ നഷ്ടപരിഹാരം നല്കുന്നതിന് നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## ഫിഷ്‌ലാന്റിംഗ് സെന്റർ സ്ഥാപനം

1163 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് ഗ്രാമപഞ്ചായത്തിലെ നീർക്കടവിൽ ഫിഷ്‌ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) സാധ്യതാപഠനം നടത്തുന്ന ഏജൻസിയെ സംബന്ധിച്ചുള്ള വിവരം അറിയിക്കാമോ;

(സി) പ്രസ്തുത സാധ്യതാപഠനം വളരെ വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഫിഷറീസ് വകുപ്പിലെ പദ്ധതി ചെലവുകൾ

1164 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഫിഷറീസ് വകുപ്പിലെ പദ്ധതി ചെലവുകൾക്കായി നീക്കിവെച്ചിരുന്ന തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ

1165 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ബി) കാലാവസ്ഥ വ്യതിയാനം മൂലം മത്സ്യസമ്പത്ത് കുറയുന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാകുന്നതുമായ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ

1166 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിലൂടെ ലിറ്ററിന് ഇരുപത്തിയഞ്ച് രൂപ നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനായി കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ;

(സി) ബോട്ടുകളിൽ മണ്ണെണ്ണ എഞ്ചിന് പകരം മറ്റ് ഇന്ധനം ഉപയോഗിക്കാനുള്ള സാങ്കേതിക വിദ്യ നൽകാമെന്ന് മത്സ്യത്തൊഴിലാളികൾക്ക് വാഗ്ദാനം നൽകിയിട്ടുണ്ടോ; എങ്കിലത് നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>വിദേശ വിദ്യാഭ്യാസ ആനുകൂല്യം തടഞ്ഞുവയ്ക്കുന്നതായുള്ള പരാതി</u>**

1167 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺമക്കൾക്കുള്ള വിദേശ വിദ്യാഭ്യാസ ആനുകൂല്യം തടഞ്ഞുവയ്ക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കേണ്ട മത്സ്യത്തൊഴിലാളികളുടെ മകൾ എന്ന സർട്ടിഫിക്കറ്റ് മത്സ്യത്തൊഴിലാളി ക്ഷേമനിധി, പ്രാദേശിക മത്സ്യ ഭവൻ ഓഫീസുകൾ നിരസിക്കുന്നുവെന്ന പരാതികൾ പരിശോധിച്ചിട്ടുണ്ടോ;

(സി) മത്സ്യത്തൊഴിലാളിയുടെ മകൻ/മകൾ എന്ന സർട്ടിഫിക്കറ്റ് നൽകുന്നതിനായി സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഓഫീസുകൾ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സർട്ടിഫിക്കറ്റുകൾ നിഷേധിക്കുന്നത് ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എന്ന് പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; പ്രശ്നപരിഹാരത്തിനായി വ്യക്തവും വിശദവുമായ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കൽ</u>**

1168 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ഉൾനാടൻ മത്സ്യകൃഷിയിൽ ഉപ്പുവെള്ളം കയറൽ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

**<u>പുക്കുളം സുനാമി ഫ്ലാറ്റിന്റെ മേൽക്കൂര നിർമ്മാണം</u>**

1169 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ നഗരസഭയിലെ പുക്കുളം സുനാമി പാർപ്പിട സമുച്ചയത്തിലെ കെട്ടിടങ്ങളുടെ ചോർച്ച പരിഹരിക്കുന്നതിന് കേരള തീരദേശ വികസന കോർപ്പറേഷന്റെ നിർവ്വഹണ ചുമതലയിൽ കെട്ടിടങ്ങളുടെ മുകളിൽ റൂഫിങ്

ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

## മത്സ്യമേഖലയേയും മത്സ്യത്തൊഴിലാളികളേയും സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ

1170 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയേയും മത്സ്യത്തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ബി) അശാസ്ത്രീയവും അമിതതോതിലുമുള്ള മത്സ്യബന്ധനവും വഴി സംസ്ഥാന തീരത്തെ മത്സ്യസമ്പത്ത് കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ നിയന്ത്രണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ അപകടങ്ങൾ കുറയ്ക്കാൻ നടപടി

1171 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലെ അപാകതകൾ മൂലം മുതലപ്പൊഴി ഹാർബറിൽ തുടർച്ചയായുണ്ടാകുന്ന അപകടങ്ങൾ പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽത്തിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മത്സ്യബന്ധന ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കാനും അപകടങ്ങൾ ഒഴിവാക്കാനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## അജാനൂർ ഫിഷിംഗ് ഹാർബർ

1172 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അജാനൂർ ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളും പൂർത്തീകരിക്കാനുള്ള നടപടികളും വിശദമാക്കാമോ?

## പരപ്പനങ്ങാടി തീരത്ത് പുലിമുട്ട് നിർമ്മാണം

1173 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇരുവശങ്ങളിലും കടലാക്രമണം ചെറുക്കുന്നതിന് പുലിമുട്ടുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഹാർബർ നിർമ്മാണത്തിന് ശേഷം ഹാർബറിന്റെ ഇരുവശങ്ങളിലും പ്രത്യേകിച്ച് വലതുവശത്ത് രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്നത് പ്രതിരോധിക്കുവാൻ പുലിമുട്ടുകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്നുമുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ വശങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) ഈ പ്രവൃത്തി സംബന്ധിച്ച് ഫയൽ നിലവിൽ ഉണ്ടോ; എങ്കിൽ ഫയൽ നമ്പർ സഹിതം വിശദീകരിക്കാമോ?

**<u>പെരിങ്ങത്തൂർ ടൗൺ മുതൽ നാലുതെങ്ങുവരെയുള്ള തീരദേശ റോഡിന്റെ നിലവാരമുയർത്തുന്ന പ്രവൃത്തി</u>**

1174 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ നഗരസഭയിൽ പെരിങ്ങത്തൂർ ടൗൺ മുതൽ നാലുതെങ്ങുവരെയുള്ള തീരദേശ റോഡിന്റെ നിലവാരമുയർത്തുന്ന പ്രവൃത്തിയുടെ രണ്ടാം ഘട്ട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തീരദേശ റോഡിന്റെ ഒന്നാം ഘട്ട പ്രവൃത്തി 236.776 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചെങ്കിലും പുഴയോര ഭിത്തി നിർമ്മിക്കാത്തതിനാൽ റോഡ് ഏത് നിമിഷവും ഇടിഞ്ഞു വീഴുമെന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കാസർഗോട് ജില്ലയിലെ തീരദേശ റോഡുകൾ</u>**

1175 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിലെ തീരദേശ റോഡുകൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ പതിനഞ്ചു വർഷം പ്രസ്തുത റോഡുകളുടെ പുന:രുദ്ധാരണത്തിനു അനുവദിച്ച തുക റോഡ് തിരിച്ചു വ്യക്തമാക്കാമോ;

(സി) അനുവദിച്ച തുക ഉപയോഗിച്ചു ബന്ധപ്പെട്ട പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്തതും ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് റോഡു തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പൂർത്തീകരിക്കാത്തതിന്റെയും പ്രവൃത്തി ആരംഭിക്കാത്തതിന്റെയും കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഒരു റോഡ് തീരദേശ റോഡായി പരിഗണിക്കപ്പെടുന്നത് ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ ഫിഷറീസ് റോഡുകളുടെ വിശദാംശങ്ങൾ

1176 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിൽ അനുവദിച്ച ഫിഷറീസ് റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത റോഡുകളുടെ പ്രവൃത്തി പുരോഗതി അറിയിക്കാമോ?

## അന്തിപ്പച്ച മൊബൈൽ ഫിഷ്മാർട്ട് പദ്ധതി

1177 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തിപ്പച്ച മൊബൈൽ ഫിഷ്മാർട്ട് പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) നിലവിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത് ഏതൊക്കെ ജില്ലകളിലാണ്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി ഇടുക്കി പോലുള്ള ജില്ലകളിൽ കൂടി ഈ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മത്സ്യത്തിലെ മായം കണ്ടെത്തുന്ന സ്ട്രിപ്പുകൾ

1178 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തിലെ മായം കണ്ടെത്താൻ വികസിപ്പിച്ച സ്ട്രിപ്പുകൾ പൊതു വിപണിയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വാണിജ്യാടിസ്ഥാനത്തിൽ ഇവയുടെ ഉല്പാദനത്തിന് നേരിടുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

## കൂട് മത്സ്യകൃഷി പദ്ധതി

1179 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജലസംഭരണികളിൽ നടപ്പാക്കിവരുന്ന കൂട് മത്സ്യകൃഷി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ ജലസംഭരണികളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി

സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## മത്സ്യ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്

1180 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ദൈനംദിന ആവശ്യത്തിന് വേണ്ടുന്ന മത്സ്യത്തിന്റെ അളവും, സംസ്ഥാനത്ത് നിന്നുള്ള മത്സ്യ ലഭ്യതയുടെ അളവും എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും ദിനം പ്രതി സംസ്ഥാനത്ത് എത്തുന്ന മത്സ്യത്തിന്റെ അളവ് എത്ര; സംസ്ഥാനത്ത് എത്തുന്ന മത്സ്യങ്ങളിലെ മായം ചേർക്കൽ തടയുവാൻ ഫിഷറീസ് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മായം ചേർക്കലുമായി ബന്ധപ്പെട്ട് നിലവിലെ സർക്കാർ വന്നതിനുശേഷം നാളിതുവരെ എത്ര തോതിലുള്ള മത്സ്യം നശിപ്പിച്ചുവെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് മത്സ്യ ഉപഭോഗത്തിനനുസൃതമായി മത്സ്യ ഉല്പാദനം നടത്തുവാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) എങ്കിൽ മത്സ്യ ഉല്പാദനത്തിൽ / ലഭ്യതയിൽ സംസ്ഥാനം എപ്പോൾ സ്വയംപര്യാപ്തത കൈവരിക്കും എന്നാണ് കരുതുന്നത്; വിശദാംശം നൽകുമോ?

## കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ മത്സ്യകൃഷി

1181 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ബയോഫ്ലോക്ക്, അക്വാപോണിക്സ്, പടുതാക്കുളം എന്നിവ പ്രകാരം എത്ര മത്സ്യകർഷകർ കൃഷി ചെയ്യുന്നുണ്ട്; ഇവരുടെ കണക്ക് നൽകാമോ; പ്രസ്തുത മത്സ്യകർഷകർക്ക് മത്സ്യവിപണനത്തിനുള്ള എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മത്സ്യകർഷകർക്ക് ഇരുപത്തിനാല് മണിക്കൂറും വൈദ്യുതി ആവശ്യമുള്ളതിനാൽ ഉയർന്ന വൈദ്യുതി ബില്ല് വരുന്നത് ഒഴിവാക്കുന്നതിനായി അനെർട്ട് പദ്ധതിയിൽ നിന്ന് സോളാർ പാനലുകൾ വയ്ക്കാനുള്ള സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

## വെള്ളയിൽ ഫിഷ് മാർക്കറ്റ് നിർമ്മാണം

1182 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ വെള്ളയിൽ ഫിഷ് മാർക്കറ്റ് നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ചൂട്ടാട് മഞ്ച ഫിഷ് ലാൻഡിംഗ് സെന്റർ</u>**

1183 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കുന്നതിനുള്ള 5.55 കോടി രൂപയുടെ പദ്ധതിക്ക് പ്രധാൻ മന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ.) പദ്ധതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

**<u>നിലയ്ക്കാമുക്ക് മാർക്കറ്റ് നവീകരണം</u>**

1184 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ നിർവഹണ ഏജൻസിയായി, കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന നിലയ്ക്കാമുക്ക് മാർക്കറ്റ് നവീകരണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കുലശേഖരപുരം മാർക്കറ്റ് ആധുനിക വൽക്കരണം</u>**

1185 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി കുലശേഖരപുരം മാർക്കറ്റ് ആധുനികവൽക്കരണം നടത്തുന്നതിന് ഭരണാനുമതി ലഭിച്ചത് എന്നാണ് എന്ന് വ്യക്തമാക്കാമോ; എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) മാർക്കറ്റ് ആധുനിക വൽക്കരണം നടത്തുന്നതിന് സാങ്കേതികാനുമതി ലഭിക്കാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) കാലതാമസം വരുത്താതെ എത്രയും വേഗം സാങ്കേതിക അനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; കാലതാമസം ഇല്ലാതെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>പാറശ്ശാല നിയോജക മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പ്രവൃത്തികൾ</u>**

1186 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫിഷറീസ് വകുപ്പ് മുഖേന പാറശ്ശാല മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭരണാമനുമതിയ്ക്കായി ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പനച്ചമൂട് മത്സ്യ മാർക്കറ്റിന്റെ നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ഇതിന്റെ ഭാഗമായി നടത്തുന്ന പ്രവൃത്തികൾ എന്തൊക്കെയെന്നും പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

**പുനലൂർ ശ്രീരാമപുരം, അഞ്ചൽ മാർക്കറ്റുകളുടെ ടെൻഡർ നടപടികൾ**

1187 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ അനുവാദം ലഭിച്ചിട്ടുള്ള പുനലൂർ ശ്രീരാമപുരം ആധുനിക മത്സ്യ മാർക്കറ്റ്, അഞ്ചൽ ആധുനിക മത്സ്യ മാർക്കറ്റ് എന്നിവയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; അവ പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ?

**ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി**

1188 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ തുക അനുവദിച്ച് കോന്നി മണ്ഡലത്തിൽ നിർമ്മാണം ആരംഭിച്ച കൂടൽ ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

**തേവര മത്സ്യ മാർക്കറ്റിന്റെ നവീകരണം**

1189 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തേവര മത്സ്യ മാർക്കറ്റിന്റെ നിലവിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മാർക്കറ്റിന്റെ നവീകരണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിക്കായി വകയിരുത്തിയ തുക എത്ര ; വിശദാംശം വെളിപ്പെടുത്തുമോ?

**കായംകുളം മത്സ്യഭവൻ**

1190 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മത്സ്യഭവൻ ജീർണ്ണാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പൊളിച്ചുമാറ്റി പുതിയ മത്സ്യഭവൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## മത്സ്യത്തൊഴിലാളികൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

1191 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ വികസനം ലക്ഷ്യമാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സംസ്ഥാനം വക കൊള്ളിച്ചിട്ടുള്ള പദ്ധതി വിഹിതത്തിന്റെ വിശദാംശം വ്യക്തമാക്കാമോ?

## പെരിയാറിൽ മത്സ്യസമ്പത്ത് നശിച്ച സംഭവം

1192 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ മത്സ്യസമ്പത്ത് നശിച്ചതിന്റെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ മത്സ്യകർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

## മുതലപ്പൊഴി

1193 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മുതലപ്പൊഴിയിൽ എത്ര മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ടെന്നുംവ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്കും അപകടത്തിൽ പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ഓരോരുത്തർക്കും നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം അറിയിക്കാമോ; ണ്ട് ;

(സി) ഇനിയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ലാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മുതലപ്പൊഴി സംരക്ഷണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബജറ്റിലും എത്ര രൂപ നീക്കിവെച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

## പെരിയാറിൽ മത്സ്യസമ്പത്ത് നശിച്ച സംഭവം

1194 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിലെയും പരിസര ജലാശയങ്ങളിലെയും മത്സ്യക്കൂടുകളിലും മീൻവളർത്തൽ ഫാമുകളിലുമുണ്ടായിരുന്ന മത്സ്യസമ്പത്ത് നശിച്ച സംഭവത്തിൽ അന്വേഷണം

നടത്തിയിട്ടുണ്ടോ;

(ബി) മത്സ്യസമ്പത്ത് നശിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ് എന്നു കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ മത്സ്യക്കൂട് കൃഷി നടത്തിയവർക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നഷ്ടം സംഭവിച്ച മത്സ്യകർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയ സംഭവം</u>**

1195 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>മത്സ്യകർഷകർക്ക് നഷ്ടപരിഹാരം</u>**

1196 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയ സംഭവത്തിൽ മത്സ്യസമ്പത്തിനുണ്ടായ നാശത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ, നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നല്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ നഷ്ടപരിഹാരം</u>**

1197 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ ഫിഷറീസ് വകുപ്പ് പഠനം നടത്തിയിരുന്നോ; വിശദമാക്കാമോ;

(ബി) പെരിയാറിന്റെ തീരങ്ങളിലുള്ള ഫാക്ടറികളിൽ നിന്നും വൻതോതിൽ രാസമാലിന്യം ഒഴുക്കിവിട്ടതാണ് പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങാൻ കാരണം എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ നഷ്ടം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## ആവിക്കൽതോട് നവീകരണ പദ്ധതി

1198 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ആവിക്കൽതോട് നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി നടപ്പിലാകുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപടി സ്വീകരിക്കുമോ?

## മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ അശാസ്ത്രീയത

1199 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ അശാസ്ത്രീയത സംബന്ധിച്ച് സി.ഡബ്ല്യൂ.പി.ആർ.എസ് (സെൻടൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ) പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പാലയാട് തുരുത്തിപ്പാലം പ്രവൃത്തിയുടെ പുരോഗതി

1200 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം വഴി നടപ്പിലാക്കുന്ന പാലയാട് തുരുത്തിപ്പാലം പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

## കടലുണ്ടി കടവ് ബോട്ട് ജെട്ടി നവീകരണം

1201 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടത്തിയ നവകേരള സദസ്സിൽ കടലുണ്ടി കടവ് ബോട്ട് ജെട്ടി നീളം കൂട്ടി നിർമ്മിക്കുന്നതിന് നൽകിയ നിവേദനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കിയ 134 ലക്ഷം രൂപയുടെ (പ്രൈസ് ഐ.ഡി - 782/23) എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം

1202 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണതോതിൽ സജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം മത്സ്യത്തൊഴിലാളികൾ എന്തെല്ലാം പ്രശ്നങ്ങളാണ് നേരിടുന്നത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തുറമുഖം പൂർണ്ണതോതിൽ സജ്ജമാക്കാൻ എന്തൊക്കെ അടിസ്ഥാന ഭൗതിക സൗകര്യങ്ങളാണ് ആവശ്യമുള്ളത് എന്നറിയിക്കാമോ;

(ഡി) ഇത് ഒരുക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തുറമുഖം പൂർണ്ണതോതിൽ സജ്ജമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ, പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കുമോ?

## <u>കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ</u>

1203 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മാണം നടന്നു വരുന്ന റോഡ് പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## <u>മണലൂർ മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം</u>

1204 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വാടനപ്പള്ളിയിലെ വാർഡ് 8-ലെ തൃത്തല്ലൂർ ഹെൽത്ത് സെന്റർ റോഡ്, മേപ്രങ്ങാട്ട്-ഗണേശമംഗലം റോഡ് എന്നിവ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

## <u>കരുനാഗപ്പള്ളി മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നവീകരണം</u>

1205 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നവീകരിക്കുന്നതിനായി തുക അനുവദിച്ചിട്ടുള്ള റോഡുകളുടെ എണ്ണവും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഓരോ റോഡ് നവീകരണ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം

1206 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം നിർമ്മിക്കുന്നതിനായി കുണ്ടറ ടെക്നോപാർക്കിനോട് ചേർന്ന പത്തേക്കർ ഭൂമിയും കെട്ടിടത്തിനുള്ള തുകയും അനുവദിച്ചിട്ട് പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടാനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രം, കുണ്ടറ നിയോജക മണ്ഡലത്തിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥലത്ത് താൽക്കാലികമായി ആരംഭിക്കുന്നതിനായി ഫിഷറീസ് സർവകലാശാല അധികൃതർ കെട്ടിട പരിശോധന നടത്തിയതിനു ശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രം നിർമ്മിക്കുന്നതിനായി തീരുമാനിച്ചിട്ടുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം എത്രയാണെന്നും കെട്ടിടത്തിനുള്ളിൽ സജ്ജീകരിക്കുവാനായി തീരുമാനിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ.?

## ലളിതാംബിക സ്മാരക സാംസ്കാരിക സമുച്ചയം

1207 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച ലളിതാംബിക സ്മാരക സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനുള്ള അന്തിമാനുമതി നല്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പദ്ധതിയുടെ അടങ്കൽ തുക എത്രയെന്ന് അറിയിക്കാമോ; എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

## കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കാൻ നടപടി

1208 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ മികവ് തെളിയിച്ച കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതിനായി ആർക്കാണ് അപേക്ഷ നൽകേണ്ടത്; വിശദമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്ത് എത്ര പേർക്കാണ് കലാകാര പെൻഷൻ ലഭിച്ചു വരുന്നത്; വിശദമാക്കാമോ?

## മൾട്ടിപ്ലക്സ് തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി

1209 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥലം ലഭ്യമായ നിയോജക മണ്ഡലങ്ങളിൽ മൾട്ടിപ്ലക്സ്

തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആവശ്യമായ സ്ഥലമടക്കമുള്ളവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ എവിടെയൊക്കെയാണ് സർക്കാർ മൾട്ടിപ്ലക്സ് തിയേറ്ററുകൾ സ്ഥാപിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; മലപ്പുറം ജില്ലയിൽ എവിടെയൊക്കെയാണ് സർക്കാർ മൾട്ടിപ്ലക്സ് തീയേറ്ററുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സൗജന്യമായി സ്ഥലം ലഭ്യമാക്കിയാൽ മൾട്ടിപ്ലക്സ് തീയേറ്റർ സമുച്ചയം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ</u>

1210 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യവകുപ്പിന്റെ അനുമതിയില്ലാതിരുന്നിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ സാംസ്കാരിക, യുവജനക്ഷേമ വകുപ്പുകൾ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ ഇവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കുന്നു; വിശദാംശം നൽകാമോ?

## <u>കൃഷ്ണപുരം തോപ്പിൽ ഭാസി സ്മാരക ആഡിറ്റോറിയത്തിന്റെ നിർമ്മാണം</u>

1211 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം തോപ്പിൽ ഭാസി സ്മാരക ആഡിറ്റോറിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## <u>അബ്ദുറഹ്മാൻ സാഹിബ് സാംസ്കാരിക സമുച്ചയം</u>

1212 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദുറഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയാണ്; പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) സാംസ്കാരിക സമുച്ചയത്തിന് അര ഏക്കർ ഭൂമി കൂടി കൈമാറുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ നാലര ഏക്കറിൽ തന്നെ പദ്ധതി ആരംഭിക്കുവാൻ നിർദേശം നൽകുമോ;

(സി) മണ്ഡലത്തിൽ മോയിൻകുട്ടി വൈദ്യർ സ്മാരക സ്കൂൾ ഓഫ് മാപ്പിള ആർട്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിനായി

നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

**ആലപ്പുഴ മണ്ഡലത്തിലെ സാംസ്കാരികകാര്യ വകുപ്പ് പ്രവൃത്തികൾ**

1213 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ സാംസ്കാരികകാര്യ വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ സംഘടനകൾക്കാണ് സാംസ്കാരികകാര്യ വകുപ്പിൽ നിന്നും ഗ്രാന്റ് ഇനത്തിൽ ധനസഹായം നൽകിയിട്ടുള്ളതെന്ന് തുകയടക്കമുള്ള വിശദവിവരം ലഭ്യമാക്കാമോ?

**നാദാപുരത്തെ മോയിൻകുട്ടി മാപ്പിള കലാ അക്കാദമി ഉപകേന്ദ്രം**

1214 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി മോയിൻകുട്ടി മാപ്പിള കലാ അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രം, മിനി ഓഡിയോ വിഷ്വൽ തിയേറ്റർ എന്നിവ സ്ഥാപിക്കുന്നതിന് വകുപ്പ് അനുവദിച്ച 50 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പദ്ധതി പൂർത്തീകരിക്കുന്നതിനായി ബാക്കി തുക ലഭ്യമാക്കുവാൻ അക്കാദമി നൽകിയ നിവേദനത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

**മട്ടന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി**

1215 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?സ്ഥിതി ?

**കിളിമാനൂർ ആർട്ട് ഗ്യാലറിയുടെ അറ്റകുറ്റപണികൾ**

1216 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രവിവർമ്മ ചിത്രങ്ങളുടെ പ്രദർശനത്തിനായി കിളിമാനൂരിൽ ആരംഭിച്ച ആർട്ട് ഗ്യാലറിയുടെ അറ്റകുറ്റപണികൾക്ക് കാലതാമസം നേരിടുന്നത് ചിത്രാസ്വാദനത്തിന് തടസ്സം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അറ്റകുററപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## പയ്യന്നൂർ തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണം

1217 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പയ്യന്നൂർ തിയേറ്റർ കോംപ്ലക്സ് നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇന്റീരിയർ വർക്കുകളുടെയും സംമ്പ് ടാങ്ക് നിർമ്മാണത്തിന്റെയും ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## സിനിമാ വ്യവസായത്തിന്റെ വളർച്ചയ്ക്ക് സ്വീകരിച്ച നടപടികൾ

1218 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സിനിമ വ്യവസായത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 2016 മുതൽ പുതിയ സിനിമാശാലകൾ ആരംഭിക്കുന്നതിന് ചലച്ചിത്രവികസന കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; എവിടെയൊക്കെ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സിനിമയുടെ വിവിധ മേഖലകളിലേക്ക് പ്രവേശിക്കുന്ന യുവജനങ്ങളെ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പേരാമ്പ്രയിലെ മൾട്ടിപ്ലക്സ് തിയറ്ററിന്റെ നിർമ്മാണം

1219 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി. പേരാമ്പ്രയിൽ ആരംഭിക്കാനുദ്ദേശിച്ച മൾട്ടിപ്ലക്സ് തിയറ്ററിന്റെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) തീയറ്റർ നിർമ്മാണത്തിന് ഇറിഗേഷൻ വകുപ്പിൽ നിന്ന് അനുവദിച്ച സ്ഥലം കെ.എസ്.എഫ്.ഡി.സിയ്ക്ക് കൈമാറിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; സ്ഥലം ഏറ്റെടുക്കുന്നതിലെ പുരോഗതി വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ കലാകാരന്മാരുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയുടെ തുക

1220 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാകാരന്മാർക്ക് കേരള സംഗീത നാടക അക്കാദമി വഴി നൽകുന്ന ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയുടെ തുക കുറയ്ക്കാൻ തീരുമാനമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചികിത്സാചെലവുകൾ വർദ്ധിച്ചു വരുന്ന ഈ കാലത്ത് ഇപ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ വെട്ടിക്കുറയ്ക്കുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) 2023 വർഷത്തിൽ ഇപ്രകാരം എത്ര തുകയാണ് ഇൻഷ്വറൻസ് പ്രീമിയമായി അടച്ചതെന്നും ആയത് എത്ര ഗുണഭോക്താക്കൾക്കു വേണ്ടിയായിരുന്നുവെന്നും അറിയിക്കാമോ; 2024 വർഷത്തിൽ എത്ര ഗുണഭോക്താക്കൾക്ക് എന്തു തുക പ്രീമിയമായി അടച്ചുവെന്നും വ്യക്തമാക്കുമോ?

**യുവജനങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ**

1221 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനകാര്യ വകുപ്പ് മുഖാന്തരം യുവജനങ്ങൾക്കായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

അംഗീകരിച്ച തീയതി: 05-06-2024
ഷാജി സി. ബേബി,
സെക്രട്ടറി ഇൻ ചാർജ്

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].